# കരയോഗ സൗഹൃദം

സത്യം പരം ധീമഹി

Rs. 6

മാസിക : എറണാകുളം കരയോഗത്തിന്റെ മുഖപത്രം

Pages 52

വാല്യം - 16 ലക്കം - 3 കുംഭം - 1199 മാർച്ച് 2024



## എറണാകുളം കരയോഗം കഥകളി ക്ലബ്ബിന്റെ 66-ാം വാർഷികവും 29-ാമത് കഥകളി അവാർഡുദാനവും











*ശ്രീ. കലാനിലയം ഗോപാലകൃഷ്ണൻ, ശ്രീ. കലാമണ്ഡലം ജയപ്രകാശ്, ശ്രീ. കലാമണ്ഡലം ബാലസുന്ദരൻ, ശ്രീ. ബിജു ആറ്റുപുറം, ശ്രീ. ചിങ്ങോലി പുരുഷോത്തമൻ, ശ്രീ. നെടുമുടി മധുസൂദന പണിക്കർ, ശ്രീമതി. ദീപ പാലനാട് എന്നിവർക്ക്* **ബഹു. ജസ്റ്റിസ് പി. ഗോപിനാഥ്** *(കേരള ഹൈക്കോടതി) അവാർഡുകൾ സമ്മാനിച്ചു.*



## എഡിറ്റോറിയൽ

# വളരുന്ന കൊച്ചി

**കൊച്ചി** വളരുകയാണ്. അനുദിനം വളർന്നുകൊണ്ടേയിരിക്കുകയാണ്. എ.ഡി. 1431 ൽ പെരിയാറിലുണ്ടായ പ്രളയത്തോടു കൂടി, പ്രകൃതിനിർമ്മിച്ച തുറമുഖം പ്രവർത്തനം തുടങ്ങിയതോടുകൂടി തുടങ്ങിയതാണ് കൊച്ചിയുടെ വളർച്ച. ഏത് കാലാവസ്ഥയിലും കപ്പലുകൾക്ക് നങ്കൂരമിടാൻ പറ്റിയ തുറമുഖം. കടലും കായലും കരയും സമ്മേളിക്കുന്ന അതിമനോഹരമായ പ്രദേശം.

അനുദിനം വളർന്നുകൊണ്ടിരിക്കുന്ന കൊച്ചിയുടെ വളർച്ച അതിദ്രുതമാക്കുവാൻ പര്യാപ്തമായിരുന്നു ദക്ഷിണനാവിക കമാൻഡിന്റെ വികസനവും കൊച്ചിൻഷിപ്പ്യാർഡിന്റെയും പിറവിയും വളർച്ചയുമെല്ലാം ഇങ്ങനെ ഏതാണ്ട് കഴിഞ്ഞ് നൂറ്റാണ്ടിൽ തന്നെ കൊച്ചി തിരക്കുള്ള ഒരു നഗരമായി മാറികഴിഞ്ഞിരുന്നു.

എന്നാൽ 2024 ജനുവരി 17ന് നമ്മുടെ ആരാധ്യനായ പ്രധാനമന്ത്രി ശ്രീ നരേന്ദ്ര മോദി ഉത്ഘാടനം ചെയ്ത പുതിയ മൂന്ന് ബ്രഹത്പദ്ധതികളോടുകൂടി കൊച്ചിയുടെ വളർച്ച നമ്മുടെയൊക്കെ ചിന്തകൾക്കും ഭാവനകൾക്കും അപ്പുറത്തേയ്ക്കു പറന്നുയരുകയാണ്. 4000 കോടി രൂപയുടെ വികസനപദ്ധതികളാണ് ജനുവരി 17-ാം തീയതി അദ്ദേഹം രാഷ്ട്രത്തിനായി സമർപ്പിച്ചത്. ഇതിൽ ആദ്യത്തേത് ഇന്റർനാഷണൽ ഷിപ്പ് റിപ്പയർ ഫെസിലിറ്റിയും (ISRF) രണ്ടാമത്തേത് ലോകത്തിലെ ആദ്യത്തെ സ്റ്റെപ്പ്ഡ് ഡ്രൈഡോക്കും മൂന്നാമത്തേത് ഇന്ത്യൻ ഒയിലിന്റെ എൽപിജി ഇറക്കുമതി ടെർമിനലുമാണ്. ഇതിൽ ആദ്യത്തെ രണ്ടു പദ്ധതികളിലൂടെ തന്നെ ഏതാണ്ട് 4000 പുതിയ തൊഴിലവസരങ്ങളാണ് സൃഷ്ടിക്കപ്പെടുന്നത്. ഈ ഓരോ സംരംഭങ്ങളുടെ പ്രാധാന്യത്തെക്കുറിച്ചും സവിശേഷതകളെക്കുറിച്ചും പഠിച്ചാൽ നമുക്ക് മനസ്സിലാകും കൊച്ചിയുടെ ഭാവി എത്ര മഹ

# ഉള്ളടക്കം

വാല്യം 16 | ലക്കം 3 | മാർച്ച് 2024


| | |
|---|---|
| എഡിറ്റോറിയൽ | 3 |
| സെക്രട്ടറിയുടെ പംക്തി | 5 |
| ബാലലോകം | 7 |
| വാസ്തു. | 8 |
| ക്ഷേത്രങ്ങളിലൂടെ. | 9 |
| ആട്ടക്കഥയും നളചരിതവും | 14 |
| ചട്ടമ്പിസ്വാമിതിരുവടികൾ 12 | 16 |
| പഞ്ചാക്ഷരീ സ്തോത്രമാഹാത്മ്യം | 18 |
| ആഗോളതാപനം വീണ്ടും ആശങ്കാജനകം | 24 |
| *ദൃക്ക്ദൃശ്യ വിവേകം*( *10* ) | 27 |
| കാൻസർ രോഗം | 32 |
| രോഗങ്ങൾ കാണാമറയത്ത് | 37 |
| വേദവ്യാസന്റെ സ്ത്രീ കഥാപാത്രങ്ങൾ | 43 |
| അസ്ക്കറിലെ സന്യാസികൾ | 45 |
| മാസഫലം | 48 |
| മാട്രിമോണിയൽ. | 49 |


## പത്രാധിപസമിതി


**ആലപ്പാട്ട് മുരളീധരൻ**
(മാനേജിംഗ് എഡിറ്റർ)

**എം. ശ്രീവല്ലഭൻ നായർ**
(എഡിറ്റർ)

**പി. രാമചന്ദ്രൻ (വേണു)**

**കെ.ടി. മോഹനൻ**

ത്തരമാണ് എന്നുള്ളത്. ഇന്റർനാഷണൽ ഷിപ്പ് റിപ്പയർ ഫെസിലിറ്റിയ്ക്ക് തുടക്കം കുറിച്ച കൊച്ചിൻ ഷിപ്പ്യാർഡ് ദക്ഷിണേഷ്യയിലെ ഏറ്റവും വലിയ കപ്പൽ നിർമ്മാണശാലയും കപ്പൽ അററകുറ്റപണിശാലയുമായി മാറുകയാണ്. ഇതോടുകൂടി കൊച്ചി നമ്മുടെ രാഷ്ട്രത്തിന്റെ പ്രധാന നാവിക കേന്ദ്രമായും മാറുകയാണ്. കൊച്ചി, കൊളംബോ, ബഹ്റൈൻ, ദുബായ്, സിംഗപ്പൂർ എന്നിവർക്കൊപ്പം ഉന്നത നിലവാരമുള്ള കപ്പൽ റിപ്പയർ കേന്ദ്രമായി മാറുകയാണ്. ഇന്റർനാഷണൽ സീറുട്ടിനടുത്തു കിടക്കുന്ന കൊച്ചിയിൽ സ്ഥിതി ചെയ്യുന്ന ISRF ലേയ്ക്ക് നമ്മുടേയും മറ്റ് രാജ്യങ്ങളിലേയും വലിയ കപ്പലുകൾ റിപ്പയർ ചെയ്യുവാനും മെൻെറനൻസിനും മറ്റുമായി എത്തുമ്പോൾ എന്തെല്ലാം തരത്തിലുള്ള അനുബന്ധ വ്യാവസായിക വളർച്ചയാണ് ഉണ്ടാകുവാൻ പോകുന്നത് എന്ന് നമുക്ക് ഊഹിക്കാവുന്നതേയുള്ളൂ. വിദേശകപ്പലുകളുടെ വരവോടുകൂടി രാജ്യത്തേയ്ക്ക് വിദേശനാണ്യത്തിന്റെ വരവും വർദ്ധിക്കും. ഇത് നമ്മുടെ രാജ്യത്തിന്റെ സാമ്പത്തികവളർച്ചയെ ഒട്ടൊന്നുമല്ല സഹായിക്കുവാൻ പോകുന്നത്. ഇതുകൊണ്ട് പൊതുവേ കൊച്ചിയുടെയും വിശിഷ്യാ കൊച്ചിയുടെ ഹൃദയഭാഗമായ എറണാകുളത്തിന്റെയും ഭാവി ശോഭനമാക്കപ്പെടുകയാണ്.

അതുപോലെ ലോകത്തെ ആദ്യത്തെ സ്റ്റ്പ്പ്ഡ് ഡ്രൈഡോക്കും ഇവിടെ ഉത്ഘാടനം ചെയ്യപ്പെട്ടിരിക്കുകയാണ്. ഇത് രാജ്യത്തെ ഏറ്റവും വലിയ ഡ്രൗഡോക്കുമാണ്. അതുകൊണ്ടു തന്നെ ഇതുവരെ റിപ്പയറിങ്ങനും മെന്റനൻസിനുമായി പുറം രാജ്യങ്ങളെ ആശ്രയിച്ചിരുന്ന നമ്മുടെ എല്ലാ വലിയ കപ്പലുകളും ഇനി കൊച്ചിയിലേക്കാണ് വരിക. വലിയ വിമാന വാഹിനി കപ്പലുകൾ, എൽ എൻജികാരികയറുകൾ കൂറ്റൻ ഡ്രഡ്ജറുകൽ തുടങ്ങി എല്ലാ വലിയ കപ്പലുകളും ഇവിടെ കൈകാര്യം ചെയ്യാൻ സാധിക്കും ചിന്തിക്കുക വിദേശനാണ്യലാഭം എത്രയായിരിക്കും. ഇതോടനുബന്ധിച്ചുള്ള അനുബന്ധ വ്യവസായങ്ങളും താമസസൗകര്യങ്ങളും, ഹോട്ടലുകളും എല്ലാം എറണാകുളത്ത് ഉണ്ടായേ മതിയാവൂ. കൊച്ചി മുനിസപ്പൽ കോർപ്പറേഷനും മാറുന്ന കൊച്ചിയുടെ മുഖഛായക്കനുസരിച്ച് പ്രവർത്തനങ്ങൾ വിപുലീകരിക്കുകയും ആധുനികവത്ക്കരിക്കുകയും ചെയ്യേണ്ടിരിയിക്കുന്നു. വൈദ്യുതി വിതരണവും കുടിവെള്ള വിതരണവും സ്യൂവേജ് സിസ്റ്റവും ആധുനിക രീതിയിൽ അടിയന്തിരമായി മാറ്റേണ്ടതുണ്ട്. സ്യൂവേജ് സിസ്റ്റം എറണാകുളത്ത് മുഴുവനും നടപ്പാക്കാൻ ഇനിയും വൈകിയാൽ അതിന്റെ ഫലം കൊച്ചിയുടെ വളർച്ചയെ പ്രതികൂലമായി ബാധിക്കും എന്നുള്ളതാണ്. നമ്മുടെ കോർപ്പറേഷൻ ഉണർന്ന് പ്രവർത്തിക്കേണ്ട സമയമാണിത്. ഇതിനായി ജാതി മത കക്ഷി രാഷ്ട്രീയ വൈരങ്ങളെല്ലാം മറന്ന് നഗരവാസികൾ ഒന്നായി രംഗത്തിറങ്ങേണ്ട അവസരവുമാണിത്-നഗരസഭയോട് സഹകരിച്ച് സഹായിക്കാൻ. പിന്നെ വേണ്ടത് കുടിവെള്ളമാണ്. ഈ പദ്ധതികളെല്ലാം പ്രാബല്യത്തിലായി കഴിയുമ്പൾ ഇപ്പോഴത്ത്തിന്റെ ഇരട്ടിയെങ്കിലുമാകും എറണാകുളത്തെ ജലഉപഭോഗം. ഇപ്പോൾ തന്നെ സിറ്റിയുടെ പല ഭാഗങ്ങളിലും ഒന്നിടവിട്ട ദിവസങ്ങളിൽ മാത്രമാണ് ജലവിതരണം ഉള്ളത്. അപ്പോൾ ഉപഭോഗം ഇന്നത്തേതിൽ നിന്നും ഏതാണ്ട് ഇരട്ടിയോളം വർദ്ധിക്കുമ്പോൾ എന്തായിരിക്കും ജലലഭ്യത. എങ്ങനെ വർദ്ധിച്ചുവരുന്ന ആവശ്യം നേരിടണം എന്ന് ഇപ്പോഴെ വാട്ടർ അതോറിററ്റി ചിന്തിക്കണം. ഇന്നത്തെ ഒന്നിടവിട്ട് വിതരണം മാറ്റി ദിവസവും ജലവിതരണം ഉറപ്പാക്കേണ്ടതുണ്ട്. മൂന്നാമത്തെ സംരംഭം ഇന്ത്യൻ ഓയിലിന്റെ എൽ പി ജി ഇറക്കുമതി ടെർമിനലാണ് കേരളത്തിലേയും തമിഴ് നാട്ടിലേയും ബോട്ടിലിങ്ങ് പ്ലാന്റുകൾക്ക് വേണ്ട എൽ പി ജി പുതുവൈപ്പിനിൽ സ്ഥാപിതമായിരിക്കുന്ന ഈ ടെർമിനലിൽ ഇറക്കി അവിടെ നിന്നായിരിക്കും. ഇനി വിതരണം ചെയ്യുക. ഇതു വഴി പ്രതിവർഷം 19800 തൊഴിൽ ദിനങ്ങളാണ് സൃഷ്ടിക്കപ്പെടാൻ പോകുന്നത്. എൽ.പി.ജി. വ്യാപകമായി ഉപയോഗിക്കുന്നതോടുകൂടി പ്രതിവർഷം 18000 ടൺ കാർബൺഡൈയോക്സൈഡ് പുറന്തള്ളൽ കുറയ്ക്കുവാനും കഴിയും. അത് മനുഷ്യനും പ്രകൃതിക്കും എത്രകണ്ട് ആശ്വാസകരമായിരിക്കും എന്ന് ചിന്തിക്കുക.

എല്ലാ തരത്തിലും നമ്മെ സംബന്ധിച്ച് നന്മയുടെ നല്ല നാളുകൾ അണയുകയാണ്. നമുക്കും സന്തോഷത്തോടെ ഒപ്പം മുന്നേറാം.

ശുഭപ്രതിക്ഷയോടെ

ജയ്ഹിന്ദ്

*****



# ജനറൽ സെക്രട്ടറിയുടെ പംക്തി

പി. രാമചന്ദ്രൻ (വേണു)

പ്രിയ കരയോഗാംഗങ്ങളെ,

**എ**റണാകുളം കരയോഗത്തിന്റെ 2023-24 സാമ്പത്തീക വർഷം മാർച്ച് 31 നോടുകൂടി അവസാനിക്കുകയാണ്. കഴിഞ്ഞ കൊല്ലത്തെ പ്രവർത്തനങ്ങും പദ്ധതികളും പരിപാടികളും 90 ശതമാനവും പൂർത്തിയാക്കുവാൻ കഴിഞ്ഞിട്ടുണ്ട്. കരയോഗത്തെ സംബന്ധിച്ച് വരും ദിവസങ്ങളും വർഷവും വളരെ പ്രാധാന്യം ഉള്ളതാണ് എന്ന് അറിയാവുന്നതാണല്ലോ. ഏപ്രിൽ മുതൽ 2024- 25 ലേയ്ക്കുള്ള കാര്യപരിപാടികൾ ആസൂത്രണം ചെയ്യേണ്ടതായിട്ടുണ്ട്. അതിനുള്ള ശ്രമങ്ങൾ ആരംഭിക്കുയാണ്.

എറണാകുളം കരയോഗം എന്ന സാംസ്ക്കാരിക സാമൂഹിക സംഘടനയിൽ 4000-ൽ അധികം അംഗങ്ങളും അവരുടെ ബന്ധുക്കളായി അതിന്റെ അഞ്ചിരട്ടി അംഗങ്ങളും ഉള്ള ഈ മഹാപ്രസ്ഥാനത്തിനു ദൈന്യംദിന പരിപാടികളിൽ അംഗങ്ങളുടേയും അവരുടെ ബന്ധുജനങ്ങയുടെയും സാന്നിദ്ധ്യം വളരെ കുറവാണ് എന്ന് പലപ്പോഴായി ഈ പംക്തിയിലൂടെയും മറ്റും പ്രതിപാദിച്ചിട്ടുള്ളതാണ്. ഒരു പ്രസ്ഥാനത്തിന്റെ ശക്തി എന്നത് അതിലെ അംഗങ്ങളാണ്. ആയതുകൊണ്ട് അംഗങ്ങളുടെ സാന്നിദ്ധ്യം വിലപ്പെട്ടതുമാണ്. ഈ പ്രസ്ഥാനത്തിനു വേണ്ടി പല പരിപാടികളും പദ്ധതികളും തയ്യാറാക്കുമ്പോൾ അതിൽ നിങ്ങളുടെ പൂർണ്ണമായ സാന്നിദ്ധ്യവും സഹകരണവും ഉറപ്പുവരുത്തിയാൽ മാത്രമേ പ്രസ്ഥാനം വിജയിക്കുകയുള്ളൂ എന്നത് ഒരു വസ്തുതയാണ്. അടുത്ത വർഷം ധാരാളം പരിപാടികളും പദ്ധതികളും ആസൂത്രണം ചെയ്ത് നടപ്പിലാക്കുവാൻ ചിന്തിക്കുമ്പോൾ തന്നെ അംഗങ്ങളായ നിങ്ങൾ ഓരോരുത്തരുടേയും മുൻകാല സഹകരണവും പ്രസ്ഥാനത്തിന്റെ ഒപ്പം നിൽക്കുന്നവരുടെ മുഖവുമാണ് ഞങ്ങളെപോലെയുള്ള സംഘാടകരുടെ മുന്നിൽ തെളിയുന്നത്. ആയതുകൊണ്ട് ഒരിക്കൽ കൂടി വിനീതമായി നിങ്ങൾ ഓരോരുത്തരോടുമായി അഭ്യർത്ഥിക്കുയാണ് എറണാകുളം കരയോഗത്തിന്റെ എല്ലാ പരിപാടികളിലും നിങ്ങളുടെ സാന്നിദ്ധ്യവും സഹകരണവും ഉറപ്പുവരുത്തുവാൻ സൻമനസ്സ് കാണിക്കണമെന്ന്.

എറണാകുളം കരയോഗം 37-ാമത് ശ്രീമദ് ഭാഗവത സപ്താഹയഞ്ജം വിദ്യാവാചസ്പതി ജ്ഞാനഹംസം ബ്രഹ്മശ്രീ കിഴക്കുമ്പാട്ട് വിനോദകുമാരശർമ്മ ആചാര്യനായി 2024 ഫെബ്രുവരി 18 മുതൽ 25 വരെ ടി.ഡി.എം ഹാളിൽ ഭംഗിയായി നടത്തുവാൻ കഴിഞ്ഞു.

എറണാകുളം കരയോഗം കഥകളി ക്ലബിന്റെ 66-ാമത് വാർഷിക ആഘോഷവും 29-ാമത് കഥകളി പുരസ്ക്കാരവും ഫെബ്രുവരി 27നി ടി.ഡി.എം. ഹാളിൽ വെച്ച് നടത്തപ്പെട്ടു. ചടങ്ങിൽ ബഹു: ജസ്റ്റിസ് പി. ഗോപിനാഥ് കേരള ഹൈക്കോടതി പുരസ്ക്കാരങ്ങൾ സമ്മാനിച്ചു. തുടർന്ന് മേജർ സെറ്റ് കഥകളി നളചരിതം ഒന്നാം ദിവസം അവതരിപ്പിച്ചു.

എറണാകുളം കരയോഗത്തിന്റെ ഹെറിറ്റേജ് കമ്മിറ്റിയുടെ പ്രതിമാസ ചർച്ച, മാർച്ച് പതിനാറാം തീയതി വൈകീട്ട് നാലു മണി

മുതൽ ആറു മണി വരെ ടിഡിഎം ഹാളിൽ നടത്തുന്നു. ആർപ്പോ (ARPO=Archival and Research Organisation) എന്ന സംഘടനയുടെ കോഫൗണ്ടർ ശ്രീ ശ്രുതിൻലാൽ, പാരമ്പര്യസംരക്ഷണം എന്ന വിഷയത്തെ കുറിച്ച് സംസാരിക്കുന്നു.

എറണാകുളം കരയോഗം സാഹിതി യോഗത്തിന്റെ 2024 മാർച്ച് മാസത്തെ പരിപാടി 17 ഞായറാഴ്ച രാവിലെ 10 മണി. വിഷയം: കടമ്മനിട്ട കവിതയുടെ ജനകീയനാദം അവതരണം: ശ്രീ. പി. ഹരിഹര നന്ദനൻ.

എറണാകുളം കരയോഗം സാംസ്കാരിക വേദിയുടെ ആഭിമുഖ്യത്തിൽ അകായിലെ സംഗീതം 17-03-2024 വൈകിട്ട് 4 മണിക്ക് ടി.ഡി.എം. ഹാളിൽ ഒ.എൻ.വി കുറുപ്പിന്റെ പാട്ടുകൾ. ഏവർക്കും സ്വാഗതം.

എറണാകുളം കരയോഗവും ബീമും സംയുക്തമായി സംഘടിപ്പിക്കുന്ന പ്രതിമാസ പരിപാടിയിൽ 'സൈ്വരിത പ്രയാണം' നാടകം അവതരണം നാടക സൗഹൃദം തൃശ്ശൂർ 27 - 03 - 2024 ബുധനാഴ്ച വൈകുന്നേരം 6.30ന് ടി.ഡി.എം. ഹാളിൽ ഏവർക്കും സ്വാഗതം.

കരയോഗത്തിന്റെ എല്ലാ പ്രവർത്തനങ്ങളിലും നിങ്ങളുടെ വിലയേറിയ നിർദ്ദേശങ്ങളും ഉപദേശങ്ങളും സഹകരണവും ഉണ്ടാവണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട്,

ജനറൽ സെക്രട്ടറി

*****


**STATEMENT ABOUT OWNERSHIP AND OTHER PARTICULARS OF THE MAGAZINE**
**KARAYOGA SOUHRIDAM**
**ENGLISH/MALAYALAM, FORM IV (SEE RULE 8)**

| | | |
|---|---|---|
| 1. PLACE OF PUBLICATION | : | ERNAKULAM |
| 2. PERIODICITY OF PUBLICATION | : | MONTHLY |
| 3. PRINTER'S NAME | : | M.SREEVALLABHAN NAIR |
| NATIONALITY | : | INDIAN |
| ADDRESS | : | C/O ERNAKULAM KARAYOGAM<br>D.H.ROAD, KOCHI-682016 |
| 4. PUBLISHER'S NAME | : | M.SREEVALLABHAN NAIR |
| NATIONALITY | : | INDIAN |
| ADDRESS | : | C/O ERNAKULAM KARAYOGAM<br>D.H.ROAD, KOCHI-682016 |
| 5. EDITOR'S NAME | : | M. SREEVALLABHAN NAIR |
| NAME&ADDRESS | : | C/O ERNAKULAM KARAYOGAM<br>D.H.ROAD, KOCHI-682016 |
| 6. NAME&ADDRESS OF INDIVIDUALS WHO OWN THE NEWS PAPER AND PARTNERS OR SHAREHOLDERS HOLDING MORE THAN ONE PERCENT OF THE TOTAL CAPITAL | : | ERNAKULAM KARAYOGAM<br>D.H.ROAD, KOCHI-16 |

I, M. SREEVALLABHAN NAIR HEREBY DECLARE THAT THE PARTICULARS GIVEN ABOVE ARE TRUE TO THE BEST OF MY KNOWLEDGE AND BELIEF.

DATE: 1. 3. 2024

M. SREEVALLABHAN NAIR
(S/D-)



# ബാലലോകം

പറവൂർ രാജഗോപാൽ (ഫോൺ: 9847291483)

## അറിവ് എന്ന വിവേകം

പ്രിയപ്പെട്ട കൂട്ടുകാരെ

ഒരു കഥ പറയട്ടെ-

ഒരു രാജാവുണ്ടായിരുന്നു. ധർമ്മം അനുസരിച്ച് രാജ്യം ഭരിച്ചിരുന്ന രാജാവ്. പ്രജകളെല്ലാം അദ്ദേഹത്തിന് സ്വന്തം സന്താനങ്ങളെപ്പോലെയായിരുന്നു. അവർക്കെല്ലാം അദ്ദേഹം സ്നേഹം വാരിക്കോരി കൊടുത്തു. അവരെയെല്ലാം ഒരു പോ ലെ കണ്ട് സംരക്ഷിക്കുകയും ചെയ്തു.

പ്രജകൾക്ക് രാജാവ് ഈശ്വരതുല്യനായിരുന്നു. സദ്ഗുണസമ്പന്നനായ അദ്ദേഹത്തെ അവർ അത്യന്തം സ്നേഹിക്കുകയും അത്ര കണ്ട് ഇഷ്ടപ്പെടുകയും ചെയ്തിരുന്നു.

രാജാവിന്റെ കീർത്തി സകലദിക്കുകളിലും ചെന്നെത്തി. അയൽ രാജ്യങ്ങളിലെ രാജാക്കന്മാർ അദ്ദേഹത്തെപ്പറ്റി കേട്ടറിഞ്ഞ് അസൂയാലുക്കളായി. സദാസന്തുഷ്ടനായി കാണപ്പെട്ടിരുന്ന രാജാവിനെ എങ്ങനെയും ദുഷ്ക്കീർത്തിക്കിരയാക്കാൻ അവർ തക്കം പാർത്തു. പല പദ്ധതികളും ആലോചിച്ച് ആസൂത്രണം ചെയ്തു. പക്ഷേ അത്തരം പദ്ധതികൾ കൊണ്ടൊന്നും രാജാവിനെ അപകീ ർത്തിപ്പെടുത്താൻ അവർക്ക് ആയില്ല.

ഒടുവിൽ അവർ രാജാവിന്റെ മന്ത്രിയെ പാട്ടിലാക്കാൻ തീരുമാനിച്ചു. പലതും പറഞ്ഞ് അടുത്തുകൂടിയെങ്കിലും മന്ത്രി ഒന്നിനും നിൽക്കാതെ അകന്നുമാറി. അയൽരാജാക്കന്മാരും അവരുടെ മന്ത്രിമാരും ഒത്തൊരുമിച്ച് മന്ത്രിയെ പക്ഷം ചേർക്കാൻ പിന്നെയും വഴികൾ നോക്കി.

പണം കൊടുത്തും, സ്ഥാനമാനങ്ങൾ നൽകിയും ഒടുവിൽ അവൾ മന്ത്രിയെ സ്വാധീനിച്ചുവശത്താക്കി.

പെട്ടെന്നൊരുനാൾ, മന്ത്രിയുടെ സഹായത്തോടെ അവർ രാജാവിന്റെ ക്ഷേമരാജ്യം ആക്രമിച്ച് കീഴ്പ്പെടുത്തി. രാജാവിനെ അവർ സ്ഥാനഭ്രഷ്ടനാക്കി തുറുങ്കിലടച്ചു. ഒരു പരിഗണനയും നൽകാതെ, വെറും തടവുപുള്ളിയെപ്പോലെ പാർപ്പിച്ചു. കഴിക്കാൻ നല്ല ഭക്ഷണമോ ഉടുത്തുമാറാൻ നല്ല വസ്ത്രങ്ങളോ നൽകിയില്ല.

എന്തിനേറെ, കാണുമ്പോൾ ഒരു നല്ല വാക്കോ, പുഞ്ചിരിയോ കൊണ്ടുപോലും അവരാരും അദ്ദേഹത്തോടു കനിവു കാട്ടിയില്ല. കാണുന്ന മാത്രയിൽ അവജ്ഞയോടെ, പുച്ഛരസത്തിൽ പിറുപിറുക്കുകമാത്രം ചെയ്തു.

രാജാവിനെ മാനസികമായി തകർക്കുക എന്നായിരുന്നു അവർക്കെല്ലാമുണ്ടായിരുന്ന ഗൂഢലക്ഷ്യം.

എങ്കിലും രാജാവ് യാതൊരു മനപ്രയാസവുമില്ലാതെ സദാസുഖിയായും സന്തോഷവാനായും തന്നെ കാണപ്പെട്ടു.

ശത്രുരാജാക്കന്മാർക്ക് ഇതുകണ്ട് നിരാശയായി. രാജാവിന്റെ കൂസലില്ലാത്ത പ്രകൃതം കണ്ട അവർക്ക് അത്ഭുതവും തോന്നാതിരുന്നില്ല.

അവർ അദ്ദേഹത്തൊടു ചോദിച്ചു.

അധികാരവും സമ്പത്തും സുഖലോലുപതയും നഷ്ടമായിട്ടും, തടവിൽ കിടന്നിട്ടും അതൊന്നും നിങ്ങളെ അൽപം പോലും ബാധിക്കാത്തതെന്താണ്

രാജാവ് ചിരിച്ചുകൊണ്ട് പറഞ്ഞു.

യുദ്ധത്തിൽ തോൽപ്പിക്കാനും തടവിലാക്കാനും, സമ്പത്തും മറ്റുമൊക്കെ കൈവശപ്പടുത്താനുമേ നിങ്ങൾക്കാവൂ. എന്നാൽ എന്റെ മനസന്തോഷം ഇല്ലാതാക്കാൻ കഴിയില്ല. ഞാൻ ദുഖം പൂണ്ടിരിക്കണോ സന്തോഷിച്ചിരിക്കണോ എന്നത് എന്റെ തീരുമാനം പോലെയാണ്. എന്റെ സ്വാതന്ത്ര്യമാണത്. അതിൽ നിങ്ങൾക്കൊന്നും ചെയ്യാനാവില്ല.

ശത്രുരാജാക്കന്മാർ തങ്ങളുടെ ഉദ്യമം പരാജയമായിരുന്നു എന്ന് തിരിച്ചറിഞ്ഞ് ആ രാജാവിനു മുന്നിൽ തല കുനിച്ചു.

എല്ലാദുഖങ്ങളേയും നിസ്സാരമാക്കാൻ സഹായിക്കുന്ന ഉത്തമമായ അറിവ് നേടിയ ഒരാളെ മാനസികമായി തോൽപ്പിക്കാൻ ഒരു ശത്രുപക്ഷത്തിനും കഴിയില്ല. അയാൾ തന്റെ യഥാർത്ഥസ്വരൂപം എന്തെന്നും ലോകത്തിന്റെ സ്വഭാവമെന്തെന്നും അറിവു നേടിയിട്ടുള്ളവനാകുന്നു.

കൂട്ടുകാരേ, നിങ്ങളും ഈ കഥയിലെ രാജാവിനെ പോലെ ഉൾക്കരുത്തുള്ളവരായി വളർന്നു വരിക. ലോകസ്വഭാവം തിരിച്ചറിഞ്ഞ്, നിങ്ങളിലെ യഥാർത്ഥ സ്വരൂപത്തിന് മേന്മ കൂട്ടുക. ആരെങ്കിലും എന്തെങ്കിലും പറയുന്നതുകേട്ട്, ദുഖിച്ചിരിക്കാതെ, പ്രതീക്ഷ കൈവിടാതെ, ലക്ഷ്യം നോക്കി മുന്നോട്ടുതന്നെ യാത്ര ചെയ്യുക. എല്ലാ വിജയവും നിങ്ങൾക്കായിരിക്കട്ടെ.

*****



# വാസ്തുശാസ്ത്രം

ശ്രീ. പ്രഭാകരമേനോൻ പര്യാടത്ത്, റിട്ടയേർഡ്
എഞ്ചിനീയർ, വാസ്തു വിദ്ഗദ്ധൻ
(ഫോൺ: 9447032434)

## പണിക്കാരും വാസ്തുവും

ഇന്നലെ പോയ ഒരു വീട്ടിൽ പണിക്കു വന്ന ആളുകൾ ആശയക്കുഴപ്പം ഉണ്ടാക്കുന്നതായി അറിഞ്ഞു. വീടിന്റെ മുഖം തെക്കൊട്ടാണ്. റോഡും തെക്കുവശത്താണ്. വീടിന്റെ പ്രധാനവാതിൽ തെക്കോട്ടാണ്. വീട്ടിലേക്ക് കയറുന്ന ചവിട്ടുപടിയും പ്രധാന വാതിലിനു നേരെ തെക്കു നിന്നാണ്. തറ പണിയാൻ വന്ന ആളും, കോൺട്രാക്ടറും തെക്കോട്ട് ഇറങ്ങുന്നത് ശരിയല്ല എന്നു പറഞ്ഞ് പടികൾ കിഴക്കോട്ടാക്കി മാറ്റി. പ്ലാനിൽ വ്യത്യാസം വരുത്തുവാൻ ആർക്കും അധികാരമില്ല എന്ന് കോൺട്രാക്ട് കൊടുക്കുമ്പോൾ എഴുതി ചേർത്തിട്ടുള്ളതുകൊണ്ട് കോൺട്രാക്ടർ സ്വന്തം ചിലവിൽ പൊളിച്ച് തെക്കോട്ടാക്കി.

തറക്കുമുകളിൽ പണിയാൻ വന്ന കോൺക്രീറ്റ് പണിക്കാരുടെ അഭിപ്രായത്തിൽ വീട്ടിലേക്കു കയറുന്ന ചവിട്ടു പടികൾ ഇരട്ടയായിരിക്കണം. ഇവിടെ മൂന്നു ചവിട്ടുപടികളാണ് കൊടുത്തിട്ടുള്ളത്. അതു പോലെ തന്നെ മുകളിലേക്കുള്ള ചവിട്ടു പടികൾ Anticlock wise ആണ് പ്ലാനിൽ കൊടുത്തിരിക്കുന്നത്. കിഴക്കു നിന്നും പടിഞ്ഞാറോട്ടു കയറി പിന്നെ തെക്കോട്ടാണ് കയറുന്നത്. Anticlock-wise മാറ്റി clockwise ആക്കണമെന്ന് കോൺട്രാക്ടറുടെ supervisar ക്ക് നിർബ്ബന്ധം.

അതുപോലെ തന്നെ toilet പണിക്കു പ്ലംബർ വന്നപ്പോൾ closte തെക്കോട്ടും, വടക്കോട്ടും മാത്രമേ വയ്ക്കാൻ പാടുള്ളൂ എന്ന് പ്ലംബറുടെ നിർബ്ബന്ധം. Interior Decorater വന്നപ്പോൾ കിടപ്പുമുറിയിൽ കട്ടിൽ തെക്കോട്ടു തലവച്ച് കിടക്കുന്നത് ശരിയല്ലെന്ന് അയാളുടെ അഭിപ്രായം. കൂടാതെ അടുക്കളയിൽ അടുപ്പ് വടക്കോട്ടു തിരിഞ്ഞ് കത്തിക്കണം. കാരണം കിഴക്കോട്ടു തിരിഞ്ഞാൽ ചിമ്മിനി വയ്ക്കാൻ പറ്റില്ല. പണിക്കു വരുന്ന ഓരോരുത്തരും പറയുന്നതനുസരിച്ച് മാറ്റം വരുത്തുന്ന പക്ഷം Architect ന്റെ ആവശ്യം തന്നെ ഇല്ല എന്നു തോന്നും.

വീടിന്റെ പ്ലാൻ ഉണ്ടാക്കുമ്പോൾത്തന്നെ Architect ആദ്യംതന്നെ Rough plan ഉണ്ടാക്കിയ ശേഷം നല്ലതു പോലെ വസ്തുനോക്കി Finalise ചെയ്ത പ്ലാനാണ്. തെക്കു റോഡും തെക്കോട്ടു മുഖമുള്ള വീടിന് പ്രധാനവാതിലും, ചവിട്ടുപടിയും തെക്കോട്ടു തന്നെ വേണം. മുകളിലേക്ക് കയറുന്ന staircase clockwise ആയാലും Anticlockwise ആയാലും ഒരു കുഴപ്പവുമില്ല. Toiletൽ closte എവിടേക്കു വേണമെങ്കിലും തിരിഞ്ഞിരിക്കാം. ഭൂമി ഒരു വലിയ Magnet ആണ്. Magnet ലോകത്ത് എവിടെയും, ആരം വച്ചാലും എപ്പോഴും വടക്കോട്ട് തന്നെ തിരിഞ്ഞു നിൽക്കും. അതിന് ജാതിയൊ, മതമൊ, സ്ഥലമൊ വ്യത്യാസമില്ല. ഭൂമിയുടെ ഈ ആകർഷണത്തിന്റെ ഫലം നമുക്കു കിട്ടണമെങ്കിൽ തെക്കോട്ടു തല വച്ച് കിടക്കണം. ഭൂമി, ആകാശം, അഗ്നി, ജലം, വായു എന്നീ പ്രകൃതി ശക്തികൾ ജോലി ചെയ്യുമ്പോഴും ഭക്ഷണം പാകം ചെയ്യുമ്പോഴും, ഉറങ്ങുമ്പോഴും മനുഷ്യശരീരത്തെ എങ്ങനെ ഉപയോഗമുള്ളതായി മാറ്റാം എന്നതു മാത്രമാണ് വാസ്തുശാസ്ത്രം. closet, steps, staircase എന്നിവയെപ്പറ്റി ഒരു വാസ്തുശാസ്ത്ര ഗ്രന്ഥങ്ങളിലും പ്രതിപാദിക്കുന്നില്ല. ഇതൊക്കെ എവിടെ നിന്നു കിട്ടിയെന്ന് ഒരറിവുമില്ല. വാസ്തുവിനെ പറ്റി കൂടുതൽ അറിയുവാൻ പി.കെ. ആചാര്യ (പ്രസന്നകുമാർ ആചാര്യ) യുടെ പുസ്തകങ്ങൾ വാങ്ങി വായിക്കാവുന്നതാണ്. (1927 മുതൽ 1946 വരെ എഴുതിയിട്ടുള്ളതാണ്) വീടു പണി തുടങ്ങിയാൽ വരുന്നവരും, പോകുന്നവരും പല അഭിപ്രായങ്ങളും പറയും. അതൊന്നും ശ്രദ്ധിക്കാതെ Architect ന്റെ അഭിപ്രായം അനുസരിച്ച് പണി നടത്തുക.

******

ക്ഷേത്രങ്ങളിലൂടെ

# തിരുവിഴ ശ്രീമഹാദേവക്ഷേത്രം



ഇന്ദിരാഭായി ഫോൺ : 8078552892

ഭക്തിയും ഭയവും തമ്മിലൊരുബന്ധമുണ്ട്. ഒരു നാളയത്തിന്റെ രണ്ടു വശങ്ങൾ പോലെയാണിത്. ഭക്തിയുടണ്ടെങ്കിൽ ഭയവും ഉണ്ടാകും. മനസ്സിൽ ഭക്തിയുള്ളവൻ തെറ്റു ചെയ്താൽ ഭയമുണ്ടാകും, അതില്ലാത്തവർ ചുരുക്കമാണ്. നമ്മുടെ ഓരോ പ്രവൃത്തിയിലും തെറ്റും ശരിയും സ്വയം വിലയിരുത്തുവാൻ സാധിച്ചാൽ ജീവിതത്തിൽ നമുക്ക് മുന്നേറാം. തെറ്റുകൾ ചിലപ്പോൾ നമ്മുടെ മാനസികനിലയെത്തന്നെ മാറ്റിമറിച്ചേക്കാം. ജീവിതപാതകളിൽ തെറ്റുകൾ പറ്റാതെയും തെറ്റുപറ്റിയാൽ അതു തിരുത്തി മുന്നോട്ടു സഞ്ചരിക്കുവാനും നാം ഈശ്വരനെ ആശ്രയിക്കുന്നു. ഈശ്വരാനുഗ്രഹത്താൽ നമ്മുടെ മനസ്സിന് സമാധാനം ലഭിക്കുന്നു. ജീവിതത്തിൽ സമാധാനം കാംക്ഷിക്കുന്നവർക്ക് ക്ഷേത്രദർശനം അത്യന്താപേക്ഷിതമാണ്. നമ്മുടെ പല ക്ഷേത്രങ്ങളേയും നിവേദ്യപ്രസാദനങ്ങൾ മനഷ്യർക്ക് പലതരം ഔഷധങ്ങളാകുന്നുണ്ട്. അങ്ങനെ ഒരു ഔഷധനിവേദ്യത്തിനാലും ഭഗവാന്റെ അനുഗ്രഹം കൊണ്ടും രോഗമുക്തി ലഭിക്കുന്ന ഒരു മഹാദേവസന്നിധിയാണ് തിരുവിഴശ്രീമഹാദേവക്ഷേത്രം. ഇവിടെ ഭഗവാൻ വൈദ്യനാഥനാകുന്നതിനാൽ ഭക്തരുടെ ആധിയും വ്യാധിയും അകലും എന്നാണ് വിശ്വാസം.

ആലപ്പുഴജില്ലയിലെ തെക്കുംമുറിപഞ്ചായത്തിൽപ്പെട്ട തിരുവിഴ എന്ന സ്ഥലത്ത് സ്ഥിതിചെയ്യുന്ന ശ്രീമഹാദേവക്ഷേത്രം കൈവിഷത്തിനുള്ള ഔഷധപ്രസാദത്തിനാൽ അതിപ്രശസ്തമാണ്. ഇവിടുത്തെ മഹാദേവന്റെ പന്തീരടിപൂജക്കുശേഷം ലഭിക്കുന്ന ഔഷധപ്രസാദം കൈവിഷത്തെ ഇല്ലാതാക്കുന്നു എന്നു വിശ്വസിക്കുന്നു. ധാരാളം ആളുകൾ ഈ ഔഷധ പ്രസാദം കഴിച്ച് കൈവിഷത്തിൽ നിന്നും അതുമൂലമുള്ള രോഗങ്ങളിൽ നിന്നും മുക്തി നേടുന്നതിനായി നിത്യേന ഇവിടെയെത്തിക്കൊണ്ടിരിക്കുന്നു.

തിരുവിഴശ്രീമഹാദേവക്ഷേത്രം സ്ഥിതിചെയ്യുന്ന പ്രദേശങ്ങളെല്ലാം പണ്ട് കാടു പിടിച്ചുകിടന്നിരുന്നു. കാടിനുള്ളിൽ ഒരു വലിയ കുളവും ഉണ്ടായിരുന്നു. കരപ്രമാണിയായിരുന്ന ഒരാളുടെ വകയായിരുന്നു ഈ സ്ഥലങ്ങൾ. ഒരു പ്രത്യേക വിഭാഗത്തിലുള്ള ആളുകൾക്കു കുളത്തിൽ നിന്നും ആമയെ പിടിക്കാറുണ്ടായിരുന്നു. അറ്റം കൂർത്ത കോലുമായി കുളത്തിൽ കുത്തിനോക്കിയായിരുന്നു അവർ ആമയെ പിടിച്ചിരുന്നത്. ഒരു ദിവസം ഒരു സ്ത്രീ ആമയെ പിടിക്കുവാൻ വേണ്ടി കോലു കുത്തിനോക്കിയപ്പോൾ ഒരു ശിലയിൽ കുത്തുകൊള്ളുകയും ശിലയിൽ നിന്നും രക്തം ഒഴുകുകയും ചെയ്തു. ഇതുകണ്ട് ഭയന്ന ആ സ്ത്രീ തിരുപിഴ, തിരുപിഴ എന്നുച്ചത്തിൽ നിലവിളിച്ചുകൊണ്ട് കരപ്രമാണിയുടെ വീട്ടിലേക്കോടിച്ചെല്ലുകയും അദ്ദേഹത്തെ വിവരമറിയിക്കുകയും ചെയ്തു. അദ്ദേഹം നാട്ടുകാരെയും കൂട്ടി കുളത്തിൽ പോയി നോക്കുമ്പോൾ കുളത്തിൽ നിന്നും രക്തം വരുന്നതുകണ്ടു. അവർ കുളം വറ്റിച്ചു നോക്കുവാൻ തീരുമാനിച്ചു.

രണ്ടു ദിവസം ശ്രമിച്ചിട്ടും കുളത്തിലെ വെള്ളം വറ്റിക്കുവാൻ കഴിഞ്ഞില്ല. മൂന്നാം ദിവസവും ശ്രമം തുടരുന്നതിനിടയിൽ അമ്മിക്കല്ലിന്റെ കുഴവി പോലെ ഒരു ശിലാഭാഗം കാണുകയും അതിൽ നിന്നാണ് രക്തം ഒഴു

കുന്നത് എന്നും മനസ്സിലാക്കുകയും ചെയ്തു. ഈ സമയം ഒരു യോഗിവര്യൻ അവിടെയെത്തുകയും അദ്ദേഹം ഇത് മഹാദേവ സാന്നിദ്ധ്യം ഉള്ള സ്ഥലാണെന്നും ഇവിടെത്തന്നെ ക്ഷേത്രം പണികഴിപ്പിച്ച് ശ്രീ മഹാദേവനെ പൂജിച്ചാരാധിക്കണമെന്നും അങ്ങനെ ചെയ്താൽ നാടിന് അഭിവൃദ്ധിയും ഐശ്വര്യവും കൈവരുമെന്നും പറഞ്ഞു. അദ്ദേഹം കാരാമക്കോലുകൊണ്ടു ശിലയിൽ കുത്തുകൊണ്ട ഭാഗത്തുനിന്നും രക്തം വരുന്നതുകാണുകയും ഒരു പിടിഭസ്മമെടുത്ത് ആ ഭാഗത്ത് പൊത്തിവയ്ക്കുയും ചെയ്തു. അതോടെ രക്തപ്രവാഹം നിലച്ചു. യോഗിശ്വൻ അവിടെ നിന്നും അപ്രത്യക്ഷനാകുകയും ചെയ്തു. അദ്ദേഹം ആരായിരുന്നു എന്നോ എവിടേക്കു പോയി എന്നോ ആർക്കും അറിയില്ല. പിന്നീട് അദ്ദേഹത്തെ ആരും കണ്ടിട്ടുമില്ല. യോഗീശ്വരവേഷത്തിൽ വന്ന് ഭഗവൽ സാന്നിദ്ധ്യം അറിയിച്ചതും സാക്ഷാൽ ശ്രീമഹാദേവൻ തന്നെയായിരുന്നു എന്നാണ് വിശ്വസിക്കുന്നത്. പിന്നീട് കുളം നികത്തി ഭഗവാന്റെ സ്വയം ഭൂവിഗ്രഹം കണ്ട സ്ഥാനത്തു തന്നെ ക്ഷേത്രം നിർമ്മിക്കുകയും ചെയ്തു. അങ്ങനെ തിരുപ്പിഴവുപറ്റിയ സ്ഥാനത്തി തന്നെ സ്ഥാപിതമായ ക്ഷേത്രം തിരുവഴി ക്ഷേത്രമായി അറിയപ്പെട്ടു. തിരുപ്പിഴലോപിച്ച് തിരുവിഴ എന്നറിയപ്പെട്ട സ്ഥലത്ത് തിരുവിഴശ്രീമഹാദേവക്ഷേത്രം സ്ഥിതിചെയ്യുന്നു. കുളത്തിൽ പ്രത്യക്ഷമായ മഹാദേവവിഗ്രഹം കുളം നികത്തി അവിടെത്തന്നെ ശ്രീകോവിൽ നിർമ്മിച്ചതിനാൽ ഈ ക്ഷേത്രത്തിലെ ദേവവിഗ്രഹം തറ നിരപ്പിൽ നിന്നും മൂന്നടിയോളം താഴ്ചയിലാണ് കാണപ്പെടുന്നത്. ചെറിയ മഴയുണ്ടാകുമ്പോൾ പോലും ഈ വിഗ്രഹം വെള്ളത്തിൽ മുങ്ങുന്നു. തിരുവിഴമഹാദേവക്ഷേത്രം സ്ഥാപിതമാകുന്നതിനു കാരണക്കാരിയായ സ്ത്രീക്ക് ക്ഷേത്രത്തിൽ നാലമ്പലത്തിനു പുറത്ത് പ്രത്യേക സ്ഥാനം നൽകിയിട്ടുണ്ട്. മഹാദേവക്ഷേത്രത്തിനടുത്തു തന്നെ ഒരുമഹാവിഷ്ണുക്ഷേത്രവും യക്ഷിയമ്പലവും ഉണ്ടായിരുന്നു. ടിപ്പുവിന്റെ പടയോട്ടക്കാലത്ത് മഹാവിഷ്ണുക്ഷേത്രം നശിപ്പിക്കുകയും വിഗ്രഹം ഇളക്കി കുളത്തിലിടുകയും ചെയ്തു. യക്ഷിയമ്പലം നശിപ്പിച്ചില്ല, അത് ഇന്നും പഴമയുടെ പ്രൗഢിയോടുകൂടി ശ്രീകോവിലിനുള്ളിൽ വരത്തക്കവിധം ഇവിടെ നിലനില്ക്കുന്നുണ്ട്. കൈവിഷത്തിനുള്ള ഔഷധപ്രസാദം ലഭിക്കുന്നു എന്നത് തിരുവിഴ മഹാദേവക്ഷേത്രത്തിലെ ഏറ്റവും പ്രധാന പ്രത്യേകതയാണ്. പണ്ട് ഒരു മാനസിക രോഗി എല്ലാദിവസവും ഈ ക്ഷേത്രത്തിലെത്തുകയും ക്ഷേത്രത്തിൽ ദർശനത്തിനു വരുന്നവരേയും ക്ഷേത്രകഴകക്കാരനേയും ഉപദ്രവിക്കുമായിരുന്നു. അയാളുടെ ഉപദ്രവം കാരണം നിവേദ്യം തയ്യാറാക്കുവാൻ പോലും സാധിക്കാതെ വിഷമിച്ചു. കളകക്കാരൻ ഒരു ദിവസം ഭഗവാന്റെ തിരുനടയിൽ നിന്ന് ഈ മാനസികരോഗിയുടെ ഉപദ്രവത്തിൽ നിന്നു രക്ഷിക്കേണമേ എന്ന് ഭഗവാനോടു കരഞ്ഞു പ്രാർത്ഥിച്ചു. ഭഗവാൻ ആ പ്രാർത്ഥന കേട്ടു. അന്നുരാത്രി ഉറക്കത്തിൽ അദ്ദേഹത്തിന് ഒരു സ്വപ്നദർശനമുണ്ടായി. ക്ഷേത്രത്തിനു പിന്നിലായി ഒരു പ്രത്യേകതരം ചെടി നില്ക്കുന്നുണ്ട്. ആ ചെടികൊണ്ടുവന്ന് ഇടിച്ചു പിഴിഞ്ഞ് നീരെടുത്ത് ദേവനു നിവേദിച്ച് പാലിൽ ചേർത്ത് ആ രോഗിക്കു കൊടുക്കുക. അതോടെ അസുഖം മാറിക്കിട്ടും നിങ്ങൾ ഇനി അയാളുടെ ഉപദ്രവം ഉണ്ടാകുകയുമില്ല എന്ന്. തന്റെ സ്വപ്നദർശനത്തെപ്പറ്റി അദ്ദേഹം മേൽശാന്തിയേയും മറ്റുവേണ്ടപ്പെട്ടവരെയും അറിയിച്ചു. പിന്നീട് ഈ മരുന്നു പറിച്ച് ഇടിച്ചുപിഴിഞ്ഞു നീരെടുത്ത് ദേവനു നിവേദിക്കുകയും പന്തീരടി പൂജക്കുശേഷം ആ രോഗിക്കു നൽകുകയും രോഗിക്ക് രോ

ഗശമനം ഉണ്ടാകുകയും ചെയ്തു. അതിനു ശേഷം ആ മരുന്നു സേവ ഈ ക്ഷേത്രത്തിലെ പ്രധാന്യ പ്രത്യേകതയായി പരിണമിച്ചു. ഇന്നും ആ കഴകക്കാരന്റെ പിൻമുറക്കാരാണ് ഇന്നും മരുന്ന് പറിച്ച് തെക്കെ നടയിലുള്ള ഉരലിൽ ഇട്ട് ഇടിച്ചുപിഴിഞ്ഞു നിവേദ്യത്തിനായി തയ്യാറാക്കുന്നത്.

പ്രത്യേക ചിട്ടയോടെയാണ് ഔഷധപ്രസാദം സേവിക്കേണ്ടത്. ഒരാഴ്ച്ച മത്സ്യമാംസാദികളോ ലഹരിവസ്തുക്കളോ ഒന്നും ഉപയോഗിക്കാൻ പാടില്ല. ഔഷധസേവക്കു വരുന്നവർ തലേദിവസം തന്നെ ക്ഷേത്രത്തിലെത്തണം. ക്ഷേത്രത്തിൽ നിന്നുള്ള ഭക്ഷണം കഴിച്ച് ദീപാരാധനതൊഴുത് നാഗയക്ഷിയമ്മയുടെ ഗുരുതി പൂജയിലും പങ്കെടുത്ത് അന്നുരാത്രി ക്ഷേത്രത്തിൽ തന്നെ കഴിയണം. പിറ്റേന്ന് പന്തീരടി പൂജയ്ക്കു ശേഷം പൂജിച്ച ഔഷധം ചേർത്ത പാൽകിഴക്കെ നടയിൽ വച്ച് ദേവന് അഭിമുഖമായി നിന്ന് കുടിക്കണം. അതിനു ശേഷം ഇളം ചൂടുവെള്ളവും കുടിക്കാം. ക്ഷേത്രത്തിനു പ്രദക്ഷിണം വയ്ക്കുക, പ്രദക്ഷിണം പൂർത്തിയാക്കും മുമ്പു തന്നെ ചിലർ ഛർദ്ദിക്കും. ചിലർ വീണ്ടും വലം വച്ചശേഷമായിരിക്കും ഛർദ്ദിക്കുക. ആരും ഇന്നുവരെ ദേവന്റെ തിരുമുന്നിൽ കിഴക്കെ നടയിൽ ഛർദ്ദിച്ചിട്ടില്ല. എല്ലാവരും ക്ഷേത്രത്തിന്റെ പിന്നിലെത്തുമ്പോഴാണ് ഛർദ്ദിക്കുക എന്നതും ഒരു അതിശയമാണ്. ഛർദ്ദിച്ചു കഴിഞ്ഞാൽ നാഗയക്ഷിയമ്മയുടെ നിവേദ്യപ്പായസം കഴിക്കണം. ഇങ്ങനെയാണ് ഔഷധസേവാ രീതികൾ. ഈ മരുന്നിന്റെ പേര് ആർക്കും അറിയില്ല. ദേവനു നിവേദിക്കാതെ ഈ മരുന്നുപയോഗിച്ചാൽ കൊടുംവിഷത്തിന്റെ ഫലമാണെന്നും വിശ്വസിക്കുന്നു. യക്ഷിയമ്മയുടെ അനുഗ്രഹത്താൽ കൂടിയാണ് ഈ മരുന്നിന് ഇത്രശക്തി എന്നും വിശ്വസിക്കുന്നു.

അറിഞ്ഞോ അറിയാതെയോ ഭക്ഷ്യവസ്തുക്കളിലൂടെയോ ശരീരത്തിൽ കടന്നു കൂടുന്ന വിഷാംശങ്ങൾക്കും അവയിൽ നിന്നുണ്ടാകുന്ന വിഷമതകൾക്കും ത്വക്കരോഗങ്ങൾക്കും മാനസികരോഗങ്ങൾക്കും ലഹരിവസ്തുക്കളോടുള്ള ആസക്തി ഇല്ലാതാക്കാനും വേണ്ടി ധാരാളം ആളുകൾ ഇവിടേക്കെത്തുന്നു. ക്ഷേത്രത്തിലെ ഉത്സവ ആറാട്ടു ദിവസമൊഴികെ വർഷത്തിലെല്ലാദിവസവും ഇവിടെ ഔഷധസേവനടക്കുന്നുണ്ട്. ഉള്ളിൽ കടന്നു വിഷാംശങ്ങൾ ഒരിക്കലും ശരീരത്തിന് നല്ല ഫലം തരില്ലല്ലോ. ശരീരത്തിൽ കടന്നു കൂടുന്ന വിഷാംശങ്ങൾ ചിലപ്പോൾ മനുഷ്യമനസ്സിന്റെ സന്തുലിതാവസ്ഥ തന്നെ നഷ്ടപ്പെടുത്തും.

അതിനു പ്രതിവിധിയായി ഒരു ഔഷധപ്രസാദം, ഭഗവാൻതരുന്ന ഒരനുഗ്രഹം തന്നെയാണിത്. ആധുനിക വൈദ്യശാസ്ത്രവും സാങ്കേതികവിദ്യകളും ശാസ്ത്രവിജ്ഞാനവും വളരെയധികം പുരോഗതി നേടിയ ഈ കാലഘട്ടത്തിലും മരുന്നുകൾക്കപ്പുറവും ഏതോ ഒരു ശക്തി ഉണ്ട് എന്ന വിശ്വാസമാണ് ഇത്രയധികം ആളുകളെ ഇവിടേക്കാകർഷിക്കുന്നത്. അതിന്റെ പൊരുൾ പ്രവചനാതീതമാണ്. ഈ ആളുകൾ അനുഭവത്തിലൂടെ അത് സ്ഥിരികരിക്കുന്നു. ഭഗവാൻ വൈദ്യനാഥനായി രോഗശാന്തി നൽകി ഭക്തരെ അനുഗ്രഹിക്കുന്നു.

അതിവിശാലമായ സ്ഥലത്താണ് ഈ മഹാദേവക്ഷേത്രം സ്ഥിതിചെയ്യുന്നത്. മഹാവിഷ്ണു നാഗയക്ഷിയമ്മ, ശാസ്താവ്, മഹാഗണപതി, രക്ഷസ്സ് എന്നീ ഉപദേവസാന്നിത്യവും ഇവിടെയുണ്ട്. പലപ്പോഴായി പുതുക്കിപ്പണിത ക്ഷേത്രമാണ് ഇന്നു നാം കാണുന്നത്. ക്ഷേത്രവളപ്പിൽ ധാരാളം മരങ്ങളും തണൽ വിരിച്ചു നില്ക്കുന്നുണ്ട്. ഭക്തവത്സലനായ തിരുവിഴശ്രീമഹാദേവന്റെ തൃപ്പാദങ്ങളിൽ ശിരസ്സാനമിക്കുന്നു.

******

## എറണാകുളം കരയോഗം

# വിഷു

## വിപണന മേള 2024
## ടി. ഡി. എം. ഹാളിൽ

### *2024 ഏപ്രിൽ 5 വെള്ളിയാഴ്ച മുതൽ 14 ഞായറാഴ്ച വരെ*

**ഏപ്രിൽ മാസം 5-ാം തീയതി രാവിലെ 10.00 ന് വിഷു വിപണന മേള ആരംഭിക്കുന്നു.**

**ഉപ്പേരികൾ, കൊണ്ടാട്ടങ്ങൾ, പാലട, വിവിധയിനം പ്രഥമനുകൾ എന്നിവ ടി.ഡി.എം ഹാൾ വിഷു വിപണനമേളയിൽ നിന്നും ലഭിക്കുന്നതാണ്. എല്ലാ ദിവസവും രാവിലെ 10.30 മുതൽ വൈകുന്നേരം 7.00 മണി വരെയായിരിക്കും വിപണനമേളയുടെ കൗണ്ടർ പ്രവർത്തിക്കുന്നത്.**

### *വിഷുദിനത്തിൽ പ്രഥമനുകൾ ഏപ്രിൽ 14-ാം തീയതി ലഭിക്കും.*

**വിഷുവിന് പ്രഥമനുകൾ മുൻകൂട്ടി ബുക്കു ചെയ്യുവാൻ ഏപ്രിൽ 5 മുതൽ 12 വരെ രാവിലെ 11.00 മണി മുതൽ വൈകുന്നേരം 4.00 മണി വരെ ടി.ഡി.എം. ഹാളിൽ സൗകര്യം ഉണ്ടായിരിക്കുന്നതാണ്.**

### *വിഷു സദ്യകിറ്റ് 4 പേർക്ക് 1400 രൂപ*
**(14-4-2024 രാവിലെ 9 മണി മുതൽ 10.30 മണി വരെ മാത്രം)**

**4 പേർക്കുള്ള വിഭവങ്ങൾ:- ചോറ്, 2 ഇനം പ്രഥമനുകൾ, സാമ്പാർ, അവിയൽ, കാളൻ, ഓലൻ, പച്ചടി, കിച്ചടി, എരിശ്ശേരി, തോരൻ, അച്ചാർ (3 തരം), ഉപ്പേരി (2 തരം), പരിപ്പ്, നെയ്യ്, മോര്, രസം, പപ്പടം, പഴം, ഇല എന്നിവ അടങ്ങിയ കിറ്റൊന്നിന് 1400/- രൂപയാണ്.**

**വിഷു ദിവസം രാവിലെ 9 നും 10.30 നും ഇടയ്ക്ക് എത്തിച്ചേരുന്നവർക്കു മാത്രമേ സദ്യകിറ്റ് വിതരണം ഉണ്ടായിരിക്കുകയുള്ളൂ എന്ന് അറിയിക്കുന്നു.**

**വിപണനമേളയിൽ നിന്ന് ഉൽപന്നങ്ങൾ വാങ്ങുവാൻ വരുന്നവർ ക്യാരീബാഗ് കൊണ്ടുവരേണ്ടതാണ്.**

*എറണാകുളം കരയോഗം മാംഗല്യ ട്രസ്റ്റ്*

രവിപുരം ശ്രീകൃഷ്ണസ്വാമി ക്ഷേത്രത്തിലെ 2024-ാ (1199) മാണ്ടത്തെ

# ഉത്സവപരിപാടികൾ



**14-03-2024 മുതൽ 19-03-2024 വരെ**

## ഒന്നാം ദിവസം (14-03-2024) വ്യാഴം

| | | |
|---|---|---|
| വൈകുന്നേരം 7.30ന് | : | **കൊടികയറ്റം** |
| 7.45 മുതൽ | : | ഭക്തി ഗാന തരംഗിണി<br>ത്യാഗബ്രഹ്മം ടി.എസ്. രാധാകൃഷ്ണജി |
| രാത്രി 10.00ന് | : | വിളക്ക് |

## രണ്ടാം ദിവസം (15-03-2024) വെള്ളി

| | | |
|---|---|---|
| രാവിലെ 7.30 മുതൽ | : | ശീവേലി |
| വൈകുന്നേരം 4.30 മുതൽ | : | കാഴ്ചശീവേലി |
| 7.30 മുതൽ | : | ഭക്തിഗാനം- ടി.ഡി.എം. ഓർക്കസ്ട്ര |

## മൂന്നാം ദിവസം (16-03-2024) ശനി

| | | |
|---|---|---|
| രാവിലെ 7.30 മുതൽ | : | ശീവേലി |
| വൈകുന്നേരം 4.30ന് | : | കാഴ്ചശീവേലി |
| രാത്രി 10.30ന് | : | വിളക്ക് |

## നാലാം ദിവസം (17-03-2024) ഞായർ

| | | |
|---|---|---|
| ഉച്ചയ്ക്ക് 11.00 ന് | : | **ഉത്സവബലിദർശനം** |
| 8.00 മുതൽ | : | കഥകളി - കഥ: കുചേലവൃത്തം<br>അവതരണം - കലാമണ്ഡലം രാധാകൃഷ്ണൻ |

## അഞ്ചാം ദിവസം (18-03-2024) തിങ്കൾ

| | | |
|---|---|---|
| 8 മുതൽ 11 വരെ | : | ശീവേലി, പഞ്ചാരിമേളം |
| വൈകുന്നേരം 4.30 മുതൽ | : | കാഴ്ചശീവേലി |
| 7.30 മുതൽ | : | തായമ്പക - കല്ലുവഴി പ്രകാശൻ |
| രാത്രി 10.00ന് | : | **വലിയവിളക്ക്** |

## ആറാം ദിവസം (19-03-2024) ചൊവ്വ

**ആറാട്ട്**

| | | |
|---|---|---|
| 8 മുതൽ 11 വരെ | : | ശീവേലി |
| വൈകുന്നേരം 4.00ന് | : | പകൽപ്പൂരം, മേജർസെറ്റ് പഞ്ചവാദ്യം |
| 6.30 മുതൽ 8.00 വരെ | : | പാണ്ടിമേളം |
| തുടർന്ന് | : | **കൊടിയിറക്കം, ആറാട്ട്,** കൊടിക്കൽപറ |

**എറണാകുളം കരയോഗം ടെമ്പിൾ ട്രസ്റ്റിന്റെ കീഴിലുള്ള ചെറായി തൃക്കടക്കാപ്പിള്ളി ശ്രീ ദുർഗ്ഗാ ഭഗവതിക്ഷേത്രം**

## പ്രതിഷ്ഠാദിന താലപ്പൊലി മഹോത്സവം 2024

തന്ത്രിമുഖ്യൻ ബ്രഹ്മശ്രീ പുലിയന്നൂർ ശശി നമ്പൂതിരിപ്പാടിന്റെ മുഖ്യ കാർമ്മികത്വത്തിൽ

**03-4-2024 ബുധനാഴ്ച**

**ശുദ്ധികലശം**

**04-4-2024 വ്യാഴം**

**കാര്യപരിപാടി**

രാവിലെ 5ന് നടതുറപ്പ്, 5.30ന് അഭിഷേകം, 6.00 മണിക്ക് ഗണപതിഹവനം
9ന് നവകം, പഞ്ചഗവ്യം, കലശാഭിഷേകം, 11.30ന് ഉച്ചപൂജ
വൈകിട്ട് 6.00ന് ദീപാരാധന, 6.30ന് താലം എഴുന്നള്ളിപ്പ്

# ആട്ടക്കഥയും നളചരിതവും

**ഭാഗം - 2**

**ഡോ. ശാന്തകുമാരി – 04842608624**

*തുടർച്ച*

**പ്രാ**സം നളചരിതത്തിൽ ഉടനീളമുണ്ട്. ശ്വാസം പോയാലും പ്രാസം വിടില്ല എന്ന് വാരിയരെക്കുറിച്ച് പറയാറുള്ളത് വളരെ ശരിയാണ്. താനുദ്ദേശിക്കുന്ന പ്രാസത്തിന് വിധേയമായി പദങ്ങൾ വീണുകൊണ്ടിരിക്കണം എന്നതിനെ സംബന്ധിച്ച് നളചരിതകർത്താവിന്റെ പ്രമാണം എന്തെന്ന് എ.ആർ. പറയുന്നത്. 'താളത്തിന്റെ മുറയ്ക്ക് പ്രാസം കണക്കിന് വീണുകൊണ്ടിരിക്കണം.' ശബ്ദം ഈ നിർബ്ബന്ധത്തിന് കീഴടങ്ങിയില്ലെങ്കിൽ അദ്ദേഹം പിടിച്ചു വലിച്ചിഴച്ചെങ്കിലും വരുത്തും. ഈ സാഹസത്തിൽ ശബ്ദങ്ങളുടെ വാലോ തലയോ തന്നെയോ ഉടഞ്ഞു പോയാലും വകയില്ല.

സങ്കീർണ്ണത ദോഷത്തെക്കാൾ സന്ദർഭാനുസൃതമായ ഒരു ഗുണമായി നളചരിതത്തിൽ ശോഭിക്കുന്നു. ബഹിരന്ത സ്ഫുരദ്രഢമായ ദ്രാക്ഷാചാരം ഉണ്ണായിയുടെ സ്വഭാവത്തിന് വിരുദ്ധമാണ്. അദ്ദേഹത്തിന് നാളികേരപാകത്തിലേ രസമുള്ളൂ എന്ന് ഏ.ആർ. തമ്പുരാനെക്കൊണ്ട് പറയിയ്ക്കാനുള്ള കാരണവും ഇതൊക്കെത്തന്നെയാണ്. പാമരന്മാരായ അധികം ജനങ്ങളുടെ സന്തോഷത്തെക്കാൾ പണ്ഡിതന്മാരായ ചിലരുടെ തൃപ്തിയേയാണ് കവി ആദരിച്ചിരുന്നത്. കാളിദാസൻ അഭിപ്രായപ്പെട്ടതുപോലെ

'ആപരിദോഷാംവിദൂഷാം

നസാധുമന്യെപ്പയോഗവിജ്ഞാനം' അഭിമാനംകൊള്ളാവുന്നതാണ്. ഉൽകൃഷ്ടകാവ്യാസ്വാദനത്തിന്റെയും ഭാഷാപ്രയോഗത്തിന്റെയും വിഷയമാക്കാൻ നളചരിതത്തിന് അർഹതയുണ്ട്. എന്നിട്ടും നമ്മുടെ നിരൂപകന്മാർ പറയുന്നു ആട്ടക്കഥകളുടെ ഇടയിൽ ജനകീയമായൊരു കൃതിയുള്ളത് നളചരിതമാണെന്ന് ശാന്തംപാപം!

'........നാലാമതില്ലാരുമേ'

സുരേന്ദ്രെന്ദ്രസംപ്രീതൈ................

ഒരു നാടകത്തിന്റെ പൂർവ്വാങ്കമാരാകാനുള്ള കാര്യങ്ങളൊക്കെ ഇതിലടങ്ങിയിരിക്കുന്നതു നോക്കൂ.

വസ്ത്രം പത്രികൾ....

എന്ന പ്രസാദമധുരമായ ശ്ലോകത്തിലൂടെ വിഭ്രാന്തധീയായ നളന്റെ ചിത്രം സജീവമായി ആവിഷ്ക്കരിച്ചിരിക്കുന്നു. ഈ വിഭ്രാന്തധീയ്ക്ക് ഇതിവൃത്തപരവും നായകസ്വഭാവപരവുമായി ദൂരവ്യാപകമായ അർത്ഥമുണ്ട്.

ദുർവ്വാസാവിന്റെ ശാപംകൊണ്ട് ദുഷ്യന്തന്റെ സ്വഭാവത്തിൽ കാളിദാസനും ഛായാങ്കത്തിലൂടെ ശ്രീരാമന്റെ സ്വഭാവത്തെ ഭവഭൂതിയും അവരുടെ കാര്യങ്ങളിൽ സമുചിതമായി ഉന്നയിച്ചിട്ടുള്ളതിന്റെ ഫലം നളചരിതത്തിൽ ഒരു പദംകൊണ്ട് കവി ധ്വനിപ്പിച്ചിരിക്കുന്നു എന്നു പറഞ്ഞാൽ അത് ഈ വിഭ്രാന്തധീയാൽ ശ്ലോകങ്ങളും പദങ്ങളും അല്ലാതെ ദണ്ഡങ്ങളുപയോഗിക്കുന്ന ഒരു സമ്പ്രദായവും ആട്ടക്കഥാകാരന്മാർ അംഗീകരിച്ചിട്ടുണ്ട്. നളചരിതത്തിൽ 1ഉം 3ഉം കഥകളിൽ ഓരോദണ്ഡകങ്ങൾ ഉണ്ട്. അന്തസ്സ് തികച്ചും ന്യായീകരിക്കുന്നവ. ഇവയല്ലാതെ ചൂർണ്ണിക എന്ന പുതിയൊരു രൂപവും നളചരിതത്തിലുണ്ട്.

**ശൃംഗാരപദം**

ഈ കഥയിൽ നായികാനായകന്മാരുടെ അഭിലാഷസിദ്ധിയിൽ അവർക്കുള്ള പരമമായ അനുഭൂതിയിലാണ് ഈ ഭാഗത്തെ കഥ ആരംഭിക്കുന്നത്. പരസ്പരയോഗം സിദ്ധിച്ചതിൽ അവർ അതീവ ധന്യരാണ് താദൃശമായ അവസ്ഥയിൽ ആരംഭിക്കുന്ന രണ്ടാം ദിവസത്തെ കഥയുടെ പരിണാമത്തിൽ പ്രിയനാൽ പരിത്യജിക്കപ്പെട്ട് പല കഷ്ടപ്പാടുകളും സഹിച്ച് അവസാനം ദമയന്തി കുന്ദിനപുരിയിൽ എത്തിയ കഥയാണ് നാം കാണു

ന്നത്. നളൻ എവിടെപ്പോയി എങ്ങനെ കഷ്ടപ്പെടുന്നു എന്ന് സഹധർമ്മചാരിണിയായ ദമയന്തിയ്ക്കും വായനക്കാർക്കും നിശ്ചയമില്ല. ആ സ്ഥിതിയ്ക്ക് നായികാനായകന്മാരുടെ രണ്ടു വ്യത്യസ്ത ചിത്രങ്ങളാണിവിടെ കാണുന്നത്. ഒന്ന് അവരനുഭവിക്കുന്ന സൗഭാഗ്യങ്ങളുടെ ഉത്തുംഗ വിലാസത്തിന്റേത്. മറ്റേത് അവർക്കുപോലും വിധി വൈവപരീത്യംകൊണ്ട് വരാവുന്ന അധപതനത്തിന്റേതും.

നാടകങ്ങളുടെ സാങ്കേതികയിൽ പറഞ്ഞാൽ പ്രതിമുഖസന്ധിയിലാരംഭിച്ച് ഗർഭസന്ധിയും വിമർശനസന്ധിയുടെ കുറേ ഭാഗവും ഉൾക്കൊള്ളുന്നതാണ് ഇതിലെ കഥാംശം. ഇന്ദ്രാദികളും വന്ന് വലച്ചു ഏങ്കിലും ഇന്ദുവദേനനിന്നെ ലഭിച്ച് പുരാപുണ്യം ഫലിച്ചു എന്ന ധന്യത്വം അവകാശപ്പെടുന്ന നായകൻ തന്റെ പ്രേമഭാജനവും ഈ അഭിമാനത്തിന് ആശ്രയവുമായ ദമയന്തിയെ പന്നി സിംഹം നിറഞ്ഞുള്ള കാന്താരത്തിൽ ഉപേക്ഷിക്കുവാനിടയായ കഥ അനുവാചകരുടെ ഉൽക്കണ്ഠയെ ഉദ്ദീപിപ്പിക്കുന്ന ഒന്നാവുമെന്ന് പറയേണ്ടതില്ലല്ലോ. ആ ദുരിത സംഭവം അതിന്റെ കർത്താവിനെ അപേക്ഷിച്ച് അത്ര എളുപ്പത്തിൻ സംഭവിക്കാൻ പാടില്ലാത്ത ഒന്നായതുകൊണ്ട് അതിന്റെ സ്വാഭാവികത ന്യായീകരിക്കുന്നതിന് കവിക്ക് അത്ര എളുപ്പം സാധിക്കുന്നതുമല്ല. ഇതരങ്ങളായ സംഭവങ്ങളും ഇതിൽ നാടകീയമായി ഘടിപ്പിക്കേണ്ടതുണ്ട്. അതു വളരെ വിദ്ഗ്ധമായി സാധിച്ചിട്ടുണ്ട് എന്ന് 2-ാം ദിവസത്തേ കഥയുടെ ഇതിവൃത്തം പരിശോധിച്ചാലറിയാം.

മഹാഭാരതത്തിലെ നളോപാഖ്യാനത്തിന്റെ കാതൽ ഇതുതന്നെയാണ്. കർമ്മനിരതനായ ഒരു രാജാവിന് അതുകൊണ്ട് നേടുവാൻ കഴിഞ്ഞ ഔന്നത്യം ധർമ്മലോപം കൊണ്ട് കളഞ്ഞ് പലകഷ്ടപ്പാടുകളിലൂടെയും വീണ്ടെടുത്ത് തന്റെ നേട്ടത്തിന് വീണ്ടും അർഹനാകുന്ന കഥയാണത്. ഇതിന്റെ ആദ്യഭാഗം അതായത് ധർമ്മതല്പരനായ ഒരു രാജാവിന്റെ ധർമ്മലോപം അതിന്റെ അനന്തരഫലം ഇവയാണ് ഇതിലെ പ്രതിപാദ്യം.

നാടകത്തിലെ പ്രതിനായകനയ കലിയെ ആവിഷ്ക്കരിച്ചിട്ടുള്ളത് ഈ കഥയിലാണ്. ദമയന്തീനളന്മാരുടെ ദാമ്പത്യജീവിതത്തിൽ യാതൊരു കാരണവുമില്ലാതെ അസൂയയും അരിശവും കൊണ്ട് അവരുടെ സുഖജീവിതത്തെ തന്നെ അലങ്കോലപ്പെടുത്തുവാൻ കലിയും ദ്വാപരനും പുറപ്പെട്ടു. ഇന്ദ്രാദികളും പങ്കെടുത്ത സ്വയംവരത്തിൽ ദമയന്തി നളനെ വരിച്ചത് അവമതിയാണെന്നും അതിന് പ്രതികാരം ചെയ്യണമെന്നും ഉദ്ദേശിച്ച് പുറപ്പെട്ട കലി ദ്വാപരനുമായി ആലോചിച്ച് നളസഹോദരനായ പുഷ്ക്കരനെക്കൊണ്ട് രതി ലാലസനായ നളനെ ചൂതുകളിക്കാൻ വിളിപ്പിച്ച് കളിച്ച് തോല്പിച്ച് നാട്ടിൽ നിന്ന് കാട്ടിലേക്ക് ആട്ടിയകറ്റുന്നതാണ് കഥയിലെ നായിക പ്രതിനായകസംബന്ധിയായ ആദ്യ സംഘട്ടനം. അതിനെത്തുടർന്ന് കാട്ടിലെ ദയനീയകഥകളും സുവർണ്ണശകുനദർശനാദികളാലുണ്ടായ അധികമായ വഞ്ചിതാവസ്ഥയും നായികാപരിത്യാഗത്തിലേക്ക് കഥയെ നയിക്കുന്നു. നളചരിതത്തിലെ ഗർഭസന്ധി എന്നു പറയാവുന്ന ഘട്ടത്തിലെ പരമമായ ഒരു മുഹൂർത്തമാണിത്. അതിനെ തുടർന്നുണ്ടായ വനചരസംവാദം ഈ സ്ഥിതിയെ കൂടുതൽ ദയനീയമാക്കുന്നു. ദൈവഗത്യാം അതിൽ നിന്ന് രക്ഷപ്പെടുന്ന നായിക ചില സാർത്ഥവാഹകന്മാരുടെ സഹായത്തോടെ ചേദിപുരിയിലും അവിടുന്ന് സുദേവനാൽ നായിയ്ക്കപ്പെട്ട് കുണ്ഡനപുരിയിലും ചെന്നെത്തുന്നതുവരെയാണ് ഇതിലെ കഥാഭാഗം.

ആദർശസമ്പന്നരായനായികാനായകന്മാരുടെ സംഘട്ടനാത്മകമായ അവസ്ഥാന്തരങ്ങളുള്ള ഈ ഭാഗത്ത് അടക്കിയിട്ടുള്ളത് ഇതിവൃത്തപരമായ പ്രാധാന്യം ഉണ്ടാക്കുന്നു. നായികാനായകന്മാരുടെ അവസ്ഥാന്തരങ്ങൾക്ക് പരസ്പരം സംഭന്ധമുണ്ടാക്കുന്ന സംഭവങ്ങളുടെ സ്വാഭാവികതയും അവയിലൂടെ ആവിഷ്കൃതമായ പാത്രസ്വഭാവങ്ങളിൽ പ്രകടമായി കാണുന്ന ജീവിത ബോധവും ഈ കഥയിൽ ശ്രദ്ധിക്കേണ്ടതാണ്. (തുടരും)

*****

# ചട്ടമ്പിസ്വാമിതിരുവടികൾ 12

എം.ആർ.എസ് മേനോൻ – 9037126220

*തുടർച്ച*

## മഹാസമാധി

**തോ**ട്ടുവയലിൽ വിശ്രമിക്കുമ്പോൾ സ്വാമി പന്മനക്ക് പോകാൻ ധൃതി പിടിച്ചു തുടങ്ങി. പന്മനയിലെത്തിയ സ്വാമിക്ക് വിശ്രമിക്കാനായി ഒരു വായനശാല ഏർപ്പെടുത്തിയിരുന്നു. സ്വാമിയുടെ ആരോഗ്യസ്ഥിതി വളരെ മോശമായിത്തുടങ്ങി. വൈക്കം സത്യാഗ്രഹത്തെപ്പറ്റിയുള്ള വാർത്തകൾ സ്വാമി ശ്രദ്ധാപൂർവ്വം വായിച്ചിരുന്നു. ക്ഷേത്രത്തിനടുത്തുള്ള വഴികളിലൂടെ നടക്കാനുള്ള അവകാശത്തിന് വേണ്ടിയായിരുന്നു സമരമെങ്കിലും ഇത് വഴി നടക്കാനുള്ള സമരത്തിനുമപ്പുറം ക്ഷേത്രപ്രവേശനമായിരിക്കണം ലക്ഷ്യം എന്നായിരുന്നു സ്വാമിജിയുടെ അഭിപ്രായം. അക്കാലത്ത് ഗാന്ധിജി ഉൾപ്പെടെ നേതാക്കൾ ചിന്തിക്കാതിരുന്ന ആശയമായിരുന്നു 1924 ൽ അദ്ദേഹം പ്രകടിപ്പിച്ചിരുന്നത്. 1890 ൽ രചിച്ച വേദാധികാരനിരൂപണത്തിൽത്തന്നെ സ്വാമി ഈ അഭിപ്രായം മുന്നോട്ട് വച്ചിരുന്നു എന്ന് മനസ്സിലാക്കണം. അക്കാലത്ത് വൈക്കം സത്യാഗ്രഹത്തിൽ പങ്കെടുത്ത് യാതനകൾ അനുഭവിച്ചവരെ സ്വാമി പ്രോത്സാഹിപ്പിക്കുകയും പ്രശംസിക്കുകയും ചെയ്തിരുന്നു. ഹരിജനങ്ങളുടെ ഉന്നമനത്തിന് വേണ്ടി ഗാന്ധിജിയുടെ നേതൃത്വത്തിൽ നടത്തിവന്നിരുന്ന സമരത്തെ സദാ പിന്തുണച്ചിരുന്നു. ജീവിതത്തിൽ അഹിംസക്ക് പ്രാധാന്യം നൽകിയിരുന്ന ഒരു വ്യക്തിയെന്ന നിലക്ക് ഗാന്ധിജിയോട് അദ്ദേഹത്തിന് അത്യധികം ആദരവുണ്ടായിരുന്നു. സ്വാമിജി കിടന്നിരുന്ന മുറിയുടെ ഭിത്തിയിൽ ഗാന്ധിജിയുടെ ഒരു ചിത്രം തൂക്കിയിട്ടിരുന്നു. സ്വാമിജിയുടെ ആരോഗ്യസ്ഥിതിയും അപ്പോഴേക്ക് ഏറെ മോശമായിത്തുടങ്ങിയിരുന്നു.

സ്വാമിജിയുടെ അന്ത്യദിനങ്ങൾ അടുത്തുവെന്ന് എല്ലാവർക്കും മനസ്സിലായി ഇതെപ്പറ്റി സ്വാമിയും ചില സൂചനകൾ നൽകിയിരുന്നല്ലോ? കുമ്പളത്ത് ശങ്കുപ്പിള്ള ഇതേപ്പറ്റി എന്താണ് താൻ ചെയ്യേണ്ടതെന്ന് സ്വാമിയോട് ചോദിച്ചു. 'ഈ കെഴവനെ ആരും ആരാധിക്കരുത്' 'എന്നായിരുന്നു സ്വാമിയുടെ അഭിപ്രായം. 'സമാധി പീഠത്തിന് മീതെ ഒരു ശിവലിംഗ പ്രതിഷ്ഠ നടത്താമെന്നും 10 വയസ്സിൽ താഴേയുള്ള ഒരു കുട്ടി വെളുത്ത പൂവ് അവിടെ സന്ധ്യക്ക് വക്കാം. സാധിക്കുമെങ്കിൽ ഈ കിഴവന്റെ ഗഞ്ചിറ അവിടെ തൂക്കിയിടാം'. എന്നെങ്കിലും ഒരു ക്ഷേത്രമായി മാറിയാൽ നിത്യപൂജയാകാമെന്നും പക്ഷേ അരിവച്ച് നേദ്യം വേണ്ട, കൽക്കണ്ടം മുന്തിരി പഴങ്ങൾ തുടങ്ങിയവ നിവേദിക്കാമെന്നും വാർഷിക ഉത്സവത്തിനും വിരോധമില്ലെന്നും സ്വാമി പറഞ്ഞു. സ്വാമി തന്റെ സമാധിക്കായി പറ്റിയ ഒരു സ്ഥലം നേരത്തെ കാണിച്ച് കൊടുത്തിരുന്നു. പക്ഷേ അത് പാണയത്ത്കുടുംബം വകയായിരുന്നു. അവരുമായി ആലോചിച്ചപ്പോൾ അവർ അത് തങ്ങളുടെ ആരാധനാസ്ഥലമാണെന്നും അത് സമാധിക്കായി വിട്ട് കൊടുക്കില്ല എന്നായിരുന്നു കുടുംബാംഗങ്ങളുടെ ശക്തമായ നിലപാട്. ബലപ്രയോഗം നടത്താൻ കുമ്പളം തീരുമാനിച്ചെങ്കിലും ക്രമേണ എല്ലാം ശരിയാകുമെന്നായിരുന്നു സ്വാമിയുടെ അഭിപ്രായം. പാണയത്തെ കാരണവർ രാത്രിയിൽ ഭീകര സ്വപ്നങ്ങൾ കണ്ട് അസ്വസ്ഥനാകാൻ തുടങ്ങി അദ്ദേഹം ഒരു ജ്യോത്സ്യനെ വിളിച്ചുവരുത്തി പ്രശ്നം വയ്പിച്ചപ്പോൾ പാണ

യത്ത് തറവാട് കൈവശം വച്ചിരിക്കുന്ന ഈ കാവ് ഒരു സമാധിക്ക് തീരുമാനിച്ച് വച്ചിരിക്കുന്നതാണെന്നും ഭാവിയിൽ ഇതൊരു തീർത്ഥാടനകേന്ദ്രമാകുമെന്നും കണ്ടു. ഇത് കണ്ടയുടൻ കാവ് മുഴുവൻ സമാധിക്കായി കൈമാറാൻ അദ്ദേഹം തയ്യാറായി. ഈ സമയമായപ്പോഴേക്കും ധാരാളം പേർ സ്വാമിയെക്കാണാൻ വന്നു തുടങ്ങി. കൊല്ലത്ത് നിന്ന് പ്രമുഖരായ ചിലർ സ്വാമിയെ കൊല്ലത്തേക്ക് ക്ഷണിച്ചു. 1924 മെയ് 2 നായിരുന്നു അത്. മേയ് 5 വരെ കാത്തിരിക്കുക അത് കഴിഞ്ഞ് ഞാൻ തെക്കോട്ട് വരാം എന്ന് പറഞ്ഞു. സ്വാമി എന്താണ് ഉദ്ദേശിച്ചത് എന്ന് ആരും അപ്പോൾ ചിന്തിച്ച് പോലുമില്ല. മെയ് 5 രാവിലെ മുതൽ സ്വാമി വളരെ സന്തോഷവാനായിരുന്നു. അടുത്ത് ഒരു ക്ഷേത്രത്തിലെ ഉത്സവത്തിന് പോകാൻ ശങ്കുപ്പിള്ള സ്വാമിയോട് അനുവാദം ചോദിച്ചപ്പോൾ നാലു മണി വരെ ഒരിടത്തും പോകരുത് തനിക്ക് ചിലരെയെല്ലാം കാണാനു ണ്ട് എന്ന് പറഞ്ഞ് അവരുടെ പേരുകൾ പറഞ്ഞ് കൊടുത്തു. സ്വാമിയെ കാണാൻ വന്നവരെ എല്ലാം സന്തോഷപൂർവ്വം സ്വീകരി ച്ചു. എല്ലാവരും മടങ്ങി പോയി. ഉച്ച കഴിഞ്ഞ് തനിക്ക് ഏകാന്തത വേണമെന്ന് സ്വാമി പറഞ്ഞപ്പോൾ എല്ലാവരും പുറത്തേക്ക് പോയി. മൂന്ന് മണി കഴിഞ്ഞ് സ്വാമി പത്മനാഭ പണിക്കരെ വിളിച്ചു തനിക്ക് എഴുന്നേറ്റിരിക്കാൻ സഹായിക്കണമെന്ന് പറഞ്ഞു. സ്വാമിയെ പത്മാസനത്തിൽ ഇരുത്തി. കണ്ണുകൾ മുകളിലേക്ക് തിരിഞ്ഞു. മെല്ലെ അത് അടഞ്ഞു. മുഖത്ത് ശാന്തത.അഞ്ചാം തിയതി 4 മണിക്ക് സ്വാമി മഹാസമാധിയിൽ പ്രവേശിച്ചു. ഇതേ പോലത്തെ ഒരു സമാധി വായിച്ചറിഞ്ഞിട്ടുള്ളത് സ്വാമി വിവേകാനന്ദന്റെത് മാത്രമാണ്. വൈകിട്ട് വരെ വിവേകാനന്ദസ്വാമികൾ കർമ്മനിരതനായിരുന്നു. തന്റെ തിരിച്ച് പോക്കിനെപ്പറ്റി സ്വാമി ചില സൂചനകൾ നൽകിയിരുന്നു. വിളിക്കാതെ ആരും വരരുതെന്ന് പറഞ്ഞ ശേഷം സ്വാമി വൈകിട്ട് 7 മണിയോടെ തന്റെ മുറിയിൽ കയറി വാതിലടച്ചു ധ്യാനിച്ചു കൊണ്ടിരിക്കുകയായിരുന്നു. ഒരു മണിക്കൂർ കഴിഞ്ഞ് സ്വാമി ശിഷ്യരിൽ ഒരാളെ വിളിച്ചു വിശറി കൊണ്ട് തലക്ക് വീശിക്കൊടുക്കാൻ ആവശ്യപ്പെട്ടു. സ്വാമി ഉറങ്ങുകയോ ധ്യാനിക്കുകയോ ആണന്നാണ് ശിഷ്യൻ കരുതിയത്. ഒരു മണിക്കൂർ കഴിഞ്ഞപ്പോൾ സ്വാമിയുടെ കൈകൾ വിറച്ചു. ദീർഘമായി ശ്വാസം വലിച്ചു. ദൃഷ്ടി ഭ്രൂമധ്യത്തിൽ ലയിച്ചു. മുഖത്ത് ദിവ്യ ദീപ്തി പരന്നു. എല്ലാം കഴിഞ്ഞു. എന്തൊരു സമാനതകളാണ് ഇവരുടെ സമാധികൾക്ക് തമ്മിൽ

സ്വാമിയുടെ സമാധിപീഠം ഒരുക്കാനുള്ള തയ്യാറെടുപ്പുകൾ തുടങ്ങി. കാവിൽ . ചിത്രകൂടത്തിനടുത്താണ് സമാധിക്കുള്ള സ്ഥലം കണ്ടെത്തിയത്. ചിത്രകൂടം അവിടന്ന് പൊളിച്ച് മാറ്റാൻ ആർക്കും ധൈര്യമില്ല. തലമുറകൾക്ക് സർപ്പകോപം ഉണ്ടാകുമെന്ന ഭയമാണ് കാരണം. സ്വാമിയുടെ ഒരു ശിഷ്യൻ തനിക്കെന്തെങ്കിലും സംഭവിച്ചാൽ സ്വാമി നോക്കിക്കോളുമെന്ന് പറഞ്ഞ് അതിന് തയ്യാറായി. ആറാം തിയതി ഉച്ചയോടെ സ്വാമിയെ സമാധിയിരുത്തി കേരളത്തിന്റെ വിവിധഭാഗങ്ങളിൽ നിന്ന് ആയിരങ്ങൾ അവിടെ എത്തിച്ചേർന്നു. വള്ളത്തോളും ഉള്ളൂരും ഉൾപ്പെടെ പ്രമുഖർ സ്വാമിയെ സ്മരിച്ച് ഗീതങ്ങൾ സമർപ്പിച്ചു. 1931 മാർച്ച് 16 ന് സമാധി പീഠത്തിന് മുകളിൽ ശിവലിംഗം പ്രതിഷ്ഠിച്ചു ഇതോടനുബന്ധിച്ച് ഒരു ആശ്രമവും സ്ഥാപിച്ചു. ശ്രീകോവിലിനകത്ത് സ്വാമിയുടെ ഊന്ന് വടിയും ഗിഞ്ചിറ യും സൂക്ഷിച്ചിട്ടുണ്ട് 1934 ൽ മഹാത്മജി രണ്ടു ദിവസം ഈ ആശ്രമത്തിൽ താമസിച്ചിട്ടുണ്ട്. അഖില ഭാരത പ്രശസ്തരായ പലരും പിൽക്കാലത്ത് ഈ ആശ്രമം സന്ദർശിച്ചിട്ടുണ്ട്.

തുടരും ...........

# പഞ്ചാക്ഷരീ സ്തോത്രമാഹാത്മ്യം

ഡോ. കെ. ഹരിഹരൻ - 9847313322

*(തുടർച്ച)*

നമശിവായ മന്ത്രം അതീവ പ്രഭാവമുള്ള താണ്. ശ്രദ്ധാ-ഭക്തിപൂർവ്വമായി മന്ത്രം ജ പിച്ച് സിദ്ധമാക്കിയാൽ ആ പ്രഭാവം പ്രകടമാ കുന്നതാണ്. ജീവിതം മംഗളമാകും അവസാ നം മോക്ഷവും പ്രദാനം ചെയ്യും.

'നാഗേന്ദ്രഹാരായ ത്രിലോചനായ
ഭസ്മാംഗരാഗായ മഹേശ്വരായ
നിത്യായ ശുദ്ധായ ദിഗംബരായ
തസ്മൈ നകാരായ നമ ശിവായ
നാഗേന്ദ്രഹാരായ'

ഭഗവാൻ ശങ്കരന്റെ കഴുത്തിൽ മാലയെന്ന പോലെ സർപ്പം ചുറ്റിക്കിടക്കുന്നു. ജടാജ്ജൂ ടം സർപ്പമാകുന്ന കയറുകൊണ്ട് കെട്ടിയി രിക്കുന്നു. കൈകളിൽ വളയുടെ രൂപത്തിലു മുണ്ട്. ചില ചിത്രങ്ങളിൽ അദ്ദേഹത്തിന്റെ കാലുകളിൽ കാണുന്ന തളകളും സർപ്പങ്ങളാ ണ്. ഇതിൽ മുഖ്യം കഴുത്തിലെ മാലതന്നെ. ഈ സർപ്പം വാസുകിയാണെന്നും, ശേഷ ഭഗവാനാണെന്നും വർണ്ണനയുണ്ട്. വാസുകി ക്കും ശേഷനും (അനന്തൻ) തമ്മിൽ ചില വ്യ ത്യാസങ്ങളുണ്ട്.

ഗീതയിൽ 'സർപ്പാണാമസ്മി വാസുകി: അനന്തശ്മാസമി നാഗാനാം' എന്ന് കാ ണുന്നു. സർപ്പരാജനായി വാസുകിയേയും നാഗരാജനായി അനന്തനേയും വർണ്ണിച്ചിരി ക്കുന്നു. പുരാണങ്ങളിൽ പറഞ്ഞിരിക്കുന്നത് ഭൂമിയിലൂടെ സഞ്ചരിക്കുന്നവ സർപ്പങ്ങളും ഭൂമിക്കടിയിലൂടെ അല്ലെങ്കിൽ പാതാളത്തിലൂ ടെ സഞ്ചരിക്കുന്നവ നാഗങ്ങളും എന്നാണ്. സർപ്പങ്ങളെ അപേക്ഷിച്ച് നാഗങ്ങൾക്കാണ് മഹത്വം കൂടുതൽ. ദിവ്യമായ പാമ്പുകളാണ് നാഗങ്ങൾ. ശിവൻ തമോഗുണിയാകയാലാ ണ് സർപ്പത്തെ ധരിക്കുന്നതെന്നാണ് ആളു കൾ പറയുന്നത്. ഭഗവാൻ ശങ്കരൻ പാമ്പിനെ കഴുത്തിൽ അണിഞ്ഞിരിക്കുകയാണെങ്കിൽ വിഷ്ണുഭഗവാൻ സർപ്പത്തെ തന്റെ ശയ്യയാ ക്കിയിരിക്കുന്നു. ശേഷശായി അനന്തശായി എന്നെല്ലാം വിഷ്ണുവിനെ വിളിക്കുന്നുണ്ട്.

ശിവന്റെ ജടയിൽ സർപ്പമുണ്ടെങ്കിൽ വി ഷ്ണുവിന്റെ ശിരസ്സിനു മുകളിൽ കുടയായി ഫണം വിടർത്തി നിൽക്കുന്നതും സർപ്പം തന്നെയാണ്. ക്രോധശീലമുള്ള സർപ്പത്തെ വശത്താക്കി വിഷ്ണു അതിനെ ശയ്യയാക്കി യിരിക്കുന്നു. ശിവനാകട്ടെ അതിനെ വശ ത്താക്കി ആഭരണമാക്കിയിരിക്കുന്നു. ഇതുവ രെ നാഗേന്ദ്രഹാരത്തിന്റെ അർത്ഥത്തെ പ റഞ്ഞു. ഇനിയും അതിന്റെ ആദ്ധ്യാത്മികാ ദിയായ അർത്ഥത്തെ അനുസന്താനം ചെ യ്യേണ്ടതുണ്ട്. ന+അ+ഗ എന്നീ മൂന്നു ശബ്ദ ങ്ങൾ ചേർന്നതാണ് 'നാഗം' എന്ന ശബ്ദം ഗ എന്നാൽ ഗമനം ചെയ്യുന്നത് എന്നർത്ഥം 'നഗ ഛതീതി അഗ' ഗമിക്കാത്തത് (ചലി ക്കാത്തത്) അഗം അഗത്തിന്റെ ശബ്ദാർ ത്ഥം ചലിക്കാത്തത് സ്ഥിരം ഈ അഗത്തി നോടും ന കാരം കൂട്ടിചേർത്താൽ ന +അഗം = നാഗം എന്നാകും ചലിക്കാത്തത് എന്നതുമല്ല 'ഗതി'യും അഗതിയും ഏതിലാണോ ഉള്ളത് അത് നാഗം. അതായത് നാഗം ചിലപ്പോൾ മാ ളത്തിൽ മിണ്ടാതെ ചുരുണ്ടുകൂടി കിടക്കുക യും ചിലപ്പോൾ പുറത്തിറങ്ങി സഞ്ചരിക്കു കയും ചെയ്യും. 'നാഗ'ശബ്ദത്തിന്റെ രൂഢി വന്ന അർത്ഥം സർപ്പം എന്നായതുകൊണ്ട് സർപ്പഗ തി പോലെ ഗതി വിവക്ഷിതമാണ്. ഇതിനെ സ്പന്ദം അല്ലെങ്കിൽ പരിസ്പന്ദം എന്നും പറയും. പരമശിവൻ സച്ചിദാനന്ദ വൈഭവ സമ്പന്നനാണ് നിർഗ്ഗുണനാണ്. പ്രകൃതിയിൽ നിന്നും പരനുമാണ്. അദ്ദേഹം തന്നെ ഇഛ യാൽ സഗുണസകലനായി അതിൽ വീണ്ടും സംക്ഷോഭമുണ്ടായപ്പോൾ പരിസ്പന്ദമായി, അതുതന്നെയാണ് ശിവശക്തി സ്വരൂപം. പരമ

ശിവൻ സ്വയം ജ്ഞാനസ്വരൂപനാണ്. ശിവഭഗവാന് മൂന്നു സ്വരൂപങ്ങളുണ്ട്. പരമശിവൻ, ശിവശക്തി, മൂന്നാമത് സദാശിവൻ. സദാശിവൻ സാകാര സ്വരൂപനാണ്. ഈ സദാശിവനെയാണ് പഞ്ചവക്ര ത്രിനേത്രം എന്നു പറയുന്നത്. സദാ ശിവന്റെ ഇടതു വശത്തു നിന്നും ബ്രഹ്മാവ്, വലതുവശത്ത് നിന്നും വിഷ്ണു ഹൃദയത്തിൽ നിന്നും രുദ്രനും ഉണ്ടായി. ഈ രുദ്രനെ പരമശിവൻ എന്നും മനസ്സിലാക്കുന്നു. ഏതിനെയാണോ സ്പന്ദാത്മകമായ ശിവതത്ത്വമെന്ന് പറഞ്ഞത് അതാണ് നാഗ സ്വരൂപമായത്. ഇന്ദ്രനാണ് നാഗങ്ങളിലെ പ്രഥമ പരിസ്പന്ദം പരിസ്പന്ദത്തിന് വക്രാത്മക ഗതിയാണ്. ഇതിന് അണ്ഡാകാരഗതി എന്നു പറയും. ഹാരം അണ്ഡാകാരത്തിലാണ്. അണ്ഡാകാരത്തിലാണ് സ്പന്ദിക്കുന്നതും അതിനാൽ നാഗേന്ദ്രഹാരമായി. ആഗമങ്ങൾ അനുസരിച്ച് സൃഷ്ടിസ്ഥിതിസംഹാരം ഇവ മൂന്നിൻറയും കർത്താവ് പരമേശ്വരനായ പരമശിവൻ തന്നെ.

നാഗേന്ദ്രൻ സ്വയം ഒരു ഹാരരൂപമാണ് ന കാരങ്ങളുടെ ഹാരമാണ്, നാഗേന്ദ്ര (ശേഷ) നാകട്ടെ ഹാരത്തിന്റെ അധിഷ്ഠാനമാണ്. സൂത്രേമണി ഗണാ ഇവ ഭഗവദ്വചനം തന്നെ. സൂത്രവും (ചരട്) മണികളും (മുത്ത്) ചേർന്ന ഹാരമുണ്ടാകുന്നതുപോലെ അധിഷ്ഠാനവും നിഷേധവും കൂടി ചേർന്നതാണ് ഹാരം. അത് സ്വയം ശിവനാകുന്നു. ത്രിലോചനായ സ്വർണ്ണവർണ്ണനായ നാഗേന്ദ്ര നാഗരാജാവിന്റെ ചിന്തനം ബാഹ്യഫലത്തെ തരുന്നതാണ്. സർപ്പത്തെ സ്വപ്നത്തിൽ കണ്ടാൽ പോലും ലക്ഷ്മീ കടാക്ഷം കിട്ടുമെങ്കിൽ പിന്നെ സർപ്പധാരിയായ ശങ്കരന്റെ ദർശനത്തെ കുറിച്ചു കൂടുതൽ പറയേണ്ടതില്ലല്ലോ.

ഭഗവാൻ വിഷ്ണുവിന് ലക്ഷ്മിപ്രിയപ്പെട്ടവളായതുകൊണ്ട് ഭക്തന്മരുടെ പക്കലുള്ള ലക്ഷ്മിയെ (ധനത്തെ) അദ്ദേഹം അപഹരിച്ച് മുക്തി കൊടുക്കും. ശങ്കരഭഗവാൻ ഇതിന് വിപരീതമാണ്. വിരക്തനാണ് അദ്ദേഹത്തിന് ധനത്തിന്റെ ലക്ഷമിയുടെ ആവശ്യമില്ല. സമൃദ്ധി സിദ്ധിയായുള്ളവനാണ്. അദ്ദേഹം സമൃദ്ധി മറ്റുള്ളവർക്ക് അതായത് തന്റെ ഭക്തന്മാർക്ക് കൊടുക്കുന്നവനാണ് വിഷ്ണുഭഗവാൻ. സ്വജനങ്ങൾക്ക് മോക്ഷം കൊടുക്കുന്നത് വിരക്തനാക്കിതീർത്തിട്ടാണ്. എന്നാൽ ഇന്നീ ലോകത്ത് മോക്ഷം മാത്രം ആഗ്രഹിക്കുന്ന വരായി വിരലിലെണ്ണാവുന്നവര് പോലുമില്ല. എല്ലാവർക്കും വീടു വേണം, ഭക്ഷണം വേണം അതിനൊക്കെ പര്യാപ്തമായ ധനം വേണം. അതിനായി നാഗേന്ദ്രഭൂഷണനായ ശങ്കരനെ സ്മരിക്കുക, ദർശിക്കുക. സംസ്കാരത്തെ ദൃഢമാക്കി സ്വപ്നത്തിൽ സ്മരിക്കുക. അതിനുശേഷം നിഷേധത്തിന്റെ ശേഷരൂപത്തിൽ രുതീയശിവസ്വരൂപം ദർശിച്ചുറപ്പിക്കുക. ഇതാണ് ന കാരത്തിന്റെ അർത്ഥം. നാഗേന്ദ്രഹാരായ ഇതിന്റെ സമർത്ഥനത്തിനും പോഷണത്തിനുമായി വേറെയും വിശേഷണങ്ങളുണ്ട്. അവയിൽ ആദ്യത്തേതാണ് 'ത്രിലോചനായ' ഭസ്മാംഗരാഗായ അന്യദേവന്മാരുടേയും മനുഷ്യാദികളേയും അപേക്ഷിച്ച് ശങ്കരനുള്ള വിശേഷത അദ്ദേഹത്തിന് മൂന്ന് നേത്രങ്ങളുണ്ട്. ബാക്കിയുള്ള ഏല്ലാവർക്കും രണ്ട് നേത്രങ്ങളെയുള്ളൂ നെറ്റിയിലുള്ള അദ്ദേഹത്തിന്റെ മൂന്നാം നേത്രം എപ്പോഴും അടഞ്ഞിരിക്കും, അത്യാവശ്യമാണെങ്കിൽ മാത്രം തുറക്കും കാണുന്നതിനാണ് രണ്ട് നേത്രങ്ങൾ. മൂന്നാം നേത്രം തുറന്നാൽ അതിൽ നിന്നും അഗ്നിപ്രവഹിക്കും. അദ്ദേഹത്തിന്റെ മൂന്നാം നേത്രം ഒരിക്കൽ മാത്രമെ തുറക്കേണ്ടിവന്നിട്ടുള്ളു എന്ന് വിശ്വസിക്കുന്നു. താരകാസുരന് ഒരു വരം കിട്ടിയിരുന്നു, ശങ്കരപുത്രനിൽ നിന്നല്ലാതെ മറ്റൊരാളിൽ നിന്ന് തന്റെ മരണം സംഭവിക്കുകയില്ലയെന്ന്. ശങ്കരൻ ആ സമയം തപസ്സിലുമായിരുന്നു. അദ്ദേഹത്തിന്റെ തപസ്സു മുടക്കാൻ ഇന്ദ്രൻ സാക്ഷാൽ കാമദേവനെ തന്നെ അവിടേയ്ക്കു പറഞ്ഞയച്ചു. കാമൻ അവിടെയെത്തിയെപ്പോഴേയ്ക്കും ഹിമാലയം മുഴുവൻ കാമമയമായി തീർന്നു. ശങ്കരനു മേൽ കാമൻ തന്റെ ബാണങ്ങൾ വർഷിച്ചു. എന്താണ് സംഭവിച്ചതെന്നറിയാൻ ശങ്കരൻ കണ്ണു തുറന്നു നാലുപാടും നോക്കി. കാമദേവൻ ഒരു മൂലയിൽ പതുങ്ങിയിരുന്ന് ബാണങ്ങൾ

വർഷിക്കുന്നതു കണ്ടു. ഭസ്മാസുരനു വേണ്ടിപ്പോലും തുറക്കാത്ത മൂന്നാംകണ്ണ് അദ്ദേഹം കാമദേവനു മുന്നിൽ തുറന്നു. ക്രോധം ശമിപ്പിക്കണേ എന്ന് ദേവതകൾ വിലപിക്കാൻ തുടങ്ങി. ആ വിലാപം ഭൂമിയിൽ കേൾക്കുന്നതിനുമുമ്പ് തന്നെ മൂന്നാം കണ്ണിൽ നിന്ന് ഉൽപ്പന്നമായ അഗ്നി കാമദേവനെ ദഹിപ്പിച്ച് ഭസ്മമാക്കി.

ഈ മൂന്നാം കണ്ണ് എല്ലാവരിലുമുണ്ട്. എങ്കിലും ദോഷങ്ങളാൽ അടഞ്ഞു പോയിരിക്കുകയാണ്. ഭഗവാൻ ശങ്കരൻ മൂന്ന് ചക്ഷുസ്സുക്കൾ (കണ്ണുകൾ) ഉണ്ട്. എന്ന് പറഞ്ഞു. അവ സാധാരണ ചക്ഷുസ്സുകളല്ല. ദിവ്യചക്ഷുസ്സുക്കൾ തന്നെയായിരിക്കും. ആ ചക്ഷുസ്സുകൾ ലൗകിക ആകാരത്തിലുള്ളവയല്ല.

ത്രിവേദീ ദിവ്യചക്ഷുഷേ

മൂന്നു വേദങ്ങൾ തന്നെയാണ് ആ ചക്ഷുസ്സുകൾ ഋഗ്വേദം, യജുർവേദം, സാമവേദം. നാലാമത്തെ അഥർവ്വ വേദം ഇതിൽ പെടുത്തിയിട്ടില്ല. എന്തു കൊണ്ടെന്നാൽ അത് ഈ മൂന്നു വേദങ്ങളുടെ പരിശേഷം മാത്രമാണ്.

വേദങ്ങൾ പരമാത്മാവിന്റെ നിശ്വാസ രൂപത്തിലാണ് പ്രകടമായതെന്നും, ആ വേദങ്ങളെക്കൊണ്ടാണ് പരമാത്മാവ് ജഗത്സൃഷ്ടി നടത്തിയതെന്നുമുള്ള കാര്യങ്ങൾ പ്രസിദ്ധമാണ്. ത്രിലോചനായ എന്നതിന് മറ്റൊരർത്ഥം കൂടിയുണ്ട്. 'ത്രീണി-ഭൂതവർത്തമാന ഭവിഷ്യാണി ലോചയതി ലോചന വിഷയീകരോതീതി ത്രിലോചന തസ്മൈ' മൂന്നിനേയും സാക്ഷാത്തായി കാണുന്നവൻ ആരോ അവൻ ത്രിലോചനൻ. എന്താണീ മൂന്ന് ഭൂതം വർത്തമാനം, ഭാവി എന്നിവ. ഇവ മൂന്നിനേയും പ്രത്യക്ഷരൂപത്തിൽ തന്നെ ഭഗവാൻ ശങ്കരൻ കാണുന്നതുകൊണ്ട് അദ്ദേഹം ത്രിലോചനൻ. മഹാത്മാക്കളായ യോഗികൾക്കും ഭൂത - വർത്തമാന ഭാവികളെ കാണാം. അനന്തങ്ങളായ വസ്തുക്കളെ കാണാൻ സാധിക്കുമോ എന്നത് യോഗത്തിന്റെ ഉത്കർഷത്തെ ആശ്രയിച്ചിരിക്കുന്നു. ഈശ്വരൻ ജഗത് കർത്താവിന്റെ രൂപത്തിൽ എല്ലാവർക്കും സമ്മതനായതുകൊണ്ട് ത്രിലോചനായ എന്ന അർത്ഥമെടുക്കാൻ സംശയിക്കേണ്ടതില്ല. ത്രിലോചനൻ ചന്ദ്രാർക്ക വൈശ്വാനരലോചനൻ എന്ന രൂപത്തിലും വർണ്ണയുണ്ട്.

ഭസ്മാംഗരാഗായ

ഭസ്മം അംഗരാഗം അംഗരഞ്ജന ദ്രവ്യം ആരുടേതോ അവൻ ഭസ്മാംഗരാഗനാണ്. ഭഗവാൻ ശങ്കരൻ ചിലപ്പോൾ ത്രിപുണ്ഡ്രേ ധരിക്കും. ചിലപ്പോൾ ദേഹം മുഴുവൻ ഭസ്മം വാരിപ്പൂശും ചില സന്യാസിമാരും ഭസ്മാധാരണം ചെയ്യാറുണ്ട്. നാഗസന്യാസിമാർ ചിലപ്പോൾ ത്രിപുണ്ഡ്രവും ചിലപ്പോൾ ഭസ്മ ഉദ്ധൂളനവും ചെയ്യും. പ്രയാഗരാജ് കുംഭമേള, തണുപ്പ് സമയത്താണ് ആരംഭിക്കുന്നത്. മകരസംക്രാന്തിക്ക് അതിശൈത്യമാണ്. രാവിലെ സൂര്യോദയത്തിനു മുമ്പ് നാഗസന്യാസിമാർ സ്നാനം ചെയ്യാനിറങ്ങും. അതിശൈത്യത്തിൽ മഞ്ഞുപോലെയുള്ള തണുത്ത വെള്ളത്തിലുള്ള സ്നാനം, പോയതുപോലെയുള്ള മടക്കം. അവർ ശരീരമാസകലം ഭസ്മം വാരിപ്പൂശിയിട്ടാണ് പുറപ്പെടുന്നത്. സ്നാനത്തിനു ശേഷം വീണ്ടും ശരീരമാസകലം ഭസ്മം വാരിപ്പൂശിയാണ് കൂടാരങ്ങളിലേക്കു മടങ്ങുന്നത്.

എല്ലാ ലോകങ്ങളിലേക്കാളും ഉയരത്തിലാണ് കൈലാസം എന്ന രജതഗിരി. ഭൂകൈലാസം മഞ്ഞുകൊണ്ട് മൂടികിടക്കുന്നതിനാൽ വെള്ളി പോലെ ശോഭിക്കും. അവിടെ താമസിക്കുന്ന ഭോലേ ബാബമാർ മാൻതോലോ പുലിത്തോലോ ധരിച്ചും ചിലപ്പോൾ ഒന്നും ധരിക്കാതെയും വസിക്കുമ്പോൾ കഠിനമായ തണുപ്പ് തീർച്ചയായും ബുദ്ധിമുട്ടിക്കും, അപ്പോൾ അവർ ശരീരമാസകലം ഭസ്മം പൂശുന്നുണ്ടാകും. ഇതു തന്നെയാകാം ഭസ്മാംഗരാഗത്തിന്റെ രഹസ്യം.

ചിതാഭസ്മലേപോഗരളമശനം ദിക്പടധരോ എന്നാണ് പറഞ്ഞിട്ടുള്ളത്. ശ്മശാനം വെറുക്കപ്പെട്ട സ്ഥലമാണ്. അവിടെ പാർക്കുന്നത് താമസികൾ മാത്രം. താമസികൾ അന്ത്യകാലത്ത് അവിടെ എത്തിച്ചേരും. എത്രകാലം അവർ അവിടെ കഴിയും എന്ന് നിശ്ചയമില്ല. എന്തായാലും വീട്ടിലേക്ക് തിരിച്ച് പോകാനാവില്ല. പലർക്കും സാ

ധാരണയായി ഭൂത പ്രേതയോനികളിൽ കുറച്ചുകാലം കഴിയേണ്ടിവരും. തമോമയമായ വെറുക്കപ്പെട്ട ആ സ്ഥലത്ത് കഴിയുകയെന്നത് വളരെ കഷ്ടമാണ്. ബന്ധുക്കളും മക്കളും കർമ്മം കഴിച്ചു തിരിച്ചു പോകും. എന്നാൽ, തന്റെ അച്ഛൻ, അപ്പൂപ്പൻ എങ്ങനെകഴിയുന്നു എന്ന് നോക്കാൻ പോലും ആരും അവിടേക്കു ചെല്ലില്ല. പരേതൻ ആ സമയം ശ്മശാനത്തിൽ വിലപിച്ചും, കരഞ്ഞും കഴിയും. ആരും അന്വേഷിക്കുകപോലും ഉണ്ടാകില്ല. ബ്രഹ്മാവും വരില്ല, ഉപാസിച്ച വിഷ്ണുവും എത്തില്ല. ആപത്തു കാലത്ത് ആരും തുണയായി ഉണ്ടാകില്ല. എന്നാൽ ഒരാൾ അവിടെ വരും ഭഗവാൻ ശങ്കരൻ. പുത്രാ ഭയപ്പെടേണ്ട ഞാൻ നിന്നോട് കൂടെയുണ്ട്. അപ്പോഴാണ് നിങ്ങൾ ശങ്കരന്റെ മൂല്യമെന്തെന്ന് അറിയുന്നത്.

ശ്മശാനത്തിൽ ശരീരം ദഹിച്ച് ഭസ്മമായി തീരും. എന്നാലും ജീവാത്മാവിന് അതിനോടുള്ള മമത വിട്ടുപോവില്ല. വരുന്ന മാത്രയിൽ ശങ്കരഭഗവാൻ ആ മൃതാത്മാവിനെ ആലിംഗനം ചെയ്യും. അപ്പോൾ ആ മൃതാത്മാവിന് മഹത്തായ ആനന്ദം ലഭിക്കും. അതിനാൽ ചിതാഭസ്മലേപ സ്രഹചിത്യകരോടീപരികര എന്ന് സ്തുതിക്കുന്നു.

ഇനി ഇതിന്റെ ആദ്ധ്യാത്മിക രഹസ്യം നോക്കാം. ത്രിപുണ്ഡ്രത്തിൽ മൂന്നു രേഖകളുണ്ട്. ഭസ്മം ഉദ്ധൂളനം ചെയ്താൽ രേഖകളില്ല. ശരീരമാസകലം ഭസ്മം പൂശും. പുണ്ഡ്യമാനത്വാത് പുണ്ഡ്രം എന്നാണ് പുണ്ഡ്രത്തിന്റെ അർത്ഥം മൂഡി ഖണ്ഡനേ പുഡി ചേത്യേകേ എന്ന് ധാതുപാഠം. ഖണ്ഡിക്കുക അവസാനിപ്പിക്കുക എന്നല്ലാമാണ് പുണ്ഡ എന്ന ധാതുവിനർത്ഥം. ഖണ്ഡിക്കപ്പെട്ട ദഹിക്കപ്പെട്ട ആ മൂന്നെണ്ണം എന്ത് സത്വഗുണം രജൗഗുണം, തമോഗുണം എന്നിവയാണവ. ഈ മൂന്നെണ്ണം ജ്ഞാനാഗ്നിയിൽ ദഹിച്ചു കിട്ടിയ ഭസ്മമാണ് ഭഗവാൻ ത്രിപുണ്ഡ്രമായി ധരിക്കുന്നത്. സൃഷ്ട്യാദികൾക്കു വേണ്ടിയാണ് ഭഗവാൻ മൂന്ന് ഗുണങ്ങളെ ധരിച്ചത്. എന്നിട്ട് സ്വയം അവയെ കത്തിക്കുകയും ചെയ്തു. ബാധിതമാക്കുകയും ചെയ്തു.

ശിവൻ വിശ്വോത്പത്തിക്കുവേണ്ടി രജോഗുണം ധരിച്ച് ബ്രഹ്മാവിന്റെ രൂപത്തിൽ സൃഷ്ടി നടത്തുന്നു. അദ്ദേഹം തന്നെ വിശ്വരക്ഷക്കുവേണ്ടി സത്വഗുണം ധരിച്ച് വിഷ്ണുരൂപത്തിൽ രക്ഷ ചെയ്യുന്നു. ശിവൻ തന്നെ സംഹാരത്തിൽ തമോഗുണം ധരിച്ച് രുദ്രരൂപത്തിൽ സംഹാരവും ചെയ്യുന്നു. ഈ മൂന്നു ഗുണങ്ങളേയും സാധനമാക്കി ധരിക്കുന്നത് ഒരേയൊരു ശിവനാണ്.

പരബ്രഹ്മ പരമാത്മാവ് (വിഷ്ണു) നാമാണ്. ബ്രഹ്മാവും രുദ്രനും നാമാകുന്നു. ജഗത്തിന്റെ മൂലകാരണം ബ്രഹ്മമാണ്. അത് ആത്മാവാകുന്നു, ഈശ്വരനാകുന്നു. സാക്ഷിയാകുന്നു. നിർവിശേഷ നിരൂപാധികനാകുന്നു. അതേ പരമാത്മാവു തന്നെയാണ് ത്രിഗുണമായി ആത്മമായയിൽ പ്രവേശിച്ചിട്ട് സൃഷ്ടി, സ്ഥിതി, സംഹാരം എന്നിവ ചെയ്ത് അതാത് ക്രീയകൾക്കുചിതമായ പേരുകളോടു കൂടി വർത്തിക്കുന്നത്. ഈ മൂന്നു പേർക്കും ഒരേ സത്തയും ഭാവവുമാണുള്ളത്. ഇവ മൂന്നും ഭേദഭാവത്തിൽ കാണരുത്. എന്തെന്നാൽ ഇവ മൂന്നും എല്ലാവരുടേയും ആത്മസ്വരൂപമാണ്, മോക്ഷഭോഗിയുമാണ്. ഈ മൂന്നു ഗുണങ്ങളേയും ജ്ഞാനാഗ്നിയിൽ ദഹിപ്പിച്ചു ഭസ്മമാക്കി ആ ഭസ്മം മസ്തകത്തിൽ അണിഞ്ഞ്, മൂന്നു ഗുണങ്ങളുടേയും ബാധ മസ്തകത്തിൽ ഏറ്റുവാങ്ങി. ഈ അവസ്ഥയിലെ ഭഗവത് സ്വരൂപമാണ്. നിസ്ത്രൈഗുണം. അതു തന്നെയാണ് തുരീയാവസ്ഥ ആ സമയത്തിന്റെ പേരാണ് ശിവം.

ഭസ്മോദ്ധൂളനം ശരീരം മുഴുവനും ഭസ്മസ്നാനം ചെയ്യലാണ്. മുഴുവൻ ജഗത്തിനേയും ബാധിതമാക്കുകയെന്നാണ്. ബാധയ്ക്കു ശേഷം ഉള്ള അവശിഷ്ടതത്വമാണ് ഭസ്മം. അതിനാൽ ശങ്കരനെ സംസാരസാരം എന്നു വിളിക്കും. കർപ്പൂരഗൗരം കരുണാവതാരം സംസാരസാരം രത്നം മുത്ത് ഇവയെല്ലാം കത്തിച്ചു ഭസ്മമുണ്ടാക്കും. അതാണ് ഇവയുടെ സാരം. അതുപോലെ ഈ സംസാരത്തെ കത്തിച്ചതിനു ശേഷം കിട്ടുന്ന സാരമാണ് സംസാരസാരം.

മഹേശ്വരായ

അധ്യാരോപ അപവാദ രൂപത്തിലുള്ള നാഗേന്ദ്രഹാരം, ത്രികാലസാക്ഷാത്കാര രൂപത്തിലുള്ള ത്രിനേത്രം, സംസാരസാര രൂപത്തിലുള്ള ഭസ്മധാരണം ഈ മൂന്നിനും യോഗ്യമായ ആധാരമായ നാലാമത് വിശേഷണമാണ് മഹേശ്വരായ മറ്റു ദേവന്മാരെല്ലാം ഈശ്വരൻ എന്നതിൽ എത്തി നിൽക്കുമ്പോൾ ശങ്കരൻ മഹേശ്വരൻ ആണ്. മറ്റുള്ളവരെല്ലാം ഭഗവാന്മാരാണ് ശങ്കരഭഗവാൻ മഹാദേവനാണ് സൃഷ്ടികർത്താവായ ബ്രഹ്മാവ് മഹാനല്ല, രക്ഷ തരുന്ന വിഷ്ണുഭഗവാൻ മഹാനല്ല എന്നാൽ സംഹാരകൻ ആയ ശിവൻ മഹാനായി, അത് എങ്ങനെ നമ്മങ്ങൾക്ക് സ്വന്തം വീട്ടിൽ പുത്രന് ജന്മം നൽകാം, അവനെ പരിപാലിക്കാം. തെറ്റു ചെയ്താൽ അവനെ വധിക്കാൻ പറ്റുമോ ഇല്ല വധിക്കാനും തൂക്കിക്കൊല്ലാനുമുള്ള അധികാരം സർക്കാരിനു മാത്രമാണ്. സർക്കാരാണ് മുഴുവൻ ദേശത്തിന്റേയും ഉടമസ്ഥർ. അതുപോലെ ബ്രഹ്മാവ് സൃഷ്ടിക്കും വിഷ്ണു രക്ഷിക്കുകയും ചെയ്യും എന്നാൽ സംഹാരം മഹേശ്വരൻ മാത്രമാണ് ചെയ്യുന്നത്. ഇതാണ് സാമാന്യ അർത്ഥം സംഹാര കർത്താവ് രുദ്രരൂപത്തിലാണെന്ന് മുമ്പ് പ്രസ്താവിച്ചിട്ടുണ്ട്.

സർവ്വജ്ഞരാ തൃപ്തിരനാദിബോധ സ്വതന്ത്രതാ

നിത്യമലുവ്പത ശക്തി

അനന്തശക്തിശ്ച വിഭോർവിധിജ്ഞാഷഡാഹുരണങ് ഗാനി മഹേശ്വരസ്യ

സർവജ്ഞനാ തൃപ്തി തുടങ്ങിയ ആറു ഗുണങ്ങൾ അഥവ അംഗങ്ങളും പൂർണ്ണതയോടെ ഉണ്ടെങ്കിൽ മാത്രമെ മഹേശ്വരനാവുകയുള്ളൂ. ഇവയെല്ലാം സദാശിവനിൽ ഉണ്ട് അതിനാൽ അദ്ദേഹം മഹേശ്വരനാണ്. സർവ്വജ്ഞനല്ലെങ്കിൽ പഞ്ചകൃത്യങ്ങൾ ചെയ്യാനാകില്ല. സൃഷ്ടി, സ്ഥിതി, സംഹാരം, തിരോധനം, അനുഗ്രഹം ഇവയാണ് അഞ്ച് കൃത്യങ്ങൾ ഇവയിൽ പഞ്ചകൃത്യാകാരിയായതുകൊണ്ട് മഹേശ്വരൻ സർവ്വജ്ഞനുമാണ്. അദ്ദേഹം തന്നെ ഈശ്വരനും പശുപതിയും ആ മഹേശ്വരനെ നാം വന്ദിച്ചുകൊണ്ട് പ്രാർത്ഥിക്കുന്നു.

ഭഗവാന് ഒരു തുളസീദളമോ കൂവളത്തില കളോമതിയാകും. അല്പം ജലവും ഇത്രയുമായാൽ ഭഗവാൻ തന്നെത്തന്നെ ഭക്തനുവിൽക്കും എന്നാൽ പത്രം പുഷ്പം എന്നതിൽ ഒരു നിബന്ധനയുണ്ട്. ഭക്ത്യ, ഭക്തി ഒരു അനിവാര്യഘടകമാണ്. ഭക്തിയോടെ ഒരു തുളസിയില സമർപ്പിച്ചാൽ മതിയാകും. ഭക്തിയില്ലെങ്കിലോ കോടികൾ ചിലവഴിച്ചാലും കാര്യമില്ല. യോമേ ഭക്ത്യാ പത്രപുഷ്പാദികൾ ആ ഭക്തിയെ ഭഗവാനിൽ എത്തിക്കാനുള്ള മാദ്ധ്യമങ്ങളാണ്. അതുപോലെ ഭഗവാന്റെ അടുത്ത് നമ്മുടെ ഭാവം എത്തിക്കാനുള്ള മാദ്ധ്യമം പത്രപുഷ്പാദികളാണ്. ഭഗവാൻ പത്രപുഷ്പാദികൾക്കു വേണ്ടി കാത്തിരിക്കുന്നവനല്ല. എന്നാൽ ഭാവത്തിനുവേണ്ടി കാത്തിരിക്കുന്നവനാണ്. ഭഗവാൻ നിത്യതൃപ്തനാണ് ഭാവഭക്തിയും നമ്മെ ഭഗവാനിൽ എത്തിക്കാനുള്ള സാധനയാണ്.

സൃഷ്ടികർത്താവായ ബ്രഹ്മാവിന് സൃഷ്ടികർമ്മത്തിന് ആവശ്യമായ ജ്ഞാനം മാത്രമെ ആവശ്യമുള്ളൂ, വിഷ്ണുവിനും രക്ഷാവിഷയജ്ഞാനം മാത്രവും, രുദ്രന് സംഹാരവിഷയക ജ്ഞാനം മതിയെന്നതും യുക്തിസഹജം തന്നെ. പക്ഷെ മഹേശ്വരനാകട്ടെ അഞ്ചു കൃത്യങ്ങളുണ്ട്. അപ്പോൾ അദ്ദേഹത്തിന് അഞ്ച് കൃത്യങ്ങൾക്കുള്ള ജ്ഞാനം ഉണ്ടാകണമെന്ന് അനുമാനിക്കാം. അങ്ങനെയാണ് അദ്ദേഹത്തിന് സർവ്വജ്ഞത സിദ്ധമാകുന്നത്. ഈ അഞ്ച് കൃത്യങ്ങളിൽ മുഴുവൻ ജഗത്തും ഉൾപ്പെടുന്നു. സർവ്വ ജഗത്തിന്റേയും പ്രാതിസ്വികരൂപത്തിലുള്ള ജ്ഞാനം തന്നെയാണ് സർവ്വജ്ഞത.

ഇവിടെ മഹേശ്വരായ എന്നതുകൊണ്ട് സർവ്വജ്ഞത, തൃപ്തി തുടങ്ങി ആറ് അംഗങ്ങളാൽ യുക്തനായ മഹേശ്വര ശിവൻ എന്ന് അർത്ഥമാകുന്നു. ഈശധാതുവിൽ നിന്ന് നിഷ്പന്നമായതിനാൽ വിഷിഷ്ടാർത്ഥവും ഈ പദം ദ്യോതിപ്പിക്കുന്നുണ്ട്.

ഈശിതാ പരമേശ്വര പരമാത്മാസർവ്വസ്യസഹി

സർവ്വമിഷ്ടേ സർവ്വ ജന്തുനാമാത്മാസൻ
പ്രത്യഗാത്മനതയാ

ഇങ്ങനെയാണ് ഈശപദത്തിന്റെ വ്യാഖ്യാനം ഈശിത എന്ന പദത്തിനർത്ഥം ഈശ്വരൻ എന്നാണ്. ഇവിടെ മഹേശ്വരനിൽ മഹാ എന്ന പദം ചേർന്നതുകൊണ്ട് അർത്ഥഗ്രഹണം എളുപ്പമാകുന്നു. പ്രത്യാഗാത്മാവായിരുന്ന് എല്ലാത്തിനേയും ഭരിക്കുന്നതുകൊണ്ട് മഹേശ്വരൻ. കുടത്തിന്റെ പ്രതഗാത്മാവ് മണ്ണ്. അതുകൊണ്ട് കുടം മണ്ണുമയം ഇതുപോലെ മഹേശ്വരൻ സർവ്വജഗത്തിന്റേയും പ്രത്യാഗാത്മാവയതിനാൽ സർവ്വജഗത്തും മഹേശ്വരമായെന്ന് സിദ്ധമായി. പൃഥി, ജലം, അഗ്നി, വായു, ആകാശം, സൂര്യൻ,, ചന്ദ്രൻ, ആത്മാവ് എന്നീ എട്ടിനേയും ശിവസ്വരൂപമെന്നു പറഞ്ഞ് അഷ്ടമൂർത്തി സ്വരൂപമായി വർണ്ണിക്കുന്നു. ഇപ്രകാരം അഷ്ടമൂർത്തിയെന്ന് സ്തുതിക്കുന്നതും പരിചിതനവരുത്തലാണ്. ശങ്കരഭഗവാൻ സർവ്വമൂർത്തി തന്നെയാണ് എന്ന് വിശ്വസിക്കാം.

*****


**മന്നിൽക്കോളാർന്നിരമ്പും ജലനിധി, മുകളിൽ-**
**ച്ചാരുതാരാസമൂഹം**
**ചിന്നിക്കാണും നഭോമണ്ഡല,മതിനു നടു-**
**ക്കുജ്ജ്വലിക്കുന്ന ചന്ദ്രൻ**
**എന്നിസ്സർവ്വേശസൃഷ്ടിക്രമമഹിമ കുറി-**
**ക്കുന്ന വസ്തുക്കളെല്ലാ**
**മൊന്നിച്ചാഹന്ത! കാൺകെക്കരളിടയിലഹം-**
**ബുദ്ധി നിൽക്കുന്നതാണോ ?**

*വിശ്വരൂപം, വി.സി. ബാലകൃഷ്ണ പണിക്കർ.*

***ഭൂമിയിൽ കോളുകൊണ്ടിരമ്പുന്ന സമുദ്രം, മുകളിൽ മനോഹരമായ നക്ഷത്രസമൂഹം, ഇവ രണ്ടിന്റെയും മദ്ധ്യത്തിൽ ശോഭിക്കുന്ന ചന്ദ്രൻ സർവ്വേശ്വരന്റെ സൃഷ്ടി മാഹാത്മ്യം കുറിക്കുന്ന വസ്തുക്കളെയെല്ലാം ഒന്നിച്ചു കാണുന്ന സമയത്ത് ആരുടെയെങ്കിലും മനസ്സിൽ അഹങ്കാരം നിലനിൽക്കുമോ ?***

# രണ്ടാം ചരമവാർഷികം

**10.3.2024**



വാത്സല്യനിധിയായ ഞങ്ങളുടെ അച്ഛൻ ശ്രീ. സി. കൃഷ്ണമൂർത്തി ഞങ്ങളെ വിട്ടുപിരിഞ്ഞിട്ട് രണ്ട് വർഷം തികയുന്നു. അച്ഛന്റെ സ്നേഹസ്മരണകൾക്കു മുമ്പിൽ ബാഷ്പാഞ്ജലികൾ അർപ്പിച്ചുകൊണ്ട് ആ പുണ്യാത്മാവിന്റെ നിത്യശാന്തിക്കുവേണ്ടി പ്രാർത്ഥിക്കുന്നു.

സീത
മോഹനൻ

കൊച്ചുമക്കൾ:
ഉമാദേവി
ശ്രീദേവി

**സി. കൃഷ്ണമൂർത്തി**
പ്രിയദർശിനി
ചിറ്റൂർ റോഡ്, കൊച്ചി–35

# ആഗോളതാപനം വീണ്ടും ആശങ്കാജനകം

എൻ. രാജശേഖരൻ – 9895550719

*(തുടർച്ച)*

**VI കാർബൺ പുറം തള്ളാത്ത രാജ്യമെന്ന സ്വപ്നം യാഥാർത്ഥ്യമാകുന്നു.**

സ്കോട്ട്ലാൻഡിലെ ഗ്ലാസ്ഗോയിൽ കഴിഞ്ഞ നവംബർ 12ന് അവസാനിച്ച 200 രാജ്യങ്ങൾ പങ്കെടുത്ത ഉച്ചകോടിയെ വൻ പ്രതീക്ഷയോടെയാണ് ലോകം കാത്തിരുന്നത്. പക്ഷേ പരിസ്ഥിതി പ്രവർത്തകർ വിമർശിച്ചതുപോ ലെ അത് വെറും വാചകമടിയിൽ അവസാനിക്കുകയാണുണ്ടായത്. ലോകരാജ്യങ്ങളിലെ ഭരണാധികാരികൾ മാത്രമായിരുന്നില്ല അവർക്ക് പുറമേ ശാസ്ത്രജ്ഞന്മാർ, കാലാവസ്ഥ വിദഗ്ധർ, പരിസ്ഥിതി പ്രവർത്തകർ, യുവാക്കൾ, സർവ്വകലാശാല വിദ്യാർത്ഥികൾ എന്നിങ്ങനെ എത്രയോ വലിയ ഒരു നിര തന്നെ ആകാംക്ഷാഭരിതരായി ഉച്ചകോടി നിരീക്ഷിച്ചുകൊണ്ടിരുന്നു. അന്തരീക്ഷ താപനില 2030 നകം 1.5 ഡിഗ്രി സെൽഷ്യസിനപ്പുറം കടക്കാതെ പിടിച്ചു നിർത്തണമെന്ന് ശാസ്ത്രജ്ഞർ ഐ പി സി സി യുടെ 6–ാം റിപ്പോർട്ടിൽ വളരെ വ്യക്തമായി പറഞ്ഞിരുന്നു. താപവർദ്ധനവും ഒന്നര ഡിഗ്രി സെൽഷ്യസായി പിടിച്ച് നിർത്തണമെങ്കിൽ 2050 ലെങ്കിലും കാർബൺ പുറം തള്ളൽ നെറ്റ് സീറോ ആക്കേണ്ടി വരും.

എന്നാൽ നിർഭാഗ്യകരമെന്ന് പറയട്ടെ കാലാവസ്ഥാ വ്യതിയാനത്തെ തുടർന്ന് ലോകമെമ്പാടുമുള്ള ജീവജാലങ്ങൾ അനുഭവിച്ചുകൊണ്ടിരിക്കുന്ന യാതനകൾക്കും ദുരിതങ്ങൾക്കുമുള്ള യാതൊരു നടപടിയും ഉച്ചകോടിയിൽ ഉരുത്തിരിഞ്ഞ് വന്നില്ല. ദരിദ്രരാജ്യങ്ങൾക്കുള്ള സഹായനിധി നൽകണമെന്ന ധാരണപോലും 2025 സമ്മേളനത്തിലേക്ക് മാറ്റിവക്കപ്പെടുകയാണുണ്ടായത്.

എന്നാൽ സമ്പന്ന രാജ്യങ്ങളുടെ ഉച്ചകോടിയോടുള്ള ഇത്തരം തണുപ്പൻ സമീപനത്തിനിടയിൽ പോലും, ഉച്ചകോടിയിൽ പങ്കെടുത്ത് സംസാരിച്ച ഇന്ത്യൻ പ്രധാനമന്ത്രി നടത്തിയ പ്രഖ്യാപനങ്ങൾ ഏറെ ശ്രദ്ധേയമായെന്ന് മാത്രമല്ല അവ നടപ്പാക്കുന്നതിൽ ഇന്ത്യൻ പ്രധാനമന്ത്രി കാണിക്കുന്ന സത്യസന്ധത ഏറെ പ്രശംസ പിടിച്ച് പറ്റിയിരിക്കുന്നു. ഉച്ചകോടിയിൽ പ്രധാനമന്ത്രി നടത്തിയ പ്രഖ്യാപനങ്ങളുടെ സംക്ഷിപ്ത രൂപം താഴെ കൊടുക്കുന്നു.

1. 2030–ആകുമ്പോൾ 500 ജിഗാബൈറ്റ് ആയി ഫോസിൽ ഇതര ഊർജ്ജശേഷി വർധിപ്പിക്കുന്നതാണ്.

2. ഇന്ത്യയുടെ ഊർജ്ജാവശ്യങ്ങൾ 2030 നകം പകുതിയിലധികം പുനരുപയോഗ ഊർജ്ജസ്ത്രോതസ്സുകളിൽ നിന്നായിരിക്കും നിറവേറ്റുന്നത്.

3. ഇന്ത്യയുടെ കാർബൺ ബഹിർഗമനം 2030 നകം 100 കോടി ടൺ കുറക്കുന്നതാണ്.

4. സാമ്പത്തിക മേഖലയിലെ കാർബൺ ഇന്ധനങ്ങൾ 45 ശതമാനത്തിൽ താഴെയാക്കും.

5. നെറ്റ് സീറോ എമിഷൻ എന്ന ലക്ഷ്യം 2070 നകം ഇന്ത്യ കൈവരിക്കും.

**VI. മലിനീകരണം കുറയ്ക്കുന്നതിന് കൈക്കൊണ്ട നടപടികൾ**

1. കൊച്ചി അന്താരാഷ്ട്ര വിമാനത്താവളം (CIAL)ലോകത്തിലെ തന്നെ ആദ്യ സമ്പൂർണ്ണ സൗരോർജ്ജ വിമാനത്താവളമാക്കി മാറ്റി.

ഹരിതോർജ്ജ ഉൽപ്പാദനത്തിൽ ലോകത്തിലെ തന്നെ ഏക ഹരിതോർജ്ജ വിമാനത്താവളമായി സിയാൽ മാറികഴിഞ്ഞു.

2. ഡൽഹിയിലെ നിരത്തുകളിൽ ഓടുന്ന ബസ്സുകൾ, ഓട്ടോറിക്ഷകൾ എന്നിവ പ്രകൃതി വാതകം ഇന്ധനമായി ഉപയോഗിക്കണമെന്ന് നിഷ്കർഷിച്ചതോടെ മാലിന്യത്തിന്റെ അളവ് ഇതിന് ആനുപാതികമായി കുറക്കാൻ കഴിഞ്ഞു.

3. ഏഷ്യയിലെ തന്നെ ഏറ്റവും വലിയ സൗരോർജ്ജ പദ്ധതി മദ്ധ്യപ്രദേശിലെ റേവയിൽ പ്രധാനമന്ത്രി ഉത്ഘാടനം ചെയ്തു കഴിഞ്ഞു. 750 മെഗാവാട്ട് വൈദ്യുതി ഉൽപ്പാദിപ്പിക്കുന്ന ഈ പദ്ധതിയുടെ സോളാർ പാർക്ക് 1500 ഹെക്ടർ സ്ഥലത്താണ് സ്ഥാപിച്ചിരിക്കുന്നത്.

4. റഫറിജന്റുകളുള്ള എയർ കണ്ടീഷണുകളുടെ ഇറക്ക് മതി കേന്ദ്രഗവൺമെന്റ് നിരോധിച്ചു. തണുപ്പിക്കുന്നതിന് എയർ കണ്ടീഷനുകളിൽ ഉപയോഗിക്കുന്ന രാസവസ്തുക്കളാണ് റെഫ്റിജന്റുകൾ. പരിസ്ഥിതിക്ക് വളരെയധികം ഹാനികരമായ ക്ലോറോഫ്ലൂറോ കാർബണുകൾ ഓസോൺ മണ്ഡലത്തിൽ പ്രവേച്ഛദ്വാരങ്ങൾ സൃഷ്ടിക്കുന്നു.

5. ഫോസിൽ ഇന്ധനം മൂലമുണ്ടാകുന്ന പരിസ്ഥിതി മലിനീകരണം കുറക്കുന്നതിന് ഹൈഡ്രജൻ ഇന്ധനമായി ഉപയോഗിക്കുന്ന വാഹനങ്ങൾ നിർമ്മിക്കാൻ കേന്ദ്രഗവൺമെന്റ് അംഗീകാരം നൽകി.

6.പഴക്കം ചെന്ന വാഹനങ്ങൾ പൊളിക്കുന്ന നയം ഗവൺമെന്റ് ആവിഷ്കരിച്ചും നടപ്പാക്കാനുള്ള പ്രാരംഭനടപടികൾ സ്വീകരിച്ചു. പഴക്കം ചെന്ന വാഹനങ്ങൾ സൃഷ്ടിച്ചുകൊണ്ടിരിക്കുന്ന മലിനീകരണം കുറച്ച് പരിസ്ഥിതിയെ സംരയിക്കുയാണ് ലക്ഷ്യം.

7. ഗ്ലാസ്ഗോയിൽ നടന്ന യുഎൻ കാലാവസ്ഥാ ഉച്ചകോടിയിലെ അതിപ്രധാന തീരുമാനമായ കാർബൺ ബഹിർഗമനം നെറ്റ് സീറോ എന്ന ലക്ഷ്യത്തിലെത്തിക്കുന്നതിന് പെട്രോളിനോടൊപ്പം ജൈവ ഇന്ധനമായ എഥനോൾ ചേർത്ത് അന്തരീക്ഷവായുവിന്റെ മലിനീകരണം കുറക്കുന്നതിന് എഥനോൾ ബ്ലൻഡഡ് പ്രോഗ്രാം ആരംഭിച്ചു കഴിഞ്ഞിരിക്കുന്നു.

8. 2070-ൽ ഇന്ത്യയുടെ കാർബൺ ബഹിർഗമനം പൂജ്യമാക്കുന്ന പ്രധാനമന്ത്രിയുടെ ലക്ഷ്യം സാക്ഷാത്കരിക്കുന്നതിന് ടാറ്റാ ഗ്രൂപ്പ് 13000 കോടി രൂപാ ചിലവിട്ട് EV ബാറ്ററി നിർമ്മിക്കുന്ന പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള നടപടികൾ പൂർത്തിയായി കഴിഞ്ഞു. പെട്രോൾ, ഡീസൽ എന്നീ ഇന്ധനങ്ങൾ ഒഴിവാക്കി പൂർണ്ണമായും വൈദ്യുതിയിൽ പ്രവർത്തിക്കുന്ന വാഹനങ്ങളുടെ നിർമ്മാണം ശക്തമാക്കാനുള്ള ഒരുക്കത്തിലാണ് കേന്ദ്രസർക്കാർ.

ഹരിതഗൃഹവാതകങ്ങൾ അന്തരീക്ഷത്തിലേക്ക് പുറന്തള്ളുന്നത് പൂർണ്ണമായും ഇല്ലാതാക്കുന്നതിന് വൈദ്യുത വാഹനങ്ങളേക്കും, ഹൈഡ്രജൻ വാഹനങ്ങളിലേയ്ക്കും മാറ്റുക എന്നതാണ് സർക്കാറിന്റെ പ്രഖ്യാപിത ലക്ഷ്യം. ടാറ്റ ഗ്രൂപ്പിന്റെ ഉപകമ്പനിയായ ടാറ്റ അഗരതാസ എനർജി എന്ന പേരിലാണ് ഈ കമ്പനി അറിയപ്പെടുക. ഗുജറാത്തിലാണ് ഈ കമ്പനി സ്ഥാപിതമായിരിക്കുന്നത്. 13000 പേർക്ക് ജോലി നൽകുന്നതാണ് ഈ പ്ലാന്റ്.

8. മലിനീകരണം കുറയ്ക്കുന്നതിന് ട്രെയിനുകളിലെ എൻജിനുകളിൽ നടത്തിയ പരീക്ഷണം.

ഡീസൽ ഉപയോഗിക്കുന്നത് പരമാവധി കുറക്കുന്നതിന് ട്രയിനുകളിൽ റിസർച്ച് ഡിസൈൻ ആന്റ് സ്റ്റാൻഡേർഡ് ഓർഗനൈസേഷനും ഇന്ത്യൻ ഓയിൽ കോർപ്പറേഷൻലിമിറ്റഡും ചേർന്ന് ഏ .ഡി. 15 എന്ന ഇന്ധന


പോർമുലേഷൻ പരീക്ഷണം വൻ വിജയമായി തീർന്നിരിക്കുന്നു.

ലോക്കമോട്ടീവ് എഞ്ചിനിൽ 15 ശതമാനം മെഥനോൾ കലർത്തി ഡീസൽ ഉപയോഗിച്ചുള്ള പരീക്ഷണമാണ് വിജയത്തിലെത്തിയത്. 71 ശതമാനം ഡീസൽ, 15 ശതമാനം മെഥനോൾ 14 ശതമാനം കല്ലർ അഡിറ്റീവുകൾ എന്നിവയുടെ മിശ്രിതമായ എം.ഡി. 15 എന്ന പേരിലുള്ള ഇന്ധനമാണ് IOCL വികസിപ്പിച്ചെടുത്തിട്ടുള്ളത്.

എ.ഡി. 15 എന്ന ഇന്ധനത്തോട് കൂടിയ 4500 ഒജ ഡീസൽ ലോക്കൊമോട്ടീവ് എഞ്ചിനിൽ ഞളടഛ വിശദമായ എഞ്ചിൻ പരിശോധന നടത്തി വിജയമെന്ന് കണ്ട് ഉപയോഗിക്കാൻ അനുമതി നൽകിയിരിക്കുന്നു. ലോക്കോമോട്ടീവ് എൻജിനുകൾക്ക് 1.6 ബില്യൺ ലിറ്റർ ഡീസലാണ് ഇന്ത്യൻ റയിൽവേക്കു വേണ്ടിവരുന്നത്. ഇതിനായി റയിൽവേ 15,200 കോടി രൂപയാണ് പ്രതിവർഷം ചിലവഴിക്കുന്നത്. മുകളിൽ പറഞ്ഞ പദ്ധതി യാഥാർത്ഥ്യമാകുമ്പോൾ പ്രതിവർഷം 2,280 കോടി രൂപാ ലാഭിക്കാൻ കഴിയുന്നതാണ്. അതിനുപരിയായി കാർബൺ ബഹിർഗമനവും ഗണ്യമായി കുറക്കാൻ കഴിയുന്നതാണ്.

*****

## 2024 ഫെബ്രുവരി മാസം അന്തരിച്ച കരയോഗാംഗങ്ങൾക്ക് ആദരാഞ്ജലികൾ



**സുധാകര കുറുപ്പ്. പി**
L/2603 ചിത്തേത്ത് ഹൗസ്
വടുതല
കൊച്ചി-23



**കൃഷ്ണകുമാരി മേനോൻ**
**(രാജം ആർ. മേനോൻ)**
L/3378 Flat No. F.1 Express
Towers, Kashim Lane
കൊച്ചി-17



**മുരളീധരമേനോൻ എ.എസ്.**
L/3694 പ്ലാപ്പള്ളിയുഴത്തിൽ ഹൗസ്,
തിട്ടമ്മേൽ, ചെങ്ങന്നൂർ



**സി. കൃഷ്ണമോഹൻ**
L/2411 DIAMOND TOWERS ,
Flat No. 8A, PERUMANOOR.P.O.,
KOCHI- 682015



**പി. നീലകണ്ഠ മേനോൻ**
L/2340 KARIAT (H)
CRASH ROAD,
THRIKKAKARA P.O.,
KOCHI-682021

## 2024 ജനുവരി മാസം അന്തരിച്ച കരയോഗാംഗത്തിന് ആദരാഞ്ജലി



**ഭാഗ്യപത്മം. എൻ.**
L/5202 തെക്കും ചേരിൽ വീട്
പാഴൂർ മഹാദേവക്ഷേത്രത്തിനു സമീപം
പാഴൂർ. പി.ഒ. പിറവം
എറണാകുളം ജില്ല

**സ്പഷ്ടം വിഭോനിന്റെയു**
**പാസനത്തി**
**ന്നിഷ്ടം സുഖം നീ മമ**
**നല്കീടേണം.**
**അഷ്ടാംഗയോഗത്തെ**
**വഹിച്ചു ഞാൻ നിൻ**
**തുഷ്ടിക്കു സൽഭംജനമായ്**
**ഭവിക്കാം.**
***-ഭാഷാനാരായണീയം***

# *ദൃക്ക്ദൃശ്യ വിവേകം*( *10* )

സി. നാരായണൻ- 9819456012

**വേ**ദാന്തശാസ്ത്രം നമ്മെ ഉദ്ബോധിപ്പിക്കാൻ ശ്രമിക്കുന്നത്, നാമോരോരുത്തരും 'ഞാൻ' എന്നഭിമാനിക്കുന്ന സത്ത , വാസ്തവത്തിൽ സത്തും ചിത്തും ആനന്ദവുമായ ബ്രഹ്മമാണെന്നാണ്.

ഗുരു 'തത്ത്വമസി' (നീ ബ്രഹ്മമാകുന്നു) എന്നുപദേശിച്ചു തരുമ്പോൾ നാമോരോരുത്തരും

'അഹം ബ്രഹ്മാസ്മി' ( ഞാൻ ബ്രഹ്മമാകുന്നു ) എന്നാണു മനസ്സിലാക്കേണ്ടത്. .

പക്ഷേ , ഒരു സാധാരണ മനുഷ്യൻ ഈ സത്യം അറിയുന്നില്ല. കാരണം, അവൻ തന്നെ ദേഹമായും ഇന്ദ്രിയങ്ങളായും മനോബുദ്ധികളുമായൊക്കെയാണെടുക്കുന്നത്. അതിനാൽ ശരീരത്തിന്റെ പ്രകൃതമനുസരിച്ച് താൻ വെളുത്തതാണ്, കുറിയതാണ്, തടിച്ചതാണെന്നൊ ക്കെ കരുതുന്നു. പിന്നെ ഇന്ദ്രിയങ്ങളുടെ അവസ്ഥകളനുസരിച്ച് താൻ അന്ധനാണ് എന്നും താൻ ബധിരനാണ് എന്നുമൊക്കെ വിചാരിക്കുന്നു. മനസ്സായി താദാത്മ്യം പ്രാപിച്ച് താൻ സുഖിയാണ് താൻ ദുഃഖിയാണ് എന്നും കരുതുന്നു.

ഈ തെറ്റിദ്ധാരണ അല്ലെങ്കിൽ അജ്ഞാനം അകറ്റി , നമ്മെ യാഥാർത്ഥ്യം ബോധിപ്പിക്കാൻ ശ്രുതി പല പ്രക്രിയകളും അവലംബിക്കാറുണ്ട്. അവയിലൊന്നാണ്, ഈ ഗ്രന്ഥത്തിൽ നിരൂപിക്കപ്പെടുന്ന ദൃക്ക്ദൃശ്യ വിവേകം എന്ന മാർഗ്ഗം. നമ്മുടെ ദൃഷ്ട പ്രപഞ്ചത്തിനെ , 'അറിയുന്ന' സത്തയെന്നും 'അറിയപ്പെടുന്ന' സത്തയെന്നും രണ്ടായി തിരിക്കുന്ന രീതിയാണത്. അറിയുന്ന തത്ത്വത്തെ ദൃക്ക്, ദ്രഷ്ടാ, ജ്ഞാതാ എന്നൊക്കെ വിളിക്കാം. അതുപോലെ അറിയപ്പെടുന്നതിനെ ദൃശ്യം, വിഷയം, ജ്ഞേയം എന്നിങ്ങനെ നമുക്കു പരിചിതമായ വാക്കുകളാലും വിവക്ഷിക്കാം.

മേൽപ്പറഞ്ഞ രണ്ടു വിഭാഗങ്ങളിൽ 'ഞാൻ', ആദ്യം പറഞ്ഞ ദൃക്ക് അല്ലെങ്കിൽ അറിയുന്ന സത്തയാണെന്നു പറയേണ്ടതില്ലല്ലോ. അറിയുന്ന സത്ത സചേതനവും, അറിയപ്പെടുന്നത് അചേതനവുമായിരിക്കും.

പക്ഷേ ഈ സചേതനത്വം താൽക്കാലികവുമായും ഒരു വസ്തുവിനു വന്നു ചേരാം. മിക്കവാറുമെല്ലാവരുമറിയുന്ന സചേതനത്വം താൽക്കാലികമായ സചേതനത്വമാണ്. കാരണം, ചൈതന്യത്തിനു പ്രതിബിംബിക്കുന്ന സ്വഭാവമുണ്ട്. ഇതു മനസ്സിലാക്കാൻ ഒരു ഉദാഹരണമെടുക്കാം. നാമൊരു കറി പാകം ചെയ്യുന്നത്, അടുപ്പിൽ തീ കത്തിച്ച് അതിന്മേൽ പാത്രം വെച്ച് പാത്രത്തിൽ വെള്ളമൊഴിച്ച്, വെള്ളത്തിൽ പച്ചക്കറിയിട്ടുകൊണ്ടാണല്ലോ. ഇങ്ങനെ പാചകം ചെയ്യാൻ തുടങ്ങി കുറേ നേരം കഴിയുമ്പോൾ വെന്തുവോ എന്നറിയാൻ പച്ചക്കെറി കയ്യിലെടുത്തു നോക്കുകയാണെങ്കിൽ അത് ചൂടായിരിക്കുന്നതു കാണാം. എന്നാൽ, ആ ചൂട് പച്ചക്കറിക്കു സ്വഭാവേനയുള്ള ഒന്നല്ല, വന്നു ചേർന്നതാണ്. എവിടെ നിന്നാണ് വന്നു ചേർന്നതെങ്കിൽ അതുൾക്കൊള്ളുന്ന വെള്ളത്തിൽ നിന്നാണ് പച്ചക്കറിക്ക് ചൂടു കിട്ടിയത്. പക്ഷേ ചൂട് വെള്ളത്തിന്റേയും പ്രകൃത്യായുള്ള സ്വഭാവമല്ല. വെള്ളത്തിന് , പാത്രത്തിൽ നിന്നാണ് ചൂടു കിട്ടിയത്. വീണ്ടും , പാത്രവും ചൂടു കടമെടുത്തതാണ്. എവിടെ നിന്നാണെന്നു ചോദിച്ചാൽ പാത്രത്തിന്റെ അടിയിൽ കത്തുന്ന തീയിൽ നിന്ന്. തീ, ചൂട് എവിടെ നിന്നു കടമെടുത്തതാണ് ? എവിടേനിന്നുമല്ല , തീയിന്റെ സ്വഭാവമാണ് ചൂട്. തീ ചൂടു തന്നെയാണ്.

ദേഹത്തേയും, ഇന്ദ്രിയങ്ങളേയും മനസ്സിനേയും നാം സചേതനമായും അതുകൊണ്ട് ഞാനെന്നു കരുതാറുണ്ടെന്നു പറഞ്ഞല്ലോ.

അത് അടുപ്പിലെ തീ പാത്രത്തിലേക്കും പാത്രത്തിൽ നിന്നു വെള്ളത്തിലേക്കും വെള്ളത്തിൽ നിന്ന് പച്ചക്കറിയിലേക്കും പകർന്നതു പോലെ, ആത്മാവിന്റെ ചൈതന്യം ആദ്യം ബുദ്ധിയിലേക്കും, ബുദ്ധിയിൽ നിന്നു മനസ്സിലേക്കും, മനസ്സിൽ നിന്ന് ഇന്ദ്രിയങ്ങളിലേക്കും , ഇന്ദ്രിയങ്ങളിൽ നിന്ന് ദേഹത്തേക്കും ക്രമത്തിൽ പകർന്നതാണ്. ആ കടമെടുത്ത ചൈതന്യം ഓരോന്നിലും ഞാൻ എന്ന പ്രതീതിയുണ്ടാക്കുന്നു.

അപ്പോൾ ഒരു വസ്തുവിന് സ്വഭാവേനയുള്ളത്, തൽക്കാലികമായുള്ളത്, എന്നിങ്ങനെ ധർമ്മങ്ങൾ രണ്ടു തരത്തിലാവാമെന്നു കണ്ടു. ഈ തത്ത്വം പല പ്രകാരത്തിൽ നമ്മെ ബാധിക്കുന്നതായി കാണാം. നമ്മുടെ ജീവിതം തന്നെ ഇവ രണ്ടിന്റേയും ലീലകളാല്ലാതെ മറ്റൊന്നുമല്ല.

ഒരു വസ്തുവിന്റെ ധർമ്മം പകർന്നു മറ്റൊന്നാവുമ്പോൾ അതിനെ, ആദ്യത്തെ വസ്തുവിന്റെ ആഭാസമെന്നു പറയുന്നു.

ബ്രഹ്മത്തിന്റെ സത് , ചിദ് , ആനന്ദം എന്നീ മൂന്നിനും ആഭാസങ്ങളുണ്ടാവാം.

അവയിൽ, സത്തിന്റെ ആഭാസമാണ്, ജഗത് ഉണ്ടെന്ന തോന്നൽ.

ചിത്തിന്റെ ആഭാസങ്ങളാണ്

ഇന്ദ്രിയജ്ഞാനങ്ങൾ , വിഷയാനുഭവങ്ങൾ എന്നിവ. ആനന്ദത്തിന്റെ ആഭാസമാണ് യോഗാനന്ദം വിഷയാനന്ദം എന്നിവ. മാത്രമല്ല , 'ഞാൻ' എന്ന സത്തയും സത്യമായുള്ളതും ആഭാസമായിട്ടുള്ളതുമുണ്ട്. സത്യമായിട്ടുള്ള 'ഞാനാ'ണ് ദൃക്ക്, സാക്ഷി. കൂടസ്ഥൻ എന്നീ പദങ്ങളാൽ വിവക്ഷിക്കപ്പെടുന്നത്. ആഭാസമായ 'ഞാൻ' ആണ് അഹങ്കാരമായി വിളങ്ങുന്നത്.

ഇങ്ങനെവരുമ്പോൾ ദൃക്കും ദൃശ്യവും കൃത്യമായി വേർതിരിച്ചറിയേണ്ടതിന്റെ അത്യാവശ്യം മനസ്സിലാക്കാമല്ലോ. ജീവിതത്തിലെ സകല അനർത്ഥങ്ങൾക്കും കാരണം, ഇവ രണ്ടും തമ്മിൽ തിരിച്ചറിയാത്തതാണെന്നു പറഞ്ഞാൽ അതു തീർത്തും ശരിയാണ്

മറ്റൊരു കാര്യം ഓർമ്മിക്കാനുള്ളത് , ബ്രഹ്മത്തിന്റെ സത് , ചിത്ത് , ആനന്ദം എന്നീ ധർമ്മങ്ങളിൽ സത് എന്നത് എല്ലാ ദൃശ്യത്തിന്റേയും ഭാഗമാകുന്നുണ്ട്. എന്നാൽ ചിദംശം, വളരെ സ്വച്ഛവുമായ അന്തഃകരണത്തിൽ മാത്രമേ പ്രതിഫലിക്കുന്നുള്ളൂ. അന്തഃകരണം പഞ്ചീകരണത്തിനു മുൻപുള്ള ഭൂതങ്ങളുടെ സാത്വികാംശം കൊണ്ടു നിർമ്മിതമാണ്. ആത്മാവിന്റെ ആനന്ദാംശമാവട്ടെ വളരെ പ്രത്യേകതകളുള്ള അന്തഃകരണവൃത്തികളിൽ മാത്രമേ പ്രതിഫലിക്കൂ. അന്തഃകരണത്തിൽ പ്രതിഫലിക്കുന്ന ചൈതന്യം, അന്തഃകരണവുമായി അഭേദമായ ബന്ധം സ്ഥാപിക്കുന്നുണ്ട്. എട്ടാമത്തെ ശ്ലോകത്തിൽ പറയുന്നത്, അഹങ്കാരവും ചിത്തിന്റെ അംശവും, ചുട്ടുപഴുത്ത ഇരുമ്പുഗോളത്തിലെ തീയിനേയും ഇരുമ്പിനേയും പോലെ വേർതിരിക്കാനാവാത്ത വിധം യോജിച്ചിരിക്കുന്നുവെന്നാണ്.

നാം ജീവിതമെന്നു വിളിക്കുന്നത് ജനനത്തിന്റേയും മരണത്തിന്റേയും ഇടയിലുള്ള അനുഭവങ്ങളെയാണ്. അനുഭവിതാ എന്ന ഒരാളില്ലെങ്കിൽ അനുഭവങ്ങളുണ്ടാവാൻ സാദ്ധ്യതയില്ലല്ലോ. വേദാന്തത്തിന്റെ ദർശനപ്രകാരം, യഥാർത്ഥത്തിൽ അനുഭവിത എന്നൊന്നില്ല തന്നെ. വിചിത്രമായി ത്തോന്നാം, പക്ഷേ അതാണു യാഥാർത്ഥ്യം. വേദാന്തം പറയുന്നത് , ഇതുവരെ വിവരിക്കപ്പെട്ട അഹങ്കാരമൊഴിച്ച് വേറയൊരു അനുഭവിതയില്ലെന്നാണ്.

ഈ അഹങ്കാരവും അതിന്റെ ഉപകരണമായ മനസ്സും മനസ്സിലെ ചിന്തകളുമൊക്കെ ദൃശ്യങ്ങളും യഥാർത്ഥത്തിലില്ലാത്തതുമാണെന്നു നാം കണ്ടു. ഏതൊരനുഭവവും മുൻപെന്നോ ചെയ്ത കർമ്മത്തിന്റെ ഫലഭുക്തിയാവാനേ തരമുള്ളൂ. വാസ്തവത്തിലില്ലാത്ത അഹങ്കാരത്തിന്റെ കർമ്മങ്ങളും അവയുടെ കല്പനാരുപത്തിലുള്ള ഫലഭുക്തിയുമാണ് ജീവിതം.

സുഖം , ദുഃഖം , വേദന , ഹർഷം മുതലായവയെല്ലാം ബോധത്തിന്റെയോരോ പരിണാ

മങ്ങളായാണ് നാമറിയുന്നത്. ബോധത്തിനു യഥാർത്ഥത്തിൽ ഒരു മാറ്റവും വരാൻ വയ്യ. അപ്പോൾ വന്നുവെന്നു അനുഭവപ്പെടുന്നത് വെറും തോന്നൽ മാത്രമാണ്. സുരേശ്വരാ ചാര്യരുടെ പ്രസിദ്ധമായ ഒരു പ്രസ്താവന ഇവിടെ പ്രസക്തമാണ്

' ദുഃഖീ ഇതി ഭവേതാത്മാ
കഃ സാക്ഷീ ദുഃഖിനോ ഭവേത്

എന്നു വെച്ചാൽ , ബോധസ്വരുപമായ ആത്മാ ദുഃഖിയായിത്തീരുന്നുവെങ്കിൽ ആ ദുഃഖിക്ക് ആരാണ് സാക്ഷി ? എന്റെ ദുഃഖത്തിനു ഞാൻ തന്നെ സാക്ഷിയായെന്നു പറയുന്നത് , എന്റെ കണ്ണ് പ്രതിബിംബമല്ലാതെ ഞാൻ നേരിട്ടു കണ്ടുവെന്നു പറയുന്നതു പോലെയാണ്.

അജ്ഞാനദശയിൽ നാം നമ്മുടെ പ്രതിബിംബത്തെയാണ് ഞാനെന്നു വിളിക്കുന്നത്. പ്രതിബിംബിക്കുന്ന മാദ്ധ്യമത്തിന്റെ ധർമ്മങ്ങൾ എന്റെ ധർമ്മങ്ങളായെടുക്കുന്നു. കണ്ണാടിയുടെ ന്യൂനതകൾ പ്രതിബിംബത്തിൽ പ്രകടമാകുന്നത് സ്വാഭാവികമാണല്ലോ

ഇവിടെ ഒരു ചോദ്യമുയരാം. അഹങ്കാരം യഥാർത്ഥത്തിലില്ലാത്തതാണെങ്കിൽ , ഉള്ളതല്ലാത്ത ആ അഹങ്കാരത്തിന് അനുഭവങ്ങളുണ്ടാവാമോ ?

തീർച്ചയായും ഉണ്ടാവാമെന്നാണുത്തരം. നാം ദിവസം തോറും ഉറക്കത്തിൽ സ്വപ്നം കാണാറുണ്ടല്ലോ. സ്വപ്നമെന്നാൽ വെറും അനുഭവങ്ങളല്ലാതെ മറ്റെന്താണ് ? സ്വപ്നം അനുഭവങ്ങളല്ല , വെറും സങ്കല്പമാണെന്നു പറയുകയാണെങ്കിൽ , സ്വപ്നത്തിൽ ഒരനുഭവിതാ ആദ്യം സങ്കല്പിക്കപ്പെടുന്നു. പിന്നീട് ആ അനുഭവിതായുടെ അനുഭവങ്ങളായി സ്വപ്നം സങ്കല്പിക്കപ്പെടുന്നു. ജാഗ്രത്തിലും ഇതു തന്നെയാണ് സംഭവിക്കുന്നതെന്നാണ് ശ്രുതിയും യുക്തിയും പറയുന്നത്. സ്വപ്നത്തിലെ അനുഭവിത സങ്കല്പവും ജാഗ്രത്തിലെ അനുഭവിത യഥാർത്ഥവുമാണെന്നു പറയുന്നത് ശ്രുതി സമ്മതമല്ല. ഇക്കാര്യത്തിൽ നമുക്ക് ശ്രുതിയെ മാത്രമേ അവലംബിക്കാനൊക്കൂ. കാരണം യുക്തി എന്നു പറയുന്നത് ജാഗ്രത്തിലെ ബുദ്ധിവ്യാപാരമാണ്.

ആചാര്യസ്വാമികൾ ഇതിനെ ജാലവിദ്യയുടെ ദൃഷ്ടാന്തം കൊണ്ട് വിശദീകരിക്കുന്നുണ്ട്. ജാലവിദ്യയിൽ ആകാശത്തിൽ നിന്നു ഒരു കയറിറങ്ങി വന്ന് അതിൽ ജാലവിദ്യക്കാരൻ കയറിപോകുന്നതായി കാണിക്കും. അപ്പോൾ നാം വിചാരിക്കും , കയർ മാത്രമേ ജാലവിദ്യയുടെ ഭാഗമായിട്ടുള്ളൂവെന്ന്. പക്ഷേ അങ്ങനെയല്ല. ഇറങ്ങി വരുന്ന കയറും , അതിൽ കയറിപ്പോകുന്ന ജാലവിദ്യക്കാരനും , ഒരു പോലെ കൺകെട്ടിന്റെ ഭാഗങ്ങൾ തന്നെയാണ്. ശരിക്കുള്ള ജാലവിദ്യക്കാരൻ ഭൂമിയിൽ നിശ്ശബ്ദനായി കൈകെട്ടി ഇരിക്കുന്നുണ്ടായിരിക്കും. അതു പോലെ തന്നെയാണ് നമ്മുടെ അനുഭവങ്ങളും. ജാഗ്രത്തിലെ അനുഭവിതാവായ അഹങ്കാരം തന്നെ മിത്ഥ്യയാണെങ്കിൽ ആ അഹങ്കാരത്തിന്റെ അനുഭവങ്ങൾ എങ്ങനെ സത്യമാവാനാണ് ?

ഈ തത്ത്വം മനസ്സിലാക്കാൻ ഒരു സിനിമയുടെ ദൃഷ്ടാന്തമെടുത്തു നോക്കാം. നിങ്ങളുടെ പ്രിയപ്പെട്ട നടൻ മോഹൻലാൽ ഒരു സിനിമയിൽ ഒരു വിക്രം എന്ന ഒരു കുറ്റാന്വേഷകനായി അഭിനയിക്കയാണെന്നിരിക്കട്ടെ. ഒരു കേസിന്റെ അന്വേഷണത്തിന് ഈ വിക്രം കൃത്രിമ താടിയും ടർബണുമൊക്കെ വെച്ച് ഒരു സർദാറിന്റെ വേഷം കെട്ടുന്നു. ആ സർ ദാർ താൻ അന്വേഷിച്ചു ചെല്ലുന്ന കുറ്റവാളിയുടെ അംഗരക്ഷകന്റെ വിശ്വാസം പിടിച്ചു പറ്റുന്നു. അയാൾ സർദാറിനോട് ഒരു സന്യാസിയായി അഭിനയിച്ചാൽ തന്റെ യജമാനന്റെ സഹതാപം പിടിച്ചു പറ്റാമെന്നുപദേശിക്കുകയും അയാൾ അതു പോലെ പ്രവർത്തിക്കയും ചെയ്യുന്നു. പക്ഷേ ഇയാൾ കള്ളസന്യാസിയാണെന്നു തിരിച്ചറിഞ്ഞ വില്ലൻ അയാളെ വെടിവെച്ചു കൊല്ലുന്നു. ഇവിടെ വിക്രം എന്ന കഥാനായകൻ മോഹൻലാലിനെ ആശ്രയിച്ചാണ് നില നിൽക്കുന്നത്. വിക്രം സർദാറിന്റെ വേഷം കെട്ടുമ്പോൾ ആ സർദാർ വിക്രമാണെന്നു കാണികൾക്കറിയാം. പിന്നീട് സന്യാസിയെ കാണുമ്പോൾ അത് സർദാറാണെന്നും കാ

ണികൾക്കറിയാം.

അപ്പോൾ ആധികാരിത്വം , സന്യാസിക്ക് സർദാറിൽ നിന്നും , സർദാറിന് വിക്രമിനിൽ നിന്നും വിക്രമിനു മോഹൻലാലിൽ നിന്നുമാണ് ലഭിച്ചത്. മോഹൻലാൽ സ്വയം താനായിത്തന്നെയിരിക്കുന്നു. മറ്റൊരു തരത്തിൽ പറഞ്ഞാൽ വിക്രം മോഹൻലാലിന്റേയും , സർദാർ വിക്രമിന്റേയും , സന്യാസി സർദാറിന്റേയും ആഭാസങ്ങളാണ്.

ഈ ദൃഷ്ടാന്തപ്രകാരം നാം രണ്ടു മണിക്കൂർ കണ്ടുകൊണ്ടിരിക്കുന്ന സംഭവങ്ങൾ മുഴുവനും സുന്ദരനും സമർത്ഥനുമായ വിക്രം എന്ന യുവാവിന്റെ കഥ മാത്രമാണ്. അയാൾ കുറ്റാന്വേഷകനായിത്തീരുന്നു, രാജ്യത്തെ സഹായിക്കാൻ പല കുറ്റകൃത്യങ്ങളുടേയും പിന്നിൽ ആരൊക്കെയാണെന്നു മനസ്സിലാക്കുന്നു. അവസാനം തന്റെ കൃത്യനിർവാഹണത്തിടയിൽ മരിക്കുകയും ചെയ്യുന്നു. ഇവിടെ ജോലിയന്വേഷിച്ചലഞ്ഞതും കുറ്റന്വേഷകൻ എന്ന നിലയിലും വ്യക്തിയെന്ന നിലയിലും നാടകീയമായ ജീവിതം നയിച്ചു മരിച്ചത് വിക്രമാണ്. ഈ സിനിമ നടന്നു കൊണ്ടിരിക്കുമ്പോൾ മോഹൻലാൽ തിയേറ്ററിലിരുന്നു ആ സിനിമ കാണുന്നുണ്ടെന്നിരിക്കട്ടെ. അദ്ദേഹം അത് വളരെ നിസ്സംഗതയോടെയാണ് കാണുക. കാരണം അദ്ദേഹത്തിനറിയാം അടുത്ത സീൻ എന്തായിരിക്കുമെന്ന്. അതായത് നമുക്ക് ത്രസിപ്പിക്കുന്ന 'സംഭവ' മായത് മോഹൻലാലിന് സംഭവമേയല്ല. അതിൽ നിന്ന് ഒന്നേ മനസ്സിലാക്കാനുള്ളൂ , സംഭവങ്ങൾ മനസ്സിൽ മാത്രമാണ്. .

ദൃഷ്ടാന്തത്തിൽ വിവിധ പരാക്രമങ്ങൾ ചെയ്തു മരിക്കുന്നത് വിക്രം എന്നാ കഥാപാത്രമെന്ന പോലെ ലോകത്തിൽ സ്വപ്നത്തിലും , അതു പോലെ ജാഗ്രത്തിലും പല പല സംഭവങ്ങളിൽ ഭാഗഭാക്കാവുന്നത് അഹങ്കാരമെന്ന സത്തയാണ്. സിനിമയിലെ വിക്രം എന്ന കഥാപാത്രത്തിനെ സ്ക്രീനിലെ വെളിച്ചത്തിൽ നിന്ന് മാറ്റി നിർത്താനാവില്ല. വെളിച്ചവും വിക്രമും നമ്മിലുള്ള ബന്ധം സഹജമാണ്. വിക്രമും തിരക്കഥയും തമ്മിലുള്ള ബന്ധമെന്തെന്നാൽ , തിരക്കഥയനുസരിച്ചാണ് ആ കഥാപാത്രത്തിന്റെ രൂപവും സംഭാഷണവും കർമ്മങ്ങളുമെല്ലാം.

വിക്രം എന്ന കഥാപാത്രവും മോഹൻലാലും തമ്മിലാവട്ടെ ഒരു ബന്ധവുമില്ലതാനും. മോഹൻലാൽ ഒരു കുറ്റാന്വേഷകനായ വിക്രമായിട്ടേയില്ല.

ഈ ദൃഷ്ടാന്തത്തെ ദ്രാഷ്ടാന്തവുമായി ഘടിപ്പിച്ചാൽ വിക്രം വെളിച്ചത്തോടെന്ന പോലെ അഹങ്കാരം , ചിദാഭാസനോടു യോജിച്ചു നിൽക്കുന്നു. പിന്നെ വിക്രം തിരക്കഥയോടെന്നപോലെ അഹങ്കാരം , കർമ്മഫലമായ ശരീരത്തോടും കർമ്മഫലമനുസരിച്ചുള്ളസുഖദുഃഖങ്ങളോടും യോജിച്ചു നിൽക്കുന്നു. പക്ഷേ , വിക്രം എന്ന കഥാപാത്രം എല്ലാ പ്രതീതികൾക്കും വിരുദ്ധമായി മോഹൻലാലിന്റെ ഒരു ഭാഗമേയല്ല. മോഹൻലാൽ എന്ന യഥാർത്ഥവ്യക്തി വിവാഹിതനും അച്ഛനുമാണ്. വിക്രം അങ്ങനെയല്ല. മോഹൻലാൽ നല്ലൊരു ബാങ്ക് ബാലൻസിന്റെ ഉടമസ്ഥനാണ്. വിക്രം പണത്തിനു ഞെരുക്കമുള്ളയാളാണ്. വിക്രമിന്റെ മരണത്തിന് മോഹൻലാൽ നിസ്സംഗനായി സാക്ഷ്യം വഹിക്കുന്നു.

ഈ ആശയമാണ് ഗ്രന്ഥത്തിലെ 12 ാമത്തെ ശ്ലോകത്തിൽ പറയുന്നത്

മനോഹംകൃത്യുപാദാനം
ലിംഗമേകം ജഡാത്മകം
അവസ്ഥാത്രയമന്വേതി
ജായതേ മ്രിയതേ തഥാ ( 12 )

മനോഹംകൃത്യോപാദാനം = മനസ്സ് അഹങ്കാരം എന്നിവയുടെ ഉപാദാനകാരണം
ലിംഗം = ലിംഗശരീരം
ഏകം = ഒന്നുതന്നെയായ
ജഡാത്മകം = അചേതനമായ
അവസ്ഥാത്രയമന്വേതി =
ജാഗ്രതാദി മൂന്നവസ്ഥകൾ
അന്വേതി = സ്വീകരിക്കുന്നു
തഥാ = പിന്നെ
ജായതേ മ്രിയതേ =

ജനിക്കുകയും മരിക്കുകയും ചെയ്യുന്നു

(മനസ്സ് അഹങ്കാരം എന്നിവ ലിംഗശരീരം തന്നെ. അത് ജഡവും ജാഗ്രത് സ്വപ്ന സുഷുപ്തി എന്നീ മൂന്നവസ്ഥകളെ പ്രപിക്കയും ജനനമരണങ്ങൾക്ക് വിധേയമാകുകയും ചെയ്യുന്നു)

ഉപനിഷദുകളിൽ പഞ്ചകോശങ്ങളെന്നും ശരീരത്രയങ്ങളെന്നും വിളിക്കപ്പെടുന്ന ആത്മോപാധികളിൽ പെട്ടതാണ് അഹങ്കാരം. ഉപാധിയെന്നാൽ ഒരു വസ്തുവിന്റെ സമീപത്ത് തിഷ്ഠമായി ആ വസ്തുവിന്റെ ധർമ്മങ്ങൾ ശരിക്കും കടമെടുക്കാതെത്തന്നെ കടമെടുത്ത പോലെ സ്ഥിതി ചെയ്യുന്ന വസ്തുവെന്നർത്ഥം. സ്ഫടികം ഒരു ചുവന്ന പട്ടിന്റെ സാമീപ്യത്തിൽ ചുവപ്പുനിറം ശരിക്കും പുരളാതെത്തന്നെ ചുവന്നതായി തോന്നപ്പെടും. അതു

പോലെ നിർമ്മലമായ ആത്മാവ് , സൂക്ഷ്മ ശരീരത്തിന്റെ സാമീപ്യത്തിൽ പരസ്പരം ധർമ്മങ്ങൾ കടമെടുത്ത പോലെ തോന്നപ്പെടുന്നു. അങ്ങനെ യഥാർത്ഥത്തിൽ ജഡമായ അഹങ്കാരം സചേതനമെന്നു തോന്നപ്പെടുന്നു. പക്ഷേ ആത്മാവായി വേഷം കെട്ടുന്നുണ്ടെങ്കിലും സ്വഭാവത്തിൽ ആത്മാവിന്റെ സ്വഭാവത്തിനു കടകവിരുദ്ധമാണ് അഹങ്കാരത്തിന്റെ സ്വഭാവങ്ങൾ. ആത്മാവ് ആനന്ദരൂപനാണ് , എന്നാൽ അഹങ്കാരത്തിന്റെ രൂപം ആനന്ദമൊന്നുമല്ല. ആത്മാവ് ഉദയാസ്തമനങ്ങളില്ലാതെ സദാ ശോഭിച്ചു നിൽക്കുമ്പോൾ, അഹങ്കാരം ചിലപ്പോൾ പൂർണ്ണ വികാസ ( ജാഗ്രത്) ത്തോടെയും , ചിലപ്പോൾ അർദ്ധവികാസ

(സ്വപ്നം)ത്തോടെയും ചിലപ്പോൾ മുഴവൻ അടഞ്ഞും (സുഷുപ്തി )

സ്ഥിതി ചെയ്യുന്നു

ഈ ശ്ലോകത്തിന്റെ ആദ്യഭാഗത്തിൽ പറയുന്നത് , അഹങ്കാരം മനസ്സ് എന്നിവയടുങ്ങുന്ന അന്തഃകരണമെന്നാൽ സൂക്ഷ്മ ശരീരം അല്ലെങ്കിൽ ലിംഗശരീരമെന്നു വിളിക്കപ്പെടുന്ന വസ്തു തന്നെയാണ്. ഇത് ജഡവും ത്രിഗുണാത്മികയുമായ പ്രകൃതിയുടെ വികാരവും ചൈതന്യരൂപമായ ആത്മാവിൽ നിന്ന് നിത്യ ഭിന്നവുമാണ്.

അഹങ്കാരത്തിനു നേരിടേണ്ടി വരുന്ന അനുഭവങ്ങളുടെ സ്വഭാവം നിർണ്ണയിക്കുന്നത് അതു ചെയ്ത കർമ്മങ്ങളുടെ ഫലമാണ്. നല്ല കർമ്മാകർമ്മങ്ങളുടെ ഫലമായി സുഖകരമായ അനുഭവങ്ങളും അല്ലെങ്കിൽ മറിച്ചും ഉണ്ടാവുന്നു. നിഷേധിക്കാനാവാത്ത കർമ്മചോദനയാൽ സ്ഥൂലഭോഗങ്ങൾ അനുഭവിച്ചേ തീരൂ എന്നു വരുമ്പോൾ അഹങ്കാരം ജാഗ്രദവസ്ഥ കൈക്കൊള്ളുന്നു. പിന്നെ സൂക്ഷ്മഭോഗങ്ങളനുഭവിക്കാൻ സ്വപ്നാവസ്ഥയും താൽക്കികമായി ഈ രണ്ടു കർമ്മങ്ങളുമില്ലെങ്കിൽ സുഷുപ്തിയെ പ്രാപിക്കുന്നു. ഈ മൂന്നവസ്ഥകളും ദൃശ്യമായ അഹങ്കാരത്തിന്റെതാണ്. ദൃക്കായ ചൈതന്യം മൂന്നവസ്ഥയേയും സാക്ഷിരൂപത്തിൽ പ്രകാശിപ്പിക്ക മാത്രം ചെയ്യുന്നു. ഇതാണ് വേദാന്തത്തിലെ പരമമായ ഉദ്‌ബോധനം, ഞാൻ സുഖരൂപനായ സാക്ഷി മാത്രമാണ്.

ജീവിതം എന്ന അനുഭവശൃംഗല അഹങ്കാരത്തിനു മാത്രമാണെന്നു പറഞ്ഞല്ലോ. ആ അനുഭവങ്ങൾ പ്രാരബ്ധകർമ്മഭുക്തിയാണെന്നും പറഞ്ഞു. പ്രാരബ്കർമ്മങ്ങൾ അനുഭവിച്ചു തീരുമ്പോൾ സ്ഥൂലശരീരത്തിന്റെ ആവശ്യമില്ലാതായിത്തീരുന്നു. അതോടെ അഹങ്കാരം ഇപ്പോളുള്ള സ്ഥൂലശരീരം ഉപേക്ഷിച്ച് മറ്റൊരു കൂട്ടം പ്രാരബ്ധകർമ്മങ്ങനുഭവിക്കാൻ അതിനു പറ്റിയ ഒരു പുതിയ സ്ഥൂലശരീരമെടുക്കുന്നു

ഇതു തന്നെ ജനനമരണങ്ങൾ.

ഈ ജന്മവും അതിലെ അനുഭവങ്ങളുമൊക്കെ, അവയിൽ സത്യബുദ്ധിയില്ലെങ്കിൽ, കത്തുന്ന വെയിലിൽ വെള്ളത്തിന്റെ ചെറിയൊരു നീർക്കുഴിയെന്ന പോലെ വറ്റിപ്പോകും. നമുക്ക് അഹങ്കാരത്തിലും അനുഭവങ്ങളിലും സത്യബുദ്ധിയുണ്ടാവു ന്നത് മായ എന്ന അത്യത്ഭുതകരമായ ഒരു ശക്തി മൂലമാണ്. അടുത്ത 13 , 14 , 15 എന്നീ ശ്ലോകങ്ങൾ ആ മായയെ വിവരിക്കുന്നു

( തുടരും )

*****

# കാൻസർ രോഗം

ഡോ. കെ. പ്രസന്നകുമാർ–9847083626

## സ്തനാർബ്ബുദം

**സ്ത്രീ**കളെ ബാധിയ്ക്കുന്ന കാൻസർ ഇനങ്ങളിൽ ഒരു നല്ല ശതമാനം (20%) മുല യിലുണ്ടാകുന്നതാണ്. 65 വയസ്സുവരേ ജീവി യ്ക്കാൻ സാധിക്കുന്ന സ്ത്രീകളിൽ 5 ശതമാ നത്തിന് മുലയുടെ കാൻസർ ബാധിയ്ക്കുന്നു. 40 മുതൽ 60 വയസ്സുവരേയുള്ള സ്ത്രീകളിൽ, മരണകാരണങ്ങളിൽ, മുലയുടെ കാൻസർ ഒന്നാം സ്ഥാനത്തു നിൽക്കുന്നു.

സാംസ്ക്കാരികവും, വശംപരവുമായ വ്യ ത്യാസങ്ങൾക്കനുസൃതമായി, ഈ രോഗ ബാധിതരുടെ നിരക്കും വ്യത്യാസപ്പെട്ടു കാ ണുന്നുണ്ട്. കാനഡയുടെ വടക്കൻ തീരത്ത് അധിവസിക്കുന്ന എസ്കിമോ വർഗ്ഗക്കാരുടെ ഇടയിൽ ഈ രോഗം തീരെ ഇല്ല. ലോകത്തി ന്റെ വിവിധ ഭാഗങ്ങളിലുള്ള പ്രാകൃതവർഗ്ഗ ക്കാരുടെ ഇടയിലും ഈ രോഗം വളരെ കുറ വാണ്. മറ്റു രാജ്യക്കാരേ അപേക്ഷിച്ച്, ജപ്പാൻ സ്ത്രീകളുടെ ഇടയിൽ, മുൻപ് താരതമ്യേന, വളരെ കുറവായിരുന്നു. അപരിഷ്കൃതരുടെ ഇടയിൽ, മുലയുടെ കാൻസറും, പൊതുവേ കുറവാണെന്നുള്ളത്, ആധുനിക പരിഷ്കാര വും, മുലയുടെ കാൻസറും തമ്മിൽ എന്തോ ബന്ധമുണ്ടെന്ന് സൂചിപ്പിയ്ക്കുന്നു.

സ്ത്രീകൾ പ്രസവിച്ചു കഴിഞ്ഞാൽ, മുല യിൽ പാൽ വരുന്നതു വരേ, കുട്ടികൾക്കു മു ലകൊടുക്കണമെന്നതാണ്, പ്രകൃതി നിയമം. പ്രാകൃതമനുഷ്യർ, ഈ നിയമം ഏറെക്കുറേ, പാലിയ്ക്കുന്നുണ്ട്. പാൽ, തീരെ ഇല്ലാതാകു ന്നതുവരേയ്ക്കും, കുട്ടികൾക്കു മുലകൊടു ക്കുന്നതിൽ ജപ്പാനിലേ വസ്ത്രീകൾ ശ്രദ്ധി ച്ചിരുന്നു. ഇങ്ങനെയുള്ളവർക്ക്, ഈ രോഗം വരാതിരിയ്ക്കുന്നതിന്റെ കാരണവും ഇതു തന്നേ ആയിരിക്കാം.

എന്നാൽ ഇക്കാലത്ത് പരിഷ്കാരത്തിന്റെ പേരിൽ, തങ്ങളുടെ രൂപലാവണ്യം നഷ്ടപ്പെ ടാതിരിയ്ക്കുന്നതിനു വേണ്ടി, കുട്ടികൾക്ക്, കഴിയുമെങ്കിൽ, മുലകൊടുക്കുവാതിരിയ് ക്കുവാനാണ് അമ്മമാർ നോക്കുന്നത്. പ്ര സവം കഴിഞ്ഞ് മൂന്നോ, നാലോ മാസം കഴി യുമ്പോൾ, മുലകുടി മാറ്റാൻ, പല മാതാക്ക ളും വെമ്പൽ കൊള്ളുന്നതായി കാണാറുണ്ട്. പ്രകൃതിവിരുദ്ധമായ, ഈ നടപടിയ്ക്ക്, പ്രകൃ തി തന്നേ നൽകുന്ന ശിക്ഷ ആയിരിയ്ക്കാം ഈ കാൻസർ.

പ്രസവിയ്ക്കാത്ത സ്ത്രീകൾക്ക്, പ്രസവി ച്ച സ്ത്രീകളേക്കാൾ കൂടുതലായി ഈ രോ ഗം ബാധിയ്ക്കുന്നു. പ്രസവിയ്ക്കുകയും, മുല ഊട്ടുകയും ചെയ്തിട്ടുള്ള സ്ത്രീകൾക്ക്, പ്രസവത്തിന്റെ എണ്ണമനുസരിച്ചും, മുലയൂട്ടി ന്റെ ദൈർഘ്യമനുസരിച്ചും, ഈ രോഗബാധ യിൽ കുറവു കാണാറുണ്ട്.

സ്തീകളുടെ ആർത്തവകാലത്ത്, ഹോർ മോണുകളുടെ പ്രവർത്തന ഫലമായി, മു ലയിലേ ഗ്രന്ഥികളിലുള്ള കോശങ്ങളിൽ പല വ്യത്യാസങ്ങളും ഉണ്ടാകുന്നു. പ്രസവി ക്കാത്ത സ്ത്രീ ആർത്തവകാലം ആരംഭിയ് ക്കുമ്പോൾ മുതൽ അവസാനിയ്ക്കുന്നവരേ (ഏതാണ്ട് 15മുതൽ 50നും വയസ്സുവരേ) മുല യിലേ ഗ്രന്ഥികളിലുള്ള കോശങ്ങളുടെ ഭാവ വ്യത്യാസപ്രക്രിയ നടന്നുകൊണ്ടേയിരിക്കും. കൂടെകൂടെ ഉണ്ടാകുന്ന ഈ ഭാവവ്യത്യാസം (എല്ലാമാസവും) കാൻസറിന് കാരണമായി ത്തീരാമെന്ന് ഊഹിക്കപ്പെടുന്നു. പ്രസവി യ്ക്കുന്ന സ്ത്രീകൾക്ക് ഗർഭ കാലംതൊട്ട്,

ഏകദേശം കുട്ടിയുടെ മുലകുടി മാറുന്നതുവരേയ്ക്കും. ഇവരേയും ആർത്തവം ഉണ്ടാകാത്തതുകൊണ്ട് ഹോർമോണുകളുടെ, ഇപ്രകാരമുള്ള പ്രവർത്തനം മുലയിൽ ഉണ്ടാകുന്നില്ല. ഇക്കാരണത്താൽ ഇക്കൂട്ടർക്ക് കാൻസറിനുള്ള സാദ്ധ്യത കുറയുന്നു.

**രോഗലക്ഷണങ്ങൾ**

മുല, ശരീരത്തിനു പുറമേ സ്ഥിതിചെയ്യുന്ന ഒരു അവയവമായതിനാൽ, രോഗം ആരംഭത്തിൽ തന്നേ കണ്ടുപിടിയ്ക്കുവാൻ സാധിയ്ക്കുമെന്നുള്ളത് വലിയൊരനുഗ്രഹമാണ്. എന്നാൽ മിക്കവരും ഈ സൗകര്യം വേണ്ടവിധത്തിൽ പ്രയോജനപ്പെടുത്തുന്നില്ല. ബഹുഭൂരിഭാഗം രോഗികളും, ആരംഭത്തിൽ തന്നേ, ഡോക്ടറേയോ, ആശുപത്രിയേയോ സമീപിക്കുന്നില്ല എന്നതാണ് വാസ്തവം.

മുലയുടെ ഉള്ളിലായി ഒരു ചെറു മുഴ ആയിട്ടോ, ചിലപ്പോൾ ഒരു കല്ലിപ്പായിട്ടോ ആയിരിയ്ക്കും രോഗത്തിന്റെ ആരംഭം. ഈ മുഴ പുറമേ കാണുകയില്ല. ഇതിന് വേദനയും തുടക്കത്തിൽ, തീരെ അനുഭവപ്പെടുകയില്ല. രോഗിതന്നേ, വളരെ യാദൃശ്ചികമായിട്ടായിരിയ്ക്കും, ഇത് കണ്ടുപിടിയ്ക്കുന്നത്. ഏതാണ്ട് ഇരുപത്തിരണ്ടിൽ ഒരു സ്ത്രീയെങ്കിലും ഇൻഡ്യയിൽ അവരുടെ ജീവിത കാലത്തിലെപ്പോഴെങ്കിലും ഈ കാൻസറിന് അടിമപ്പെടാറുണ്ട്.

ഇതു കണ്ടുപിടിയ്ക്കുന്നത് കുളിക്കുമ്പോൾ, മുലയിൽ അമർത്തി തേക്കുമ്പോൾ ചിലപ്പോൾ കയ്യിൽ തടഞ്ഞെന്നുവരാം. മിക്കവാറും വേദന കാണുകയില്ല. പുറമേയുള്ളതൊലിയിൽ, യാതൊരു ഭാവവ്യത്യാസവും ആരംഭത്തിൽ കണ്ടെന്നു വരില്ല. ഈ കല്ലിപ്പ് മുലയുടെ ഏതുഭാഗത്തും ഉണ്ടാകാം. രോഗം വർദ്ധിയ്ക്കുന്തോറും, മുഴ വലുതാവുകയും, ഉപരിതലത്തിലുള്ള തൊലിയിലേയ്ക്ക് ഒട്ടിപ്പിടിയ്ക്കുകയും ചെയ്യുന്നു. ഓറഞ്ചിന്റെ തൊലിയിൽ കാണുന്നതു പോലെയുള്ള ചെറിയകുഴികൾ ഈ ഭാഗത്ത് കാണാനിടയുണ്ട്. പിന്നീട് ഏതു വശത്തേമുലയ്ക്ക് രോഗം ബാധിച്ചിരിയ്ക്കുന്നുവോ, ആ വശത്തേ കക്ഷത്തിലുള്ള ഗ്രന്ഥികളിലേയ്ക്കും രോഗം വ്യാപിക്കുന്നു. ചിലപ്പോൾ മുലനീരുവച്ച് വീർത്ത് വലിയ വ്രണമായി പരിണമിയ്ക്കും. കാൻസർ ശരീരത്തിന്റെ പല ഭാഗങ്ങളിയേക്കും, പ്രത്യേകിച്ച് കരളിലേയ്ക്കും വ്യാപിക്കും. ഇപ്രകാരം ഓരോ പടിയും കടന്ന് കാൻസർ പടർന്നു പിടിക്കുന്തോറും, രോഗം ഭേദമാകുന്നതിനുള്ള സാദ്ധ്യതയും കുറയുന്നു.

രോഗിയ്ക്കു തന്നേ പരിശോധിക്കാം

രോഗത്തിന്റെ ആരംഭലക്ഷണങ്ങൾ, രോഗിയ്ക്കു തന്നേ പരിശോധിച്ചു കണ്ടുപിടിക്കുവാൻ പറ്റിയ സ്ഥാനത്താണ് ഈ അവയവം സ്ഥിതി ചെയ്യുന്നത്. ഈ പരിശോധന വളരെ അധികം പ്രയോജനപ്പെടുമെന്നുള്ളതുകൊണ്ട്, പ്രായപൂർത്തിയായ ഏതൊരു സ്ത്രീയും ഇക്കാര്യത്തിൽ പ്രത്യേകം ശ്രദ്ധിയ്ക്കേണ്ടതാണ്.

പരിശോധനയുടെ വിവിധ ഭാഗങ്ങളേപ്പറ്റി പ്രതിപാദിയ്ക്കാം

അരയ്ക്കു മുകളിൽ ധരിച്ചിരിയ്ക്കുന്ന വസ്ത്രം നീക്കി, കൈകൾ ഇരുവശങ്ങളിലും തൂക്കിയിട്ട്, സാമാന്യം വലിപ്പമുള്ള ഒരു കണ്ണാടിയുടെ മുൻപിൽ നിവർന്നു നിന്നുകൊണ്ട് താഴെ പറയുന്ന പ്രകാരം അവരവർ തന്നേ പരിശോധിയ്ക്കുക.

മുലകളുടെ വലിപ്പം - ആരോഗ്യമുള്ള മുലകൾക്ക് രണ്ടിനും, മിക്കവാറും ഒരേ വലിപ്പമായിരിയ്ക്കും. മുലകളുടെ വലിപ്പവ്യത്യാസങ്ങൾക്ക് കാരണമാകാവുന്ന പല രോഗങ്ങളുമുണ്ട്. ചിലപ്പോൾ കാൻസറും അതിനുകാരണമാകുകും. 2 മുലഞെട്ടുകളുടെ സ്ഥാനം മുലഞെട്ടുകൾ രണ്ടും ഒരേ ലവലിൽ നിൽക്കേണ്ടതാണ്. ഒന്ന് മറ്റേതിനേക്കാൾ ഉയർന്നു നില്ക്കുന്നത് രോഗലക്ഷണമാകാൻ വഴിയുണ്ട്. സാധാരണ കാൻസർരോഗമുള്ളപ്പോൾ മാത്രമാണ് ഈ

വ്യത്യാസം കാണുന്നത്.

മുലഞെട്ടുകൾ രണ്ടും പുറത്തേയ്ക്ക് തള്ളി നിൽക്കണം. ഉള്ളിലേയ്ക്ക് വലിഞ്ഞു നിൽക്കുന്നത് രോഗലക്ഷണമാകാം. മുലഞെട്ടിൽ നിന്നും, രക്തം വരുന്നത്, ഒരു കാൻസർ ലക്ഷണമായിരിയ്ക്കാം.

അടുത്തതായി ഒരു കട്ടിലിലോ, തറയിലോ, നേരേ മലർന്നു കിടക്കുക. ഇപ്രകാരം കിടന്നു കൊണ്ട്, ഓരോ മുലയും, എതിർവശത്തേ കൈയുടെ പത്തികൊണ്ട് അമർത്തിതിരുമ്മുക. മുലയുടെ എല്ലാ ഭാഗത്തും കൈപ്പത്തി ചെന്നിരിയ്ക്കണം. ഇപ്രകാരം ചെയ്യുമ്പോൾ, മുലയുടെ ഏതെങ്കിലും ഭാഗത്ത്, മുഴയോ, കല്ലിപ്പോ ഉണ്ടെങ്കിൽ അത് കയ്യിൽ തടയും.

രോഗി തന്നേയുള്ള പരിശോധന ഇവിടം കൊണ്ട് അവസാനിച്ചു എന്നു പറയാം. ഈ പരിശോധനയിൽ എന്തെങ്കിലും സംശയം തോന്നുന്ന പക്ഷം, വിദഗ്ദ്ധോപദേശം തേടേണ്ടതാണ്. കാൻസർ കൂടാതെ പലതരം മുഴകളും, മുലയിലുണ്ടാകും. മുലയിൽ ഒരു മുഴകണ്ടാലുടൻ കാൻസർ ആണെന്ന് വിചാരിച്ച് ഭയപ്പെടേണ്ടതില്ല. പെൺകുട്ടികൾക്ക് ചെറുപ്രായത്തിൽ മുലയിൽ ചില തരം മുഴകളുണ്ടാകാറുണ്ട്. നിസ്സാരചികിത്സകൊണ്ട് സുഖപ്പെടുത്താവുന്നവയാണ് ഇവ. മുലയിൽ ഒരു മുഴ കാൻസറാണെന്ന് അസന്നിദ്ധമായി തെളിയിക്കുന്നതിന്, വിശദമായ പരിശോധനകൾ ആവശ്യമാണ്.

40 വയസ്സിനു മേൽ പ്രായമുള്ള സ്ത്രീകൾ വർഷത്തിൽ ഒരു പ്രാവശ്യമെങ്കിലും വൈദ്യപരിശോധനയ്ക്ക് വിധേയരാകുന്ന പക്ഷം, മുലയുടെ കാൽസർ ആരംഭത്തിൽ തന്നേ കണ്ടുപിടിയ്ക്കുന്നതിന് സാധിയ്ക്കും.

**വിദഗ്ധ ചികിത്സാമാർഗ്ഗങ്ങൾ**

സ്വയം പരിശോധന കഴിഞ്ഞാൽ, വിദഗ്ധപരിശോധനകൾ ആവശ്യമാണ്. 1. മാമോഗ്രാഫി, 2 അൾട്രാസോണോഗ്രാഫി, 3 FNAC ഫൈൻനീഡിൽ ആസ്പിരേഷൻ സൈകോളജി ബയോപ്സി

**ചികിത്സ**

ചികിത്സാവിധികളിൽ ഏറെ പ്രാധാന്യമായത് ശസ്ത്രക്രിയ തന്നേയാണ്. മുഴയുടെ വലിപ്പമനുസരിച്ച് ശസ്ത്രക്രിയയുടെ തോതും മാറുന്നതാണ്. ചെറിയമുഴകളാണെങ്കിൽ തുറന്നുനോക്കുമ്പോൾ തന്നേ മറ്റുവശങ്ങളിലേയ്ക്കും വ്യാപിക്കാതിരിക്കുന്ന മുഴകൾ മുഴമാത്രം എടുത്തു കളയുന്നരീതിയാണ് സ്വീകരിച്ചിരിക്കുന്നത്. ആരംഭത്തിൽ തന്നേ കണ്ടുപിടിച്ച് ശസ്ത്രക്രിയ ചെയ്താൽ മിക്കവാറും പൂർണ്ണമായും സുഖം പ്രാപിയ്ക്കാറുണ്ട്. ഏതാണ്ട് 75 ശതമാനം രോഗികളിലും നല്ല അനുഭവമാണ്. പിന്നീട് ബയോപ്സിയുടെ റിപ്പോർട്ട് കണ്ട്, റേഡിയേഷൻകൂടി വേണമോ എന്ന തീരുമാനിയ്ക്കാറുണ്ട്. വളരെകൂടിയ സ്ഥലങ്ങളിലേയ്ക്ക് വളർന്നിട്ടുള്ള മുഴകൾ (ട്യൂമർ) വിശദമായ ശസ്ത്രക്രിയയ്ക്കു വിധേയമാക്കേണ്ടി വരും. ആദ്യ പരിശോധനയിലേ പാത്തോളജി റിപ്പോർട്ടിൽകൂടി ട്യൂമർ ഏതു ഗ്രേഡിൽ ആയിട്ടുണ്ടെന്ന് അറിയുവാൻ പറ്റും.

സ്റ്റേജ് ഒന്ന് രണ്ട് കഴിഞ്ഞ് മൂന്നിലേയ്ക്കു കയറിയാൽ മറ്റ് അവയവങ്ങളിലേയ്ക്ക് വ്യാപിയ്ക്കുന്നുണ്ടോ എന്നറിയുവാൻ സാധിയ്ക്കും അവർക്ക് ട്രൂമർ മുഴുവനും എടുത്തുകളയുന്നതിനൊടൊപ്പം റേഡിയേഷനും, കീമോതിറപ്പിയും വേണ്ടിവരും. സൂഷ്മനിരീക്ഷണത്തിന് കാലാകാലം (ചെറിയ ഇടവേളകളിൽ) വിധേയരാക്കുകയും വേണം.

ഇപ്പോൾ പ്ലാസ്റ്റിക്ക് സർജറിയിൽ കൂടി, മുലയുടെ യഥാർത്ഥരൂപം, നിലനിർത്തുവാനും കഴിയുന്നുണ്ട്. അപൂർവ്വം പേർക്കേ, ശസ്ത്രക്രിയയിൽ കൂടി സങ്കീർണ്ണാവസ്ഥകൾ ബാധിയ്ക്കാറുള്ളൂ.

രോഗം കൂടുതൽ കലശലായിട്ടുള്ള രോഗികളിൽ പോലും ഔഷധപ്രയോഗം, ഹോർമോൺചികിത്സ, റേഡിയേഷൻ ചികിത്സ മുതലായവ വളരെ ആശ്വാസം നൽകുന്നുണ്ട്.

(തുടരും)

*****



**ഡോ. ഹരിശങ്കർ**
**MBBS, MS, MCh**

# അഭിനന്ദനങ്ങൾ

എറണാകുളം കരയോഗം അസ്സി. സെക്രട്ടറി ശ്രീ ഗിരിജാവല്ലഭന്റെയും ശ്രീമതി ഗിരിജയുടേയും മകൻ ഡോ. ഹരിശങ്കർ ബീഹാറിലെ പാറ്റ്നയിൽ ഷെയ്ക്കപുരയിലുള്ള ഇന്ദിരാഗാന്ധി ഇൻസ്റ്റിട്യൂട്ട് ഓഫ് മെഡിക്കൽ സയൻസിൽ നിന്നും Surgical Gastro-enterology യിൽ MCh ബിരുദം കരസ്ഥമാക്കി. അഭിമാനകരമായ ഈ നേട്ടം കൈവരിച്ച എറണാകുളം കരയോഗം അംഗമായ ഡോ. ഹരിശങ്കറിന് കരയോഗത്തിന്റെ ആത്മാർത്ഥമായ അഭിനന്ദനങ്ങൾ.

**മന്നിൽക്കോളാർന്നിരമ്പും ജലനിധി, മുകളിൽ-**
**ച്ചാരുതാരാസമൂഹം**
**ചിന്നിക്കാണും നഭോമണ്ഡല,മതിനു നടു-**
**ക്കുജ്ജ്വലിക്കുന്ന ചന്ദ്രൻ**
**എന്നിസ്സർവ്വേശസൃഷ്ടിക്രമമഹിമ കുറി-**
**ക്കുന്ന വസ്തുക്കളെല്ലാ**
**മൊന്നിച്ചാഹന്ത! കാൺകെക്കരളിടയിലഹം-**
**ബുദ്ധി നിൽക്കുന്നതാണോ ?**

*വിശ്വരൂപം, വി.സി. ബാലകൃഷ്ണ പണിക്കർ.*

*ഭൂമിയിൽ കോളുകൊണ്ടിരമ്പുന്ന സമുദ്രം, മുകളിൽ മനോഹരമായ നക്ഷത്രസമൂഹം, ഇവ രണ്ടിന്റെയും മദ്ധ്യത്തിൽ ശോഭിക്കുന്ന ചന്ദ്രൻ സർവ്വേശ്വരന്റെ സൃഷ്ടി മാഹാത്മ്യം കുറിക്കുന്ന വസ്തുക്കളെയെല്ലാം ഒന്നിച്ചു കാണുന്ന സമയത്ത് ആരുടെയെങ്കിലും മനസ്സിൽ അഹങ്കാരം നിലനിൽക്കുമോ ?*

## ചൈത്രം

- മാനസിക സംഘർഷമനുഭവിക്കുന്നവർ
- ഏകാന്തതയനുഭവിക്കുന്നവർ
- ജീവിതം അവസാനിപ്പിക്കണമെന്ന് തോന്നുന്നവർ
- നിങ്ങളുടെ വിഷമംപങ്കുവയ്ക്കാൻ ഫോണിൽ ബന്ധപ്പെടുക:

**0484 2361161**

ചൈത്രത്തിലെ സേവനം തികച്ചും സൗജന്യവും സ്വകാര്യവുമാണ്
ഉച്ചയ്ക്ക് 2 മണി മുതൽ
5 മണി വരെ

# എറണാകുളം കരയോഗം

## ടി.ഡി.എം ഹാളിൽ നടത്തുന്ന പ്രതിമാസ കലാ-സാഹിത്യ-സാംസ്കാരിക പരിപാടികൾ

## മാർച്ച് 2024 – ഏപ്രിൽ 2024

| | | | | |
|---|---|---|---|---|
| 1. | 14-03-2024<br>21-03-2024<br>28-03-2024<br>04-04-2024 | വ്യാഴം | എറണാകുളം കരയോഗം<br>എൽഡർ സിറ്റിസൺസ് ഫോറം | 4.00 p.m. - 6.00 p.m. |
| 2. | 16-03-2024 | ശനി | ഹെറിറേജ് -പാരമ്പര്യസംരക്ഷണം<br>ശ്രീ. ശ്രുതിൻലാൽ സംസാരിക്കുന്നു | 4.00 p.m. - 6.00 p.m. |
| 3. | 17-03-2024 | ഞായർ | സാഹിതിയോഗം –<br>കടമ്മനിട്ട കവിതയുടെ ജനകീയനാദം<br>അവതരണം: ശ്രീ. പി. ഹരിഹര നന്ദനൻ. | 10.00 a.m |
| 4. | 17-03-2024 | ഞായർ | അകായിലെ സംഗീതം – സാംസ്ക്കാരിക<br>വിഭാഗം – ഒ.എൻ.വി കുറുപ്പിന്റെ ഗാനങ്ങൾ | 4.00 p.m |
| 7. | 27-03-2024 | ബുധൻ | ബീം – സൈ്വരിത പ്രയാണം നാടകം<br>അവതരണം<br>തൃശ്ശൂർ നാടക സൗഹൃദം | 6.30 p.m. |
| 8. | 16-3-2024<br>23-3-2024<br>30-3-2024<br>06-4-2024 | ശനി | വേദാന്ത പഠന ക്ലാസ്സ്<br>– ആചാര്യൻ കെ.ആർ. നമ്പ്യാർ | 10.a.m. - 11.30 a.m. |
| 9. | 13-03-2024<br>20-03-2024<br>27-03-2024<br>03-04-2024 | ബുധൻ | ദേവിഭാഗവത ക്ലാസ്സ് – വത്സല.പി.പി | 3.00 p.m - 4.30 p.m. |

## തെക്കേ അമ്മൻ കോവിൽ 2024ലെ മീനഭരണി ഗുരുതി ഉത്സവ പരിപാടികൾ



2024 ഏപ്രിൽ 8, 9, 10 തീയതികളിൽ വിവിധ ചടങ്ങുകളോടും കലാപരിപാടികളോടുംകൂടി പതിവുപോലെ ആഘോഷിക്കുന്നതാണ്. 2024 ഏപ്രിൽ 10-ാം തീയതി ബുധനാഴ്ച ക്ഷേത്ര തന്ത്രി ബ്രഹ്മശ്രീ പുലിയന്നൂർ ശശി നമ്പൂതിരിപ്പാടിന്റെ കാർമ്മികത്വത്തിൽ **വിശേഷാൽ വലിയ ഗുരുതി** നടത്തുന്നതാണ്.

# രോഗങ്ങൾ കാണാമറയത്ത്

യു.എസ്. രവീന്ദ്രൻ- 9496120978

പ്രമീള സ്വന്തമായി ഒരു ട്രാവൽ ഏജൻസി നടത്തികൊണ്ടിരിക്കുന്നു. രണ്ടു കൊല്ലമായി എപ്പോഴും തളർച്ച പോലെ തോന്നിത്തുടങ്ങി. പല ചെക്കപ്പുകളും ചെയ്തു. പൂർണ്ണ ആരോഗ്യവതിയാണെന്നാണ് റിപ്പോർട്ട് കിട്ടിയത്. 'എന്റെ കാര്യം എനിക്കല്ലേ അറിയുകയുള്ളൂ.' പൂർണ്ണ ആരോഗ്യവതിയാണെങ്കിൽ എന്താണ് എപ്പോഴും തളർച്ചയും ക്ഷീണവും പ്രമീള മനസ്സിൽ പറഞ്ഞു. കുറച്ച് ദിവസത്തേയ്ക്ക് ജോലിയ്ക്കു പോയില്ല വിശ്രമിച്ചു. എന്നിട്ടും ഒരു ഭേദവും തോന്നിയില്ല. തുണികൾ മടക്കി അലമാരിയിൽ വയ്ക്കുമ്പോൾ കൂടി ഭയങ്കര ക്ഷീണം. സ്വയം ദേഷ്യം വന്നു തുടങ്ങി. ഒരു ദിവസം അടിവയറ്റിൽ വേദന അനുഭവപ്പെട്ടപ്പോൾ ഡോക്ടർ പറഞ്ഞു അൾട്രാസൗണ്ട് സ്കാൻ ചെയ്തു നോക്കാൻ. അതിന്റെ റിസൾട്ടു വന്നപ്പോൾ ലിവറിൽ തടിപ്പുള്ളതായി കണ്ടെത്തി. ഇരുപതുകൊല്ലം മുൻപ് രണ്ടു പ്രാവശ്യം സിസേറിയൻ നടത്തിയതായിരുന്നു പ്രമീളയ്ക്ക്. ഇതറിഞ്ഞ ഗാസ്ട്രോ എന്റെറോളജിസ്റ്റ് പ്രമീളയോടേ ഹെപ്പാറ്റിറ്റിസിയ്ക്കുള്ള ടെസ്റ്റ് ചെയ്യുവാൻ നിർദ്ദേശിച്ചു, റിസൾട്ട് പോസിറ്റിവായിരുന്നു.

കഴിഞ്ഞ ഇരുപതുകൊല്ലമായി പ്രമീള മരണത്തിനു കാരണമായേക്കാവുന്ന ഹെപ്പാറ്റിറ്റിസ്സി രോഗത്തിനടിമയായിരുന്നു. ഒരു പക്ഷേ അന്നുചെയ്ത സിസേറിയൻ ഓപ്പറേഷനിലെ കൃത്യമായി സ്റ്റെറിലൈസ് ചെയ്യാത്ത, ഡോക്ടർമാരുടെ ശ്രദ്ധയിൽപ്പെടാതെ പോയ ഓപ്പറേഷൻ ഉപകരണങ്ങൾ മൂലം സംഭവിച്ചതാവാം.

നിർഭാഗ്യമെന്നു പറയട്ടെ ഒട്ടും അഭികാമ്യമല്ലാത്ത ഇതുപോലെയുള്ള വാർത്തകൾ ഇപ്പോൾ ധാരാളമുണ്ട്. പ്രത്യക്ഷമായ ഒരു ലക്ഷണവും കൂടാതെ രോഗങ്ങളും ശാരീരിക ബുദ്ധിമുട്ടുകളും ചിലപ്പോൾ രഹസ്യമായി രൂപപ്പെട്ടേക്കാം. അല്ലെങ്കിൽ നേരിയ ലക്ഷണങ്ങൾ ഡോക്ടർമാർക്കു കൂടി രോഗം കണ്ടുപിടിക്കാൻ ബുദ്ധിമുട്ടുണ്ടാക്കുന്നു. പല ടെസ്റ്റുകളും നിർദ്ദേശിക്കുന്നു. ഒരു ടെസ്റ്റങ്കിലും രോഗനിർണ്ണയത്തിന് വ്യക്തമായ സൂചനകൾ നൽകാത്ത സ്ഥിതി വിശേഷവും.

ഹെപ്പാറ്റിറ്റിസ് - സി. ഇതേ പേരിലുള്ള വൈറസാണ് രോഗത്തിനു കാരണം. ഏതെങ്കിലും ഓപ്പറേഷനു ശേഷം രക്തം സ്വീകരിച്ചവരിലോ, ഇഞ്ചെക്ഷനുപയോഗിക്കുന്ന സൂചി കൈകാര്യം ചെയ്യുമ്പോൾ അബദ്ധവശാൽ മുറിവുണ്ടാക്കുകയോ, വെറെ ആരുടെയെങ്കിലും രക്തത്തുള്ളികൾ ശരീരത്തിൽ വീണ ആരോഗ്യ ശുശ്രൂഷരിലോ ഹെപ്പാറ്റിറ്റിസ് സി രോഗം ഉണ്ടായേക്കാം. മയക്കുമരുന്നുപയോഗിക്കുന്നവർ, ശരീരത്തിൽ പച്ചകുത്തിയവർ, ദീർഘകാലം ഡയാലിസിസ് ചെയ്യുന്നവർ എന്നിവർക്ക് ഹെപ്പാറ്റിറ്റിസ്സി വരാനുള്ള സാദ്ധ്യത കൂടുതലാണെന്ന് ബാംഗ്ലൂർ മണിപാൽ ഹോസ്പിറ്റലിലെ ഗാസ്ട്രോ എന്ററോളജിസ്റ്റ് ഡോക്ടർ ദിനേശ് കിനി പറയുന്നു. ഇന്ത്യയിൽ ഏകദേശം ഒരു കോടി പേർക്കെങ്കിലും ഈ രോഗം ബാധിച്ചിട്ടുണ്ട്.

'തുടക്കത്തിൽ ഒരു തളർച്ചപോലെ അനുഭവപ്പെട്ടേക്കാം. ഹെപ്പാറ്റിറ്റിസ് രോഗികൾക്ക് ഇത് ഒരു ദശാബ്ദക്കാലം വരെ നീണ്ടു നിന്നേക്കാം. അവർ അറിയണമെന്നില്ല.' ലക്നൗവിലെ സഞ്ജയ്ഗാന്ധി പോസ്റ്റ്ഗ്രാജ്വേറ്റ് ഇൻസ്റ്റിട്യൂട്ട് ഓഫ് മെഡിക്കൽ സയൻസിലെ ഗാസ്ട്രോ എന്ററോളജി പ്രൊഫസർ ഡോക്ടർ ഗുരുദാസ് ചൗധരി പറയുന്നു. ഇത് ഒരു നിശബ്ദഘാതകനാണ്. രോഗം പഴകിയാൽ സിറോസിസ് എന്ന ഗുരുതരമായ കരൾരോഗത്തിൽ

കൊണ്ടു ചെന്നെത്തിക്കുന്നു. പേശിവേദന, സന്ധിവേദന, കിഡ്നി രോഗങ്ങൾ, രോഗപ്രതിരോധപ്രശ്നങ്ങൾ എന്നിവ അനന്തരഫലങ്ങളാണ്. രക്തപരിശോധനയിൽ ഹെപ്പാറ്റിറ്റിസ്സിയുടെ സാന്നിദ്ധ്യം മനസ്സിലാക്കാം.

ചില ആന്റിവെറൽ മരുന്നുകളുടെ സംയുക്തഉപയോഗംകൊണ്ട് രോഗത്തെ കുറയ്ക്കുകയോ, ശമിപ്പിക്കുകയോ ചെയ്യാം. എന്നാൽ രോഗത്തിന്റെ ഗൗരവമനുസരിച്ച് ചികിത്സാകാലയളവ് നാലുമാസം മുതൽ ആറുമാസം വരെ നീണ്ടുപോയേക്കാം. ചികിത്സക്ക് വിധേയരാകുന്നവർക്ക് പാർശ്വഫലങ്ങൾ ഉണ്ടാകും. തലവേദന, ചെറിയ പനിപോലെ തോന്നുക, അസ്ഥിമജ്ജ വളർച്ചാതടസ്സം എല്ലാം ഈ രോഗത്തിനുള്ള ചികിത്സയുടെ പാർശ്വഫലമായിട്ടുണ്ടാകും.

ലേഖനത്തിന്റെ തുടക്കത്തിൽ പരാമർഷിച്ച പ്രമീള ആന്റിവൈറൽ ഗുളികകൾ കഴിക്കുകയും 8 മാസത്തോളം ഇൻജക്ഷൻ എടുക്കുകയും ചെയ്തു. 'ഇപ്പോൾ വളരെ സുഖം തോന്നുന്നു' പ്രമീള പറയുന്നു.

2. LUPUS (നിറം മങ്ങിയ തടിപ്പ്) സ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കിയ അശ്വതിക്ക് കുറച്ച് ആരോഗ്യപ്രശ്നങ്ങൾ ഉണ്ടായിരുന്നു. മരവിപ്പ്, പനി, ഛർദ്ദി, ശ്വാസതടസ്സം, സന്ധിവേദന, ചൊറിച്ചിൽ തുടങ്ങിയവ. കോളേജിൽ ചേരാൻ പറ്റാതെ ശയ്യാവസ്ഥയിലായി അശ്വതി. നാലു ഡോക്ടർമാരെ മാറി മാറി കണ്ടുവെങ്കിലും ശരിയായ രോഗം കണ്ടുപിടിക്കാൻ ആർക്കും കഴിഞ്ഞില്ല. ഒരു ദിവസം പലപ്പോഴുമായി 25 ഗുളികകൾ വരെ കഴിക്കേണ്ടി വന്നിട്ടുണ്ട്. കുളമുറിയിൽ പോകാൻ കൂടി വയ്യാതായി അശ്വതി പറയുന്നു. ഒരു കൊല്ലം മുൻപ് ഹൈദരബാദിലെ കൃഷ്ണ Institute of medical sciecnce ലെ chief rheumatologist ഡോ. ശരത്ത് ചന്ദ്രമൗലിയെ കാണാൻ ഒരു സുഹൃത്ത് നിർദ്ദേശിച്ചു. ശരീരത്തിലെ രോഗപ്രതിരോധാവസ്ഥ തന്നെ ശരീരത്തിനെതിരായി പ്രവർത്തിക്കുന്ന താണെന്ന് ഡോക്ടർ കണ്ടുപിടിച്ചു. ഈ സമയത്തിനുള്ളിൽ അശ്വതിയുടെ കിഡ്നിയും കരളും രോഗഗ്രസസ്തമായി തീർന്നിരുന്നു. Lupus ഒരു പരമ്പരാഗത genctic രോഗമാണത്രേ ഇത് പുരുഷന്മാരേക്കാൾ കൂടുതൽ സ്ത്രീകളെയാണത്രേ ബാധിക്കുക. ഈ രോഗം ശരീരത്തിലെ അവയവങ്ങൾക്ക് ദോഷം ചെയ്തേക്കാം. ഈ രോഗം മൂലം ഒരാൾക്ക് കാലിൽ നീരുവന്നു വീർക്കുകയും ചെയ്യുകയാണെങ്കിൽ വേറൊരാൾക്ക് വായിലെ തൊലി പോകലും മുഖത്തോ ശരീരത്തിലെവിടെയെങ്കിലുമൊക്കെ ചുവന്ന നിറത്തിലുള്ള തടിപ്പും മറ്റുമായിരിക്കും രോഗലക്ഷണം. പൊതുവേ കാണുന്ന ലക്ഷ്ണങ്ങൾ സന്ധിവീക്കവും മുടികൊഴിച്ചിലും തൊലിപൊളിഞ്ഞുപോകലും മറ്റുമാണ്,. രോഗിക്ക് നേരത്തേ കിട്ടിയിട്ടുള്ള ചികിത്സാചരിത്രം പരിശോധിച്ചു, രോഗിയുടെ രോഗപ്രതിരോധാവസ്ഥ പരിശോധിച്ചുമാണ് ഡോക്ടർമാർ LUPUS രോഗമാണോ എന്ന് നിർണ്ണയം നടത്തുന്നത്. കൃത്യമായി രോഗനിർണ്ണയം നടത്തുന്നതിന് മുൻപ് രോഗി പലപല ഡോക്ടർമാരേയും സന്ദർശിച്ചിട്ടുണ്ടാകും. Lupus രോഗത്തിന്റെ കാഠിന്യത്തിനനുസരിച്ച് വിവിധ ശക്തിയിലുള്ള മരുന്നുകൾ രോഗി കഴിക്കേണ്ടി വരും. മൂന്നുകൊല്ലത്തെ ചികിത്സക്കുശേഷം അശ്വതി കോളേജിൽ പോയി തുടങ്ങി.

3. Celiac disease ഡൽഹിക്കാരി മീനാസിങ്ങിന് കൂടെക്കൂടെ വയറുവേദയും, വയറിളക്കവും, ഛർദ്ദിയും, ഉണ്ടാകാറുണ്ട്. അവർ പുറമേ നിന്നു ഒരു ഭക്ഷണവും കഴിക്കാറില്ല. വീട്ടിലുണ്ടാക്കുന്ന ഭക്ഷണം മാത്രമേ കഴിയ്ക്കാറുള്ളൂ. ഡോക്ടർമാർ പല ടെസ്റ്റുകളും നിർദ്ദേശിച്ചു. എല്ലാം ചെയ്തു ഒരു കുഴപ്പവും കണ്ടുപിടിച്ചില്ല. ഗാസ്ട്രോഎന്ററോളജിസ്റ്റായ ഡോക്ടർ താക്കൂർ അവരോട് ഗോതമ്പ് അടങ്ങിയ എല്ലാ ഭക്ഷണങ്ങളും ഉപേക്ഷിക്കാൻ നിർദ്ദേശിച്ചു. ദിവസവും വളരെ ഇഷ്ടത്തോടെ കഴിച്ചു കൊണ്ടിരിക്കുന്ന ചപ്പാത്തി

ഉപേക്ഷിക്കേണ്ടിവന്നെങ്കിലും അതിനുശേഷം ഉടനടി മീനയ്ക്ക് വളരെ ആശ്വാസം തോന്നിതുടങ്ങി. മൂന്നുകൊല്ലത്തിനുശേഷം വയറിനു അസ്വസ്ഥതയില്ലാതെ വേറെ ഭക്ഷണം കഴിക്കാൻ കഴിഞ്ഞു. ഗോതമ്പ് പോലെയുള്ള ധാന്യങ്ങളിൽ ഗ്ലൂടെൻ എന്ന പ്രൊട്ടീൻ ഉണ്ട്. ഗ്ലൂടെൻ അടങ്ങിയ ഭക്ഷണം മീന കഴിയ്ക്കുമ്പോൾ ചെറുകുടലിലെ വില്ലൈ എന്നു വിളിക്കുന്ന നാരുഘനത്തിലുള്ള ഭക്ഷണത്തിലെ പോഷക ഘടകങ്ങളെ ആഗിരണം ചെയ്യുന്ന സംവിധാനം ചുരുങ്ങുകയോ അപ്രത്യക്ഷമാവുകയോ ചെയ്യുന്നു. തന്മൂലം ദഹനക്രിയ ശരിക്കു നടക്കുന്നില്ല. അതുകൊണ്ടാണ് മീനക്ക് ഓക്കാനവും ഛർദ്ദിയും വയറുവേദനയും വയറിളക്കവും ഉണ്ടായത്. Celiac എന്ന രോഗം അസ്ഥിസംബന്ധമായ രോഗങ്ങൾ osteoporosis iron deficelancy, വിളർച്ച, ഗുരുതരമായ വിറ്റാമിൻ കുറവുകൾ എന്നിവയിലേയ്ക്ക് നയിച്ചേക്കാം. പാരമ്പര്യമായി രോഗം വന്നുചേർന്നതാകാം. മാനസിക സമ്മർദ്ദാധികൃത്താലും വന്നേക്കാം. ഏതെങ്കിലും ഓപ്പറേഷനുശേഷം അതിന്റെ പാർശ്വഫലമായി വന്നേക്കാം. ഗർഭകാലത്ത് രോഗം വരാനുള്ള സാദ്ധ്യത കൂടുതലാണ്. വയറ്റിൽ ഗ്യാസ് നിറയുക, വയറുവേദന, വയറിളക്കം, മലബന്ധം കാരണമില്ലാതെ വിളർച്ച, തൂക്കനഷ്ടം, സന്ധിവേദന, തളർച്ച്, വിഷാദം തുടങ്ങിയ അസ്വസ്ഥതകൾ ഈ രോഗത്തിന്റെ ലക്ഷണങ്ങളാണ്. രക്തപരിശോധനയിലൂടെയും ആമാശയ biospy എടുത്തും ആണ് രോഗനിർണ്ണയം നടത്തുന്നത്. ഭക്ഷണക്രമം ഡോക്ടറുടെ നിർദ്ദേശമനുസരിച്ച് ചിട്ടപ്പെടുത്തി ജീവിച്ചപ്പോൾ മീനയുടെ അസുഖം പരിപൂർണ്ണമായി ഭേദമായി.

**മലാശയകാൻസർ**

55 വയസ്സുകഴിഞ്ഞ അഖിലയ്ക്ക് കഴിഞ്ഞ ഒരു കൊല്ലമായി ഇടയ്ക്കിടയ്ക്ക് വയറുവേദന വരാറുണ്ട്. ആദ്യം കണ്ട രണ്ടു ഡോക്ടർമാർ പറഞ്ഞത് കുടലിൽ അൾസർ ആണെന്നാണ്. അതിനുള്ള മരുന്നുകൾ കഴിച്ചുകൊണ്ടിരുന്നു. ഒരു ഫലവും കണ്ടില്ല. പിന്നെ പരിശോധിച്ച ഡോക്ടർമാർ പറഞ്ഞു കുടൽ ക്ഷയരോഗമാണെന്ന്. അവർ കൊടുത്ത മരുന്നു കഴിച്ചപ്പോൾ താല്ക്കാലികമായി ആശ്വാസം കിട്ടി. എന്നാൽ ഒരു ദിവസം അതിശക്തമായ വയറുവേദന വന്നപ്പോൾ ഹോസ്പിറ്റലിൽ അഡ്മിറ്റു ചെയ്തു. ഡോക്ടർമാർ വൻകുടലിന്റെ ഒരു ഭാഗം മുറിച്ചു മാറ്റി. ബയോപ്സി ചെയ്തപ്പോൾ മലാശയകാൻസറാണെന്ന് തെളിഞ്ഞു ബോംബേയിലെ ബ്രീച്ച് കാൻസി ഹോസ്പിറ്റലിലെ കാൻസർ വിഭാഗത്തിലെ ഡോക്ടർ ഡിസൂസ പറയുന്നു.

'അഖില ഭാഗ്യവതിയാണ്, സാധാരണമലാശയകാൻസർ പോലുള്ള ആന്തരാവയവ കാൻസർ കണ്ടു പിടിക്കുന്നത് രോഗം പാരമ്യത്തിൽ എത്തിയതിനുശേഷം മാത്രമായിരിക്കും. ഈ ഘട്ടത്തിൽ രോഗി രക്ഷപ്പെടാൻ സാദ്ധ്യത കുറവാണ്. അഖിലയുടെ രോഗം വൈകിയാണ് തിരിച്ചറിഞ്ഞതെങ്കിലും ഒരു ഓപ്പറേഷൻ കഴിഞ്ഞ് ആരോഗ്യം തിരിച്ചുപിടിക്കാനുള്ളഭാഗം അഖിലയ്ക്കുണ്ടായല്ലോ.' കീമോതെറാപ്പിക്കുശേഷം അഖില സുഖമായിരിക്കുന്നു ഇപ്പോൾ. കുടുംബപരമായി മേൽപറഞ്ഞരോഗാവസ്ഥ ആർക്കെങ്കിലും ഉണ്ടായിട്ടുണ്ടെങ്കിൽ ഇത്തരത്തിലുള്ള രോഗങ്ങൾ വച്ചു താമസിപ്പിക്കരുത്. ഛർദ്ദി വയറുവേദന, രക്തംപോക്ക്, മലവിസർജ്ജനത്തിനുള്ള തടസ്സം വേദന എന്നിവയാണ് രോഗലക്ഷണങ്ങൾ.

വർഷാവർഷം മെഡിക്കൽ ചെക്കപ്പ് നടത്തുന്നവർ മലാശയപരിശോധന നടത്തുന്നതും, മലത്തിലെ രക്തസാന്നിദ്ധ്യപരിശോധന നടത്തുന്നതും മലാശയകാൻസർ കണ്ടു പിടിക്കാൻ സഹായകമാകും. കോളോണോസ്കോപി ചെയ്താൽ കുടലിനകത്ത് അസാധാരണമായി എന്തെങ്കിലും മുഴകളോ വളർച്ചകളോ ഉണ്ടെങ്കിൽ അറിയാൻ സാധിക്കും. അതിന്റെ ബയോപ്സി ചെയ്താൽ

കാൻസറിനോട് ബന്ധപ്പെട്ട അസുഖമാണോ എന്ന് നേരത്തേക്കൂട്ടി അറിയാം. ഓപ്പറേഷനും, കീമോതെറാപ്പിയും കൊണ്ട് രോഗം ഭേദമാക്കാം.

**5. Anurysm ധമനീഘടനശോഷണം**

രക്തധമനികളുടെ ഭിത്തിയുടെ ഘനം കുറഞ്ഞ് ചിലയിടങ്ങളിൽ തുറിച്ചു വരുന്ന രോഗമാണ്. Anurysm ചിലപ്പോൾ ധമനി അവിടെ വച്ച് പൊട്ടിയ ശേഷമേ ഈ രോഗം കൊണ്ടാണ് ഇത്രനാളും ജീവിച്ചിരുന്നതെന്ന് തിരിച്ചറിയുന്നത്. നെഞ്ചിലും തലച്ചോറിലും ഉള്ള രക്തധമനികൾക്ക് ഇങ്ങനെ സംഭവിച്ചാൽ അത് മാരകമായ ഫലങ്ങളാണ് ഉണ്ടാക്കുക. ഉടനെ തന്നെ ആശുപത്രിയിൽ എത്തിക്കാൻ സാധിച്ചാലും ജീവിതത്തിലേക്ക് മടങ്ങിവരാനുള്ള സാദ്ധ്യത 50 ശതമാനം മാത്രമാണ്. ഭാഗ്യവശാൽ രോഗം നേരത്തേകൂട്ടി കണ്ടുപിടിക്കാൻ സാധിക്കുകയാണെങ്കിൽ ധമനി ഘനം ശോഷിച്ച ഭാഗം മാറ്റിവയ്ക്കാനുള്ള ചികിത്സ നേടാവുന്നതാണ്.

അപൂർവ്വമായ രോഗമാണെങ്കിലും പുകവലിക്കാരിലും ഉയർന്ന രക്തസമ്മർദ്ദമുള്ളവരിലും, ഉറ്റ ബന്ധുക്കൾക്ക് ഈ രോഗം ഉണ്ടായിട്ടുള്ളവരിലും Anurysm എന്ന രോഗം വരാനു ള്ള സാദ്ധ്യത കൂടുതലാണ്. തലയിൽ Anurysm മൂലം ധമനിപ്പൊട്ടുകയാണെങ്കിൽ ആനിമിഷം അതികഠിനമായ തലവേദന കാഴ്ചമങ്ങൾ, ഛർദ്ദി, കഴുത്ത് മരവിപ്പ്, ബോധക്ഷയം എന്നീ ലക്ഷണങ്ങൾ ഉണ്ടായേക്കാം. നെഞ്ചിലെ ധമനികളിലാണെങ്കിൽ കലശലായനെഞ്ചുവേദന, വയറുവേദന, തുടങ്ങിയ അസ്വസ്ഥതകൾ അനുഭവപ്പെട്ടേക്കാം. CT Scan, MRI Scan എന്നിവയിലൂടെ Anurysm കണ്ടെത്താം. ഉടനടിയുള്ള ഓപ്പറേഷനാണ് പ്രതിവിധി.

6. Fluorosis ഫ്ലൂറൈഡ് പല്ലിന് നല്ലതാണെന്ന പരസ്യങ്ങൾ പലരേയും തെറ്റിധരിപ്പിച്ചിട്ടുണ്ട്. ഫ്ലൂറോസിസ് എന്ന രോഗം ശ്രദ്ധിക്കപ്പെടാതെ ചികിത്സിക്കപ്പെടാതെ പോകുന്നു. ഫ്ലൂറൈഡ് കൂടുന്നതു മൂലമുണ്ടാകുന്ന ഫ്ലൂറോസിസ് എന്ന രോഗം ഒരു വ്യക്തിയുടെ ദൈനംദിനപ്രവർത്തനങ്ങൾക്ക് തടസ്സം സൃഷ്ടിക്കുന്നു. ചിലപ്പോൾ മാരകവുമായേക്കാം. കുടിയ്ക്കുന്ന വെള്ളത്തിൽ ഫ്ലൂറൈഡിന്റെ അംശം കൂടുതലുണ്ടെങ്കിലോ, കൂടുതൽ കട്ടൻചായ കഴിക്കുന്നതു മൂലമോ, പ്രിസർവേറ്റിവ്സ് ചേർത്ത് ടിന്നിൽ പായ്ക്കു ചെയ്തു വരുന്ന ഭക്ഷണങ്ങൾ കൂടുതൽ കഴിയ്ക്കുന്നതു കൊണ്ടോ, മസാലപ്പൊടി, കറുത്ത ചുവന്ന കല്ലുപ്പു ചേർത്ത സ്നാക്കുകൾ കഴിയ്ക്കുന്നതുകൊണ്ടോ, ചില പ്രത്യേക antibiotie ക്കുകൾ കഴിയ്ക്കുന്നതുകൊണ്ടോ, ഉയർന്ന കൊളസ്ട്രോൾ വിഷാദരോഗം എന്നിവ ചികിത്സിക്കാനുപയോഗിക്കുന്ന മരുന്നുകളിൽ കൂടിയോ ഫ്ലൂറൈഡ് അകത്തെത്താം.

'ഇന്ത്യയിൽ ഒട്ടും ശ്രദ്ധിക്കപ്പെടാതെ പോകുന്ന രോഗമാണ് ഫ്ലൂറോസിസ്. തെറ്റായി ഡയഗ്നൈസെസ് ചെയ്യാറുള്ള സംഭവങ്ങളും ഉണ്ടാകാറുണ്ട്.' ബാംഗ്ലൂരിലെ ഫ്ലൂറോയ്ഡ് റിസർച്ച് ഫൌണ്ടേഷൻ ഡയറക്ടർ ഡോക്ടർ സുഷമ പറയുന്നു. കൂടുതൽ കട്ടൻചായ കുടിക്കുന്നവരിൽ ഈ രോഗം വരാനുള്ള സാദ്ധ്യത കൂടുതലാണ്. ചായയിൽ പാൽ ചേർക്കുമ്പോൾ, ചായയിലെ ഫ്ലൂറിനും, പാലിലെ കാത്സ്യവും ചേർന്ന് കാത്സ്യം ഫ്ലൂറൈഡ് ഉണ്ടാകുന്നു. കാത്സ്യം ഫ്ലൂറൈഡ് ശരീരം ആഗിരണം ചെയ്യുന്നില്ല. അത് വിസർജ്ജ്യത്തിലൂടെ പുറത്ത് പോകുന്നു. അതുകൊണ്ട് പാൽ ചായ കുടിക്കുന്നവർ ഈ കാരണം കൊണ്ട് രോഗത്തെ ഭയക്കേണ്ടതില്ല. ഇന്ത്യിലെ 66 ദശലക്ഷം ജനങ്ങൾ പല വകഭേദത്തിലുള്ള ഫ്ലൂറോസിസ് രോഗത്തിന്റെ അടിമകളാണത്രേ. ഫ്ലറോസിസ് കുട്ടികളിൽ പല്ലുകളെ ബാധിക്കുന്നു. മുതിർന്നവരിൽ അസ്ഥികളെയും ബാധിക്കുന്നു. സന്ധികളിൽ വേദനയുണ്ടാക്കുന്നു. മൃദുലമായ ടിഷ്യൂകളെ നശിപ്പിക്കുന്നു. വയറുവേദന ഛർദ്ദി,

മലബന്ധം തുടർന്ന് വയറിളക്കം അമിതമായ ദാഹം, അമിതമായ മൂത്രശങ്ക, പേശീബലക്ഷയം തളർച്ച ഇതെല്ലാം ഇതിന്റെ ലക്ഷണങ്ങളാണ്. കുടിക്കുന്ന വെള്ളം, രോഗിയുടെ ര്ക്തം, മൂത്രം എന്നിവ പരിശോധിക്കേണ്ടതാണ്. തൈറോയ്ഡ് ഹോർമോൺ നിലവാരവും പരിശോധിക്കേണ്ടതാണ്. രോഗിയുടെ ശരീരവ്യവസ്ഥയിൽ എങ്ങിനെയാണ് ഫ്ലൂറൈഡ് കയറിപ്പറ്റുന്നത് എന്ന് പരിശോധിയ്ക്കേണ്ടതുണ്ട്. ഭക്ഷണത്തിലൂടെയോ വെള്ളത്തിലൂടെയോ എന്നും മറ്റും അങ്ങിനെയുള്ള ഭക്ഷണം ഒഴിവാക്കുകയും ശുദ്ധീകരിച്ച വെള്ളം കുടിക്കാൻ ഉപയോഗിക്കുകയും ചെയ്താൽ രോഗം മാറാവുന്നതേയുള്ളൂ. പഴവർഗ്ഗങ്ങൾ, ഡയറി ഉൽപ്പന്നങ്ങൾ എന്നിവ പ്ലൂറോസിസ് എന്ന രോഗം കുറയ്ക്കുവാനും വരാതിരിക്കാനും സഹായിയ്ക്കും.

**7. ഹൈപ്പോതൈറോയ്ഡിസം**

കഴുത്തിലെ മുഴക്ക് തൊട്ടു താഴെ ചിത്രശലഭത്തിന്റെ ആകൃതിയിലുള്ള ഒരു ഗ്രന്ഥിയാണ് തൈയ്റോയ്ഡ് ഗ്രന്ഥി, ശരീരാരോഗ്യ വളർച്ചാവ്യവസ്ഥിതിക്ക് അത്യന്താപേക്ഷിതമായ ഘടകമാണ് തൈയ്റോയ്ഡ് ഗ്രന്ഥിയിൽ നിന്നുള്ള ഹോർമോണുകൾ. വേണ്ടത്ര ഹോർമോൺ ശരീരത്തിനു ലഭിയ്ക്കാതിരിക്കുകയോ ആവശ്യത്തിനേക്കാൾ കൂടുതൽ ഹോർമോൺ ഉൽപ്പാദിപ്പിക്കപ്പെടുകയോ ചെയ്താൽ ശരീരത്തിന് ദോഷമാണ്. അമിതമായി തൂക്കം വർദ്ധിക്കും, കഠിനമായ ക്ഷീണം തോന്നും, ഓർമ്മശക്തി പിഴവുകാണിക്കും. പുരുഷന്മാരേക്കാൾ, സ്ത്രീകളെയാണ് ഈ രോഗം ബാധിക്കുക പ്രത്യേകിച്ച് ഗർഭിണിയാകുമ്പോഴും പ്രായമേറുന്തോറും. തണുപ്പ് സഹിക്കാൻ വയ്യാതെ വരിക, തളർച്ച, തൂക്കം വർദ്ധിക്കൽ, പതറിയ ശബ്ദം, വരണ്ടതൊലി, മുടികൊഴിച്ചിൽ, വിഷാദം എന്നിവ ഹൈപ്പോതൈറോയിഡിസത്തിന്റെ ലക്ഷണങ്ങളാണ്. രക്തപരിശോധനയിൽ ഈ രോഗം കണ്ടുപിടിക്കാവുന്നതാണ്. ഹോർമോൺ ഗുളികകൾ ഈ രോഗത്തിന്റെ ചികിത്സക്കായി ഉപയോഗിക്കുന്നു.

**8. വെർട്ടിഗോ Benign positional Vertigo)**

എട്ടുകൊല്ലം മുൻപ് ആയുർവ്വേദഡോക്ടറായ ശ്രീനിവാസന് കൂടെകൂടെ ഉറക്കം തൂങ്ങുക എന്ന അവസ്ഥാവിശേഷം ഉണ്ടായി. ഓഫീസിൽ ഇടയ്ക്ക് ഉറക്കം തൂങ്ങി ഇരിക്കാനോ കിടക്കാനോ തോന്നിതുടങ്ങി. ന്യൂറോളജിസ്റ്റിനേയും, ഇഎൻടി.സ്പെഷ്യലിനേയും, കാർഡിയോളജിസ്റ്റിനേയും, ഓർത്തോപീഡിക് ഡോക്ടറേയും, സൈക്കോളജിസ്റ്റിനേയും ഹോമിയോ ഡോക്ടർമാരെയും ഒക്കെ കണ്ടു. 'വിശേഷാൽ പ്രാർത്ഥന ചികിത്സ ചെയ്യുന്ന വരേയും' കണ്ടു. കാര്യമുണ്ടായില്ല. നീണ്ട ടെസ്റ്റുകൾക്കും പരിശോധനകൾക്കും ശേഷം ബാംഗ്ലൂരിലെ രാജശേഖരഹോസ്പിറ്റലിലെ ഡോക്ടർ രവി കൗഷിക് ഒരു നിഗമനത്തിൽ എത്തിചേർന്നു. ശ്രീനിവാസന്റെ രോഗം Benign paroxysmal positional vertigo (BPPV) ആണെന്നു കണ്ടു. BPPV എന്നത് ആന്തരിക കർണ്ണപുടത്തിനകത്തെ ദ്രവ്യവ്യവസ്ഥയുടെ തകരാറുകൊണ്ടോ മാലിന്യങ്ങൾ അടിഞ്ഞുകൂടിയതുകൊണ്ടോ ഉണ്ടാകുന്നതാണ്. വെർട്ടിഗോ രോഗികൾക്ക് ശരീരത്തിന്റെ ബാലൻസ് നിലനിർത്തുവാൻ പാടുപെടേണ്ടിവരുന്നു. മാനസികസമ്മർദ്ദമുള്ളവരിലും, അമിതോത്സാഹികളിലും ചെവിഭാഗത്ത് എപ്പോഴെങ്കിലും ക്ഷതം ഏറ്റിട്ടുള്ളവരിലും, അണുബാധ ഉണ്ടായിട്ടുള്ളവരിലും വെൽട്ടിഗോ രോഗം വരാവുന്നതാണ്. തലകറക്കം, ഛർദ്ദി, കാഴ്ചമങ്ങൽ, സെക്കന്റുകളോളം സ്ഥലകാലബോധം നഷ്ടപ്പെടൽ എന്നിവയാണ് രോഗത്തിന്റെ ലക്ഷണങ്ങൾ. ചിലപ്പോൾ രോഗിക്ക് തനിക്കു ചുറ്റുമുള്ള ലോകം കറങ്ങുന്നതുപോലെ തോന്നാം. ചിലപ്പോൾ രക്തസമ്മർദ്ദം കുറയുന്നതുകൊണ്ടാണെന്നോ, ഹൃദയസംബന്ധരോഗമാണെന്നോ തെറ്റിദ്ധരിക്കാറുണ്ട്. ഡോക്ടർ കൗഷിക് പറയുന്നു. മാനസികസമ്മർദ്ദം കുറയ്ക്കാനുള്ള ഗുളി

കകൾ, യോഗ, ധ്യാനം, വ്യായാമം ഇതൊക്കെയാണ് രോഗത്തിന് ചികിത്സയായി നിർദ്ദേശിക്കാറുള്ളത്. ഈ രോഗം പരിപൂർണ്ണമായി ചികിത്സിച്ചുഭേദമാക്കാൻ കഴിയില്ലെന്ന ബോധത്തോടെ ദൈനംദിനകാര്യങ്ങൾ ചെയ്തുകൊണ്ടുപോകുവാൻ കഴിയലാണ് ഉത്തമമായ ചികിത്സ. നേരത്തെ പരാമർശിച്ച ശ്രീനിവാസൻ ഇപ്പോൾ എപ്പോഴും എന്തെങ്കിലും ജോലി ചെയ്തുകൊണ്ടിരിക്കുന്നു. ഡ്രൈവ് ചെയ്യാറുമുണ്ട്. ഉറക്കം തൂങ്ങൽ ഇപ്പോഴും ഉണ്ട്. പക്ഷേ പഴയപോലെയുള്ള ബുദ്ധിമുട്ടുകൾ ഇല്ലത്രേ.

**9. ക്ലമീഡിയ (Chlamydia)**

പലപ്പോവും ഈ രോഗം അനുഭവിക്കുന്ന രോഗികളും അവർ Consult ചെയ്യുന്നുഡോക്ടറും വിട്ടുകളയുന്ന ഒരു രോഗമാണ് ക്ലമീഡിയ. ഈ രോഗം പ്രത്യേകിച്ച് ലക്ഷണമൊന്നും കാണിക്കുകയില്ല. ഈ രോഗം തന്നെയാണെന്ന് ഡോക്ടർമാർ സംശയിക്കാത്തിടത്തോളം ഇതു കണ്ടുപിടിക്കപ്പെടുന്നില്ല. മിക്കവാറും ഒരു ലാബുകളിലും ഇതിന്റെ ബാക്ടീരിയക്കു വേണ്ടി ടെസ്റ്റ് ചെയ്യാനുള്ള സംവിധാനവുമില്ല.

സ്ത്രീകളിൽ ഈ രോഗം അരക്കെട്ടിനു താഴെ നീർക്കെട്ട് ഉണ്ടാക്കുന്നു. ഫലോപ്പിയൻ ട്യൂബിൽ പാടുകൾ ഉണ്ടാക്കുന്നു. ചിലപ്പോൾ വന്ധ്യതയ്ക്കും കാരണമായേക്കാം. പുരുഷവന്ധ്യതയ്ക്ക് ഈ രോഗം ഒരു കാരണമായേക്കാം. ആരോഗ്യമുള്ള ഏതൊരു പുരുഷനും സ്ത്രീക്കും ഇതു വന്നേക്കാം. ദ്രവസ്രാവവും, മൂത്രമൊഴിയ്ക്കുമ്പോൾ ചൊറിച്ചിലും ആണ് ഇതിന്റെ ലക്ഷണങ്ങൾ. ആദ്യമൊക്കെ ആരും ഇത് ഗൗനിക്കാറില്ല. എന്നാൽ സമയത്ത് ചികിത്സ കിട്ടാതിരുന്നാൽ പുറത്തും അടിവയറ്റിലും വേദനയും, രണ്ടു മാസമുറകൾക്കിടയിൽ രക്തസ്രാവവും ഓക്കാനവും പനിയും ഉണ്ടായേക്കാം. പുരുഷന്മാർക്കാണെങ്കിൽ ലിംഗസ്രാവവും, മൂത്രമൊഴിക്കുമ്പോൾ വേദനയോ പുകച്ചിലോ ഉണ്ടാകാം.

വൃഷണങ്ങളിൽ വേദനയും നീരും ഉണ്ടായേക്കാം. ഈ രോഗം ഉണ്ടാക്കുന്ന ബാക്ടീരിയയെ ELISA TEST കൊണ്ടോ, മൂത്രത്തിന്റേയോ, നട്ടെല്ല് കുത്തിയെടുക്കുന്ന ദ്രവത്തിന്റെ ക്ലീമിഡിയ ആന്റിജെൻടെസ്റ്റുകൊണ്ടും അറിയാം. പ്രത്യേക ആന്റിബയോട്ടിക്കുകൾ കഴിക്കുന്നത് കൊണ്ട് രോഗം ഭേദമാക്കാം.

**10. ഉറക്കതടസ്സം, കൂർക്കംവലി (Sleep Apnoea)**

കൂർക്കംവലി ഉറക്ക തടസ്സത്തിന്റെ ലക്ഷണമാണ്. രക്തസമ്മർദ്ദം കൂടാനും, ഹൃദയസംബന്ധമായ അസുഖങ്ങൾക്കും ഇത് കാരണമായേക്കും. 'ശ്വാസപാതയിലെ തടസ്സം കൂർക്കംവലിക്ക് ആക്കം കൂട്ടുന്നു. ഉറക്കത്തിൽ ശ്വാസോച്ഛ്വാസം ശരിയാകാതെ വരുമ്പോൾ സ്വാഭാവികമായി ആൾ ഉണരുന്നു. അതുകൊണ്ട് ഇങ്ങനെയുള്ളവർക്ക് നല്ല ഗുണനിലവാരമുള്ള ഉറക്കം കിട്ടാതെ പോകുന്നു.' ബോംബേയിലെ ഹിന്ദുജ ഹോസ്പ്പിറ്റലിലെ Sleep laboratary യിലെ ഡോക്ടർ സരീർ പറയുന്നു. 'ഇതിന്റെ അനന്തരഫലങ്ങൾ എന്തൊക്കെയാണെന്ന് പല ഡോക്ടർമാരും തിരിച്ചറിയുന്നില്ല.'

പ്രായമേറിയവരിലാണ് കൂടുതലും ഈ രോഗം കണ്ടുവരുന്നത്. എങ്കിലും കുട്ടികളിലും ഉണ്ടാകാറുണ്ട്. കൃത്യമായി ഇതിന്റെ കാരണം ഡയഗണോസിസ് ചെയ്യുവാൻ ബുദ്ധിമുട്ടാണ്. 35നും 65നും ഇടയ്ക്ക് വയസ്സുള്ളവരിൽ നടത്തിയ ഒരു പഠനത്തിൽ അമിതമായി തൂക്കമുള്ളവരിലം തടിച്ച കഴുത്തുള്ളവരിലും ഈ രോഗം കൂടുതലാണെന്ന് തെളിഞ്ഞിട്ടുണ്ട്. കൂർക്കംവലിയും പകൽ ഉറക്കം തൂങ്ങലുമാണിതിന്റെ ലക്ഷണങ്ങൾ. ചികിത്സ നൽകുന്നത് സുഖനിദ്രാക്ലിനിക്കുകളിൽ രോഗികളെ കിടത്തി ഉറക്കത്തിൽ തലച്ചോറിന്റെ പ്രവർത്തനം നിരീക്ഷിച്ചും രക്തത്തിലെ ഓക്സിജന്റെ അളവ് പരിശോധിച്ചുമാണ്. പ്രത്യേക യന്ത്ര സംവിധാനമുപയോഗിച്ച് കൂടുതൽ വായു ശ്വാസോച്ഛ്വാസത്തിന് ലഭ്യമാക്കുക എന്ന ചികിത്സാരീതിയാണ് നിലവിലുള്ളത്.

*****

# വേദവ്യാസന്റെ സ്ത്രീ കഥാപാത്രങ്ങൾ

**കല്പകം സോമരാജൻ** – 9895453072

*(തുടർച്ച)*

**ഏ**തായാലും രാജസഭയിൽ വീരശൂരപരാക്രമികളായ ഭർത്താക്കൻമാർക്കും ഭീഷ്മദ്രോണവിദുരർ തുടങ്ങിയ പിതാമഹൻമ്മാർക്കും സഭാവാസികൾക്കും നടുവിൽ വച്ചാണ് വസ്ത്രാക്ഷേപ ശ്രമം നടക്കുന്നത്. ഇതി ലും വലുതായൊരു മാനക്ഷതം സ്ത്രീക്കു മറ്റെന്തുണ്ട്. അവിടെയും ആരും പാഞ്ചാലിക്കു രക്ഷക്കെത്തുന്നില്ല. അവിടെയും സ്വയം രക്ഷ തന്നെ. കൃഷ്ണാ എന്നുള്ള മനംനൊന്തു വിളിയിൽ ഭഗവാനെത്തി അവളുടെ മാനം കാക്കുന്നു. നിസ്സഹായരായി അവഹേളിക്കപ്പെടുന്ന തന്റെ ഭക്തരെ കാക്കാൻ തക്ക സമയത്ത് ഭഗവാനെത്തും എന്നതിന് ഇതിൽപരം മറ്റൊരുനഭവം എന്താണു വേണ്ടത്. പാഞ്ചാലി ശപഥം പ്രസിദ്ധമാണല്ലോ. യുദ്ധത്തിൽ സമസ്തവും നശിക്കുമ്പോഴും അചഞ്ചലയായി അഴിച്ചിട്ട മുടിയുമായി ദ്രൗപതി കാത്തിരിക്കുന്നു. എന്തിന് ദുശ്ശാസനാ ന്റെ മാറുപിളർന്ന രക്തത്തിൽ മുങ്ങിയ കൈ കൊണ്ടേ തന്റെ കേശഭാരം കെട്ടി വെയ്ക്കുകയുള്ളൂ എന്ന ഉഗ്രശപഥം നിറവേറ്റുവാൻ അപമാനിക്കപ്പെടുന്നവളുടെ ആത്മവീര്യത്തിൽ നിന്നുടലെടുത്ത ഉഗ്രശപഥത്തിന്റെ സാക്ഷാത്ക്കാരം മനസ്സാക്ഷിയെ മരവിപ്പിക്കുന്ന രീതിയിൽ തന്നെ വ്യാസഗുരു ഈ സന്ദർഭങ്ങളെ കൈകാര്യം ചെയ്തിരിക്കുന്നതായി കാണാം.

ഇനി മറ്റൊരു വിഖ്യാതകഥാപാത്രമായ ശകുന്തളയെ കുറിച്ചു ചിന്തിക്കാം. കണ്വാശ്രമത്തിൽ വളർന്ന ശകുന്തള, മുനികന്യക, നിഷ്കളങ്ക.....ഭാരതത്തിന്റെ ക്ഷാത്ര തേജസ്സും തപോവൃത്തിയും ഒത്തു ചേരുന്ന സംസ്ക്കാരം ഇതു ശകുന്തളയിൽ കാണാം. മാതൃധർമ്മത്തിന്റെ മഹനീയ മാതൃക രാജാധികാരം തന്റെ പുത്രനു നേടികൊട്ടക്കുവാനാണ് ശകുന്തള ദുഷ്യന്തനെ തേടി കൊട്ടാരത്തിലെത്തുന്നത് പരിത്യക്തയായിട്ടും അവിടെയും പിടിച്ചു നിൽക്കുന്നു. ഭാരതത്തിന് ഈ പേരു തന്നെ ശകുന്തളാപുത്രനിൽ നിന്നു ലഭിച്ചു എന്നു പറയപ്പെടുന്നു.അങ്ങനെ ചിന്തിക്കുമ്പോൾ ചരിത്രഗതി തന്നെ നിയന്ത്രിക്കാൻ കഴിയുന്ന ശക്തിയാണ് ഈ സ്ത്രീ കഥാപാത്രത്തിലൂടെ വേദവ്യാസൻ ആവിഷ്ക്കരിച്ചിരിക്കുന്നത്. ഭർത്തൃഗ്രഹത്തിലേക്കു യാത്രയയ്ക്കുന്ന മകൾക്ക് വളരെ കാര്യമാത്ര പ്രസക്തമായ ഉപദേശ്മാണ് താതകണ്വൻ നൽകുന്നത്. ഭർത്തൃഗൃഹത്തിലെ പെരുമാറ്റ രീതികൾ എ പ്രകാരമായിരിക്കണമെന്ന് താതൻ പുത്രിക്ക് ഉപദേശിച്ചു കൊടുക്കുന്നു. മനുഷ്യ ജീവിതത്തിന്റെ സമസ്ത മേഖലകളിലേയും ഓരോ തുടിപ്പുകളും തിരിച്ചറിഞ്ഞവരാണ് ഭാരതീയ ഋഷിമാർ. ചില ശ്ലോകങ്ങളിൽ നിന്ന് ഇത് വ്യക്തമാക്കാവുന്നതാണ്. ഇനിയൊരു കാര്യം ശകുന്തള എന്ന കഥാപാത്രം അത്ര വിവേകിയായിരുന്നില്ല എന്ന് അനുവാചകനു തോന്നാം. അതിന്റെ ദുരന്ത ഫലവും അവൾ അനുഭവിക്കുന്നു. കണ്വാശ്രമപ്രാന്തത്തിലെത്തുന്ന ദുഷ്യന്തനെ പാണിഗ്രഹണം ചെയ്യാൻ ഞൊടിയിടപോലും ശകുന്തള ചിന്തിക്കുന്നില്ല. ഗാന്ധർവവിവാഹം ആകാമെന്നൊക്കെ മനുസ്മൃതിയിലെ അഷ്ടവിവാഹസങ്കേതത്തിൽ പറയുന്നുണ്ട്. എങ്കിലോ ദുഷ്യന്തനാൽ പരിത്യക്തയായ ശകുന്തളയോട് ഗൗതമി എന്ന താപസി പറയുന്നത് സ്വയം വരിച്ചതല്ലേ, അനുഭവിച്ചോളൂ എന്നാണ്. മാത്രമല്ല അല്പം കടന്ന രീതിയിൽ ശകുന്തളയെ ഇവിടെ ഉപേക്ഷിച്ച് അവരെല്ലാം തിരിച്ചു പോകുകയാണ്. അന്നത്തെ മാത്രമല്ല ഇന്നത്തെ യുവതലമുറക്കും വ്യാസൻ നൽകുന്ന ഉപദേശമാണിത്. ഇന്ന

ത്തെ തലമുറയെ ബോധവൽക്കരിക്കാൻ ഇത്തരം കഥാപാത്രങ്ങൾക്കു കഴിയട്ടെ എന്നും ചിന്തിക്കാം. ഇനി മറ്റൊന്ന് മഹനീയ മാതൃത്വശക്തിയുടെ വിജയത്തിന് പ്രതിരൂപ മായാണ് വ്യാസൻ ശകുന്തളയെ അവതരിപ്പി ക്കുന്നത്. ഇതും സ്ത്രീകഥാപാത്രാവിഷ്ക്കാ രത്തിന്റെ മഹനീയത തന്നെയാണ്. മറ്റൊരു വാക്കിൽ പറഞ്ഞാൽ മാതൃത്വത്തിന്റെ ഒരു രീതിയിലുള്ള വ്യാസദർശനം എന്നു പറയാം.

ഇനി നമുക്കു സുപരിചിതയായ മറ്റൊരു കഥാപാത്രം ദമയന്തി. വ്യാസദമയന്തിയേ ക്കാൾ ഉണ്ണായിവാര്യരുടെ ദമയന്തിയേയാണ് നമുക്കു കൂടുതൽ പരിചയം. നളദമയന്തീ കഥ തന്നെ യുധിഷ്ഠിരന്റെ വനവാസകാല ത്ത് അദ്ദേഹത്തിനുണ്ടാകുന്ന ദുഖത്തെ മറി കടക്കാൻ സൗമ്യൻ പറഞ്ഞുകൊടുക്കുന്ന കഥയാണ്. ഒരു ദുഖത്തെ മറികടക്കാൻ തീ വ്രതകൂടിയ മറ്റൊരു ദുഖ കഥ. പുത്രകളത്രാ ദികളും രാജ്യവും നഷ്ടപ്പെട്ടലയുന്ന നളനെ സ്വത്വത്തിലേക്ക് തിരിച്ചു കൊണ്ടുവരുന്നത് ദമയന്തിയുടെ ചതുരതയാണ്. പുരുഷനു താ ങ്ങായി അവന്റെ ശൗര്യവീര്യാദിഗുണങ്ങളെ വിവേകബുദ്ധ്യാ അഭ്യുതയത്തിനായി പ്രയോ ഗിക്കുവാൻ ഉപദേശിക്കുന്ന സ്ത്രീരത്നം. അതാണ് ദമയന്തീസൃഷ്ടിയിലൂടെ വ്യാസഭ ഗവാൻ ചെയ്യുന്നത്. നളനാൽ പരിത്യക്ത യായി അലഞ്ഞ് സ്വപിതാവിന്റെടുത്തെത്തി അവിടെ വസിക്കുമ്പോളും നളനെതിരെ ഒരു വാക്കുപോലും ആ കഥാപാത്രം പറയുന്നില്ല. എന്റെ ഭർത്താവ് എന്നോട് ഇത്തരമൊന്നും ചെയ്യുകയില്ല. അദ്ദേഹത്തെ ഏതോഭൂതം ആവേശിച്ചിരിക്കുകയാണ് ആ ഭൂതപ്രവൃത്തി കളാണ് ഇതെല്ലാം എന്നാണ് ദമയന്തിയുടെ വാക്കുകൾ. അദ്ദേഹത്തെ എങ്ങനെയും രക്ഷി ച്ചെടുക്കണം എന്ന ചിന്തയാണ് ദമയന്തിക്ക്. എന്നിട്ട് അതിനായി പ്രവർത്തിക്കുന്നു. വിജ യംകണ്ടെത്തുന്നു. നാരിശ്വരസങ്കല്പത്തി ന്റെ വക്താക്കളായ ഒട്ടേറേ സ്ത്രീരത്നങ്ങ ളെ ഇനിയും വ്യാസസൃഷ്ടികളായി കാണാൻ കഴിയും. ഇനിയൊരു കഥാപാത്രം പാതിവൃ തൃശക്തിയുടെ മഹത്വവും, അലംഘനീയ തയും വിളംബരം ചെയ്യുന്നതാണ്. മറ്റാരുമല്ല, നമുക്കെല്ലാം സുപരിചിതയായ സാവിത്രി. വനപർവത്തിൽ വിവരിക്കപ്പെട്ടിരിക്കുന്ന ഈ സ്ത്രീരത്നം. സൂര്യന്റെ അനുഗ്രഹത്താൽ അശ്വപതി രാജാവിന് ജനിച്ച പുത്രിയാണ്. ആ കുമാരിയുടെ ഭർത്താവായി വരുന്നത് സത്യവാൻ. സത്യവാൻ വളരെ ചെറുപ്പത്തിൽ തന്നെ മരിക്കുമെന്നറിഞ്ഞുകൊണ്ടാണ് സാ വിത്രി അദ്ദേഹത്തെ വരിക്കുന്നത്. എന്നാൽ മരണത്തിന് കീഴടങ്ങിയും സത്യവാനെ യു ക്തിപൂർവ്വമായ ഇടപെടലിലൂടെ സാവിത്രി തിരികെ പിടിക്കുന്നു. മൃത്യുദേവനോടു നേരി ട്ടു സംസാരിക്കുന്നവർ വ്യാസ സൃഷ്ടികളിൽ രണ്ടുപേർമാത്രമാണ്. ഒന്ന് നചികേതസ്സും രണ്ടാമത്തെയാൾ സാവിത്രിയുമാണ്. സാവി ത്രിയുടെ ചാരിത്രശുദ്ധിയുടെ ബലത്താൽ സത്യവാന്റെ ജീവൻ തിരികെ പിടിക്കുന്നു. സാവിത്രയുടെ യുക്തിപൂർവ്വമായ ചോദ്യ ങ്ങൾക്കു മുന്നിൽ സാക്ഷാൽ കാലഭഗവാൻ പോലും നിശ്ചേഷ്ടനാകുന്നു. സത്യവാന്റെ ജീ വൻ കാലദേവൻ തിരികെ നൽകുന്നു. ധർമ്മ പത്നീധർമ്മം ഇതിൽ പരം മറെറന്താണ്. പാതിവൃത്യത്തിന്റെ അലംഘനീയശക്തി, പത്നീ ധർമ്മത്തിന്റ മഹനീയത എന്നീ ഗുണ ങ്ങളാണ് ഈ കഥാപാത്രങ്ങളിലൂടെ വ്യാസഭ ഗവാൻ സൃഷ്ടിച്ചു കാണിക്കുന്നത്.

ഇങ്ങനെ പറഞ്ഞു തുടങ്ങിയാൽ വളരെ പറയാനുണ്ട് വ്യാസസൃഷ്ടിയുടെ മഹത്വങ്ങ ളും , ഭാരതീയ മുനിപാരമ്പര്യത്തിന്റെ ജീവി തദർശനങ്ങളും. ചുരുക്കി പറഞ്ഞാൽ ഇച്ഛാശ ക്തി മഹാലക്ഷ്മി മനസ്സിലും ജ്ഞാനശ ക്തി സരസ്വതി തലച്ചോറിലും ക്രിയാശക്തി പാർവ്വതിശരീരത്തിലും സമ്മിളിതമായി വർ ത്തിക്കുന്ന സ്ത്രീ സങ്കല്പമാണ് വേദവ്യാ സമഹർഷിയുടേത്. ഇതു തന്നെയാണ് ഭാര തസ്ത്രീകുലത്തിന്റെ ഭാവശുദ്ധിയും. ഇത് എന്നും പു ലരാനായി പ്രാർത്ഥിക്കാം.

*****

# അസ്ക്കറിലെ സന്യാസികൾ

പ്രശോഭ് മേനോൻ

**കാ**ത്തിരിപ്പിന് കാരണങ്ങൾ വേണ്ട എന്ന് ഞാൻ തിരിച്ചറിഞ്ഞത് അസ്ക്കറിൽ വച്ചാണ്. അസ്ക്കർ, യാന്ത്രികതയുടെ ആസ്ഥാനമായ അസ്ക്കർ... തൊഴിലാളികളുടെ അസ്ക്കർ, പരിപ്പ് വടക്കാരന്റെയും പട്ടികളുടെയും, ഡോക്ടറിന്റെയും നഴ്സിന്റെയും ക്ലീനറിന്റെ യും അസ്ക്കർ.... എന്റെ അസ്ക്കർ.

അസ്ക്കറിൽ എല്ലാവരും കാത്തിരുന്നു. വാച്ചുകൾ സമയം നീങ്ങാനായി കാത്തിരുന്നു. സൂര്യന്റെ നിഴൽ മാറാനായി പട്ടികൾ കാത്തിരുന്നു. പരിപ്പവട ഉണ്ടാക്കാനായി ചായ കടക്കാരൻ കാത്തിരുന്നു. രോഗികൾക്കായി ഡോക്ടർ കാത്തിരുന്നു. ഞാൻ ജോലി ചെയ്യുന്ന ക്ലിനിക്ക് വൃത്തിയാക്കാനായി ക്ലീനർ കാത്തിരുന്നു. ഇതൊക്കെ കണ്ടുംകേട്ടും ഞാനും കാത്തിരുന്നു. എന്തിനാണ് ഞാൻ കാത്തിരുന്നത് എന്ന് എനിക്കറിയില്ലായിരുന്നു. സമയം നീങ്ങാനൊ, അതൊ മാറ്റങ്ങൾക്ക് വേണ്ടിയൊ...അറിയില്ല...അല്ലെങ്കിലും യന്ത്രങ്ങൾക്ക് തുല്ല്യമായ ഒരു കൂട്ടം ആളുകളുടെ കൂടെ ജീവിക്കുമ്പോൾ കാത്തിരിപ്പ് പോലും യാന്ത്രികമല്ലെ..? ആ കാത്തിരിപ്പ് ഒരു കാത്തിരിപ്പല്ല, അതൊരു ദിനചര്യയാണ്.

ജീവനുള്ളതും ഇല്ലാത്തതും ആയ സന്യാസികൾ! എന്നും ഞാൻ അങ്ങനെയാണ് അവരെ വിളിക്കുക.

എനിക്കാകെയുള്ള സന്തോഷം ഇവിടുത്തെ കടൽ കാണാനാണ്. എന്റെ ക്ലിനിക്കിന്റെ പുറകിലാണ് കടൽ. കടൽ എന്നും മനോഹരമാണ്, കടൽക്കാറ്റും, തിരമാലകളും, lowtide high tide എല്ലാം ഒരു പോലെ വന്ന് പേയെങ്കിലും കടൽ ഒരിക്കലും യാന്ത്രികമായിട്ട് എനിക്ക് തോന്നിയിട്ടില്ല. അത്കൊണ്ട് ഞാൻ കടൽ കാണാൻ സമയം കിട്ടുമ്പോൾ ഒക്കെ പോകും. അവിടെ മീൻ പിടിക്കാൻ വരുന്ന തൊഴിലാളികൾ എന്നോട് പറഞ്ഞു, 'ഈ മീനുകളും കടലും കൂടെ ഈ സ്ഥലത്തില്ലെങ്കിൽ ഞങ്ങൾ യന്ത്ര മനുഷ്യർ ആയേനെ' എന്ന്

മീൻ പിടിക്കാൻ വരുന്ന തൊഴിലാളികൾ എന്ന് പറയുമ്പോൾ അവർ മുക്കവർ ഒന്നുമല്ല.... corporate company കളിലെ തൊഴിലാളികൾ......നേരം പോകാനായി സ്ഥിരമായി മീൻ പിടിക്കാൻ വരുന്നവർ....സ്ഥിരമായി മീൻ ഒന്നും കിട്ടാതെ മടങ്ങി പോകുന്നവർ...

ഈ തൊഴിലാളികളെ പലരേയും എനിക്കറിയാം. അവർ ഞാൻ ജോലി ചെയ്യുന്ന ക്ലിനിക്കിൽ അവധിക്കത്തിനായി വരുന്നവരാണ്. ദിവസവും ജോലി സ്ഥലത്ത് പോയി യാന്ത്രികതയുടെ വക്താക്കളാകാൻ അവർക്ക് താൽപര്യമില്ലാത്തത്കൊണ്ട് രോഗം നടിച്ച് വന്ന് അവധി കത്തുമായി പോകുന്ന പാവങ്ങൾ. ഒരിക്കൽ ക്ലിനിക്കിൽ വന്ന തൊഴിലാളി എന്നോട് പറഞ്ഞു രോഗം നടിച്ച് വന്ന് അവധി കത്ത് മേടിക്കുന്നു എന്നത് ശരിയാ...പക്ഷേ ഞങ്ങൾക്കും കാണണ്ടെ പല കാര്യങ്ങളും ഈ അസ്ക്കറിനപ്പുറവും ലോകമുണ്ട്. ആഘോഷങ്ങൾ ഉണ്ട്. സ്വാതന്ത്ര്യമുണ്ട്. അതെല്ലാം ഞങ്ങൾക്കും കാണണ്ടെ? യാന്ത്രികതയുടെ വക്ത്താക്കളെ നിങ്ങൾ വലിയവരാണ്.. ഞാൻ എന്റെ മനസ്സിൽ പറഞ്ഞു.

ഒരു ദിവസം എനിക്കൊരു ഫോൺകോൾ വന്നു. 'ഞാൻ പോകുന്നു' എന്നായിരുന്നു. ഞാൻ ഫോൺ എടുത്തപ്പോളെ പറഞ്ഞത്. യാന്ത്രികതയെ നശിപ്പിച്ചുകൊണ്ട് ആ കാൾ വന്നത് എനിക്ക് ഒരു ആശ്വാസമായിരിക്കും എന്ന് ഞാൻ കരുതിയെങ്കിലും അത് അങ്ങനെ അല്ലായിരുന്നു.

പണം, അതാണ് ഞാൻ ആഗ്രഹിച്ചത് എനിക്ക് അത് കുറവായാണ് അത് കൊണ്ട് എന്റെ betta half നെങ്കിലും അത് വേ

ണം എന്ന് ഞാൻ ആഗ്രഹിക്കുന്നത് തെറ്റാണ് എന്ന് എനിക്ക് തോന്നുന്നില്ല. then why should we suffer money is the backbone for anything dear... അവൾ സംസാരിച്ചത് മുഴുവൻ ഞാൻ കേട്ടിരുന്നതെയുള്ളൂ. ഒന്നും തിരികെ പറഞ്ഞില്ല. അത് വേണം എന്ന് എനിക്ക് തോന്നിയില്ല...അവളെ സന്തോഷിപ്പിക്കാൻ എനിക്ക് കഴിയില്ല എന്നുറപ്പായിരുന്നു. അല്ലെങ്കിലും യാത്രകൾ ഇഷ്ടപ്പെടുന്നഎനിക്ക് നിലക്കാത്ത മാറ്റങ്ങൾ ഇഷ്ടപ്പെടുന്ന എനിക്ക് ഈ ഒരു ബന്ധം യാന്ത്രകതയുടെ വേറൊരു രൂപം ആയിരിക്കും എന്ന് എനിക്ക് തോന്നി...

അവൾ പോകട്ടെ...ഫോൺ വയ്ക്കുന്നതിന് മുമ്പ് അവൾ ചോദിച്ചു do you have anything to speak? ഞാൻ പറഞ്ഞു Be happy

സമയം വൈകുന്നേരം ആയിരിക്കുന്നു. ക്ലിനിക്കിൽ പണിയൊക്കെ കഴിഞ്ഞിരുന്നു, അല്ലെങ്കിലും എനിക്കെന്തു പണി. എപ്പോഴെങ്കിലും ഒരു തിരക്ക് വരും...തൊഴിലാളികൾ പരിപ്പ് വട കഴിക്കാൻ ചായകടയുടെ മുമ്പിൽ വട്ടം കൂടി നിന്നു. യാന്ത്രികതയുടെ കാറ്റ് വീശുന്നുണ്ടായിരുന്നു. അപ്പോൾ എനിക്ക് തോന്നി യാന്ത്രികതയുടെ കാറ്റിന് ചതിയുടെ മണം ഇല്ലായിരുന്നു എന്ന്.

അത് എന്നും ഒരേ രീതിയിൽ വീശി, ഒരേ രീതിയിൽ പൊടി പരത്തി പറന്നകന്നു. ആ കാറ്റിന് പുതിയ ലോകം വരുമ്പോൾ ചതി മണക്കുമായിരിക്കും....അസ്ക്കറിൽ അതിന് ചതി മണക്കില്ല, ഒന്നും മണക്കില്ല കാരണം അസ്ക്കർ ശൂന്യതയുടെ സ്ഥലമായിരുന്നു. നിർവികാരതയുടേയും, യാന്ത്രികതയുടേയും സ്ഥലമായിരുന്നു. അതുകൊണ്ട് തന്നെ അതിന് ഗന്ധം ഇല്ല....!

കുറച്ച് നാളുകൾക്ക് ശേഷം അസ്ക്കറിൽ നിന്ന് ഞാനൊരു യാത്ര പോയി. ചുമ്മാ പട്ടണമൊക്കെ ഒന്ന് കണ്ട്, സാധനങ്ങൾ ഒക്കെ മേടിച്ച്, പ്രിയപ്പെട്ടവരെയൊക്കെ ഒന്ന് കണ്ട് തിരിച്ച് വരാൻ വേണ്ടിയുള്ള യാത്ര.

എനിക്ക് അവിടെ ചെന്നപ്പോൾ വീർപ്പ്മുട്ടൽ അനുഭവപ്പെട്ടു. തിരക്കുണ്ടാവും എന്നറിയാം അപരിചിതരിൽ നിന്ന് ഒന്നും പ്രതീക്ഷിക്കരുത് എന്നും അറിയാം....പക്ഷേ ഒന്ന് മാത്രം എനിക്ക് സഹിക്കാനാവില്ല.. അവിടുത്തെ വേഗത തന്നെ...അസ്ക്കറിൽ ആളുകൾ കാത്തിരുന്നപ്പോൾ ഇവിടെ ആളുകൾ എന്തിനോ വേണ്ടിയുള്ള പരക്കം പാച്ചിലിൽ ആയിരുന്നു. ഇവിടം വരെ വന്ന സ്ഥിതിക്ക് ഇനി കുറച്ച് ദിവസം കൂട്ടുകാരന്റെ വീട്ടിൽ ഇരുന്നിട്ടെ തിരിച്ച് പോകുന്നുള്ളൂ എന്ന് ഉറപ്പിച്ചു. ഒരു 3 ദിവസം, അതിൽ കൂടിയാൽ രണ്ട് പേർക്കും ബുദ്ധിമുട്ടാവും.

തിരികെയെത്തിയപ്പോൾ അസ്ക്കറിലെ സന്യാസിമാർ മൊത്തം എന്നെ വട്ടം ചുറ്റി.... രഹീരസകൾ പോലും എന്നെ നോക്കി ചിരിക്കുന്നതായിട്ട് എനിക്ക് തോന്നി. യാന്ത്രകതയുടെ ലോകത്തിനപ്പുറം വേറൊരു ലോകം ഉണ്ടൊ എന്ന് അറിയുവാനുള്ള തിടുക്കമാണവർക്ക്....

ഞാൻ പറഞ്ഞു, അവിടുത്തെ തൊഴിലാളികളോട് നിങ്ങൾ ജോലിക്ക് പൊയ്ക്കോളൂ, മീൻ പിടിക്കാൻ പൊയ്ക്കോളൂ.....ഇടക്ക് കള്ള അവധി എടുത്ത് പട്ടണത്തിൽ കറങ്ങാനും പൊയ്ക്കോളൂ.... ഡോക്ടറിനോടും, നഴ്സിനോടും ക്ലീനറിനോടും പരിപ്പുവടക്കാരനോടും എല്ലാം ഈ രീതിയിൽ തന്നെ പറഞ്ഞു. ക്ലോക്കിനെ നോക്കി സമയം ഇടക്ക് തെറ്റിച്ച് കാണിക്കാൻ പറഞ്ഞ് സ്വയം ചിരിച്ചു.

പിന്നീട് കടലിലേക്ക് ടന്നു...സായാഹ്ന സൂര്യൻ എന്നത്തേയും പോലെ ചുവന്നിട്ടുണ്ട്... സൂര്യാസ്തമയം കണ്ട് കഴിഞ്ഞ് തിരികെ നടക്കുമ്പോൾ ഞാൻ സ്വയം പറഞ്ഞു. യാന്ത്രികതയെ പഴിച്ചിട്ട് കാര്യമില്ല, അത് ഈ ലോകത്തിന്റെ സവിശേഷതയല്ലെ.? തിരമാലകൾ യാന്ത്രികം ആണ് low tide high tid ലും സൂര്യാസ്തമയവും എല്ലാം യാന്ത്രികമാണ്. അസ്ക്കറിൽ മാത്രമല്ല സന്യാസികൾ ഉള്ളത്. ഈ ലോകം മുഴുവൻ യാന്ത്രികതയുടെ വക്താക്കളാണ്...സന്യാസികളാണ്.

എനിക്ക് സന്യാസി ആവണ്ട, സഞ്ചാരി ആയാൽ മതി...മനസ്സ് എങ്ങും തളം കെട്ടി നിൽക്കാതെ കാറ്റിനൊപ്പം മുന്നോട്ട് പോകുന്ന ലക്ഷ്യബോധമില്ലാത്ത സഞ്ചാരി...

അസ്ക്കറിൽ നിന്ന് പെട്ടിയും സാധനങ്ങളുമായ ക്ലിനിക്കിലെ എല്ലാരോടും യാത്ര പറഞ്ഞ് ഇറങ്ങുമ്പോൾ ഞാൻ അവിടുത്തെ സന്യാസികളുടെ കണ്ണുകളിൽ കാത്തിരിപ്പ് കണ്ടു... എന്നും ഉള്ള പോലെ തന്നെ എല്ലാവരും കാത്തിരിക്കുന്നു...വാച്ചും, പരിപ്പ്വടക്കാരനും, തൊഴിലാളികളും നഴ്സും, ഡോക്ടറും അങ്ങനെ അസ്ക്കറിലെ സന്യാസിക്കൂട്ടം മൊത്തം കാത്തിരുന്നു.

അവരെ എല്ലാവരെയും വിട്ട് ഒറ്റക്ക് ലക്ഷ്യബോധമില്ലാതെ നടക്കുമ്പോൾ മനസ്സ് പറഞ്ഞു സമയം, അത് ചിരിക്കുമ്പോൾ നല്ലതാണ്, കരയുമ്പോഴും, ദേഷ്യം വരുമ്പോഴും എല്ലാം നല്ലതാണ്. അതിന് വേണ്ടിയുള്ള കാത്തിരിപ്പ് മാത്രം ഭീകരമാണ്....

*****

## എറണാകുളം കരയോഗം – ചാരിറ്റി പ്രവർത്തനങ്ങൾക്ക്
### 2024 ഫെബ്രുവരി മാസം സംഭാവന നൽകിയവർ

| | | |
|---|---|---|
| 1. | കെ.ജി. ആനന്ദകുമാർ, c-1/3, DABC, Abhinayam PH-3, Sriram Naagar Main Road, Nolambur, Chennai - 600095 | 10,000/- |
| 2. | ഉത്തമൻ. എം., മാറായിൽ ചേമ്പേഴ്സ്, കാരിക്കാമുറി ക്രോസ്സ് റോഡ്, കൊച്ചി | 6,715/- |
| 3. | എം. രാമചന്ദ്രൻ, പ്ലാറ്റിനം വിസ്താ, ശാസ്താടെംബിൾ റോഡ്, എറണാകുളം | 8,000/- |
| 4. | ഉഷ ഗോപിനാഥ്, Aswatha, Hermitage, Chakkaraparambu, Vennala | 5,000/- |

## 5-ാം ചരമ വാർഷികം
**05-03-2024**



**ഡോ. ചന്ദ്രിക**
W/o മോഹൻ കൈമൾ
വാക്കേയിൽ ഹൗസ്
കത്രിക്കടവ്, എറണാകുളം

## 11-ാം ചരമവാർഷികം
**21.3.2024**



**സി. ശശികുമാർ**
കോക്കാപ്പിള്ളിൽ
ശങ്കർനഗർ, മരട്,
കൊച്ചി 682304

**ജ്യോതിഷാചാര്യൻ: ജി.കെ. മേനോൻ**

☎ Ernakulam Karayogam 0484 - 2361160,

8848036518, 9645683491

ॐ

**1199** മീനമാസ ഫലം

ഹരി ശ്രീ ഗണപതയെ നമഃ അവിഘ്നമസ്തു

(മേടക്കൂർ അശ്വതി ഭരണി കാർത്തിക ആദ്യ പാദം) ഭൂമി ക്രയ



വിക്രയം, ഇൻഷറൻസ്, വാഹനം എന്നിവ യുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നവർക്ക് സാമ്പത്തിക ലാഭവും ധനപരമായ പ്രശ്നങ്ങൾക്ക് ഒരു പരിധി വരെ ആശ്വാസം ലഭിക്കുകയും ചെയ്യും. മാർച്ച് 30, 31 തിയതികൾ അഷ്ടമരാശി നക്ഷത്രങ്ങളായതിനാൽ ആ ദിവസങ്ങളിൽ ചെയ്യുന്ന എല്ലാ കാര്യങ്ങളിലും പ്രത്യേകം ശ്രദ്ധ ചെലുത്തേണ്ടത് നല്ലതാണ്. ബുധനാഴ്ച്ച ദിവസം ശ്രീകൃഷ്ണ പ്രീതികരമായ വഴിപാടുകൾ നടത്തുന്നതും മന്ത്രജപം നടത്തുന്നതും നല്ലതാണ്

(ഇടവക്കൂർ കാർത്തിക അവസാന മൂന്ന് പാദം രോഹിണി മക



യിരം ആദ്യപകുതി) സർക്കാരിൽ നിന്നും കിട്ടാനുള്ള ധനവും അംഗീകാരവു ലഭിക്കും. വിദ്യാർത്ഥികൾക്ക് കടുത്ത മത്സരം നേരിടേണ്ടി വരും. ഏപ്രിൽ 1,2 തിയതികൾ അഷ്ടമരാശിക്കൂർ നക്ഷത്രങ്ങൾ ആയതിനാൽ ആ ദിവസങ്ങളിൽ ഒഴിവാക്കാൻ പറ്റാത്തപുതിയ കാര്യങ്ങളിൽ കൂടുതൽ ശ്രദ്ധയോടെ ഇടപെടാവൂ. ലക്ഷ്മി നാരായണ മന്ത്രാർച്ചന വൈഷണവ ക്ഷേത്ര ദർശനം എന്നിവ നടത്തുക .

(മിഥുനക്കൂർ മകയിരം അവസാന പകുതി, തിരുവാതിര,



പുണർതം ആദ്യ മൂന്ന് പാദം) വിവാഹിതരാകാൻ ശ്രമിക്കുന്നവർക്ക് ആഗ്രഹസാഫല്യത്തിന് സാധ്യത ഉണ്ട്. പങ്കാളിത്ത ഇടപാടുകളിൽ നിന്ന് ലാഭം പ്രതീക്ഷയ്ക്കാം. സഹപ്രവർത്തകർ കാരണം സമാധാനം നഷ്ടപ്പെടും. ഏപ്രിൽ 4, 5 തിയതികൾ ശുഭകാര്യാരംഭത്തിന് സ്വീകാര്യമല്ല. ബുധനാഴ്ച ദിവസങ്ങളിൽ ശ്രീകൃഷ്ണ ക്ഷേത്രവും ചൊവ്വാഴ്ച്ച ദിവസം ഭദ്രകാളി ക്ഷേത്ര ദർശ്ശനവും മന്ത്രജപവും ദേവിക്ക് മാല ചാർത്തലും നടത്തുന്നത് നല്ലതാണ്.

(കർക്കിടക്കൂർ പുണർതം അവസാന പാദം പൂയം ആയില്യം)



ഭാഗ്യം കൊണ്ട് അപ്രതീക്ഷിത ധനലാഭം ഉണ്ടാകാം. വാഹന രംഗത്ത് പ്രവർത്തിക്കുന്നവർക്ക് ധനലാഭവും വാഹനങ്ങൾക്ക് അറ്റകുറ്റപ്പണിക്കായി വ്യയവും ഉണ്ടാകും. ഏപ്രിൽ 6,7 ദിവസങ്ങൾ പൊതുവേ അനുകൂലമല്ലാത്തതിനാൽ പുതുസംരംഭാരഭത്തിന് സ്വീകരിക്കാതിരിക്കുന്നതാണ് ഉത്തമം ശിവക്ഷേത്ര ദർശനവും മന്ത്രജപവും ശനിദോഷ നിവാരണ അർച്ചനയും ചെയ്യുന്നത് നല്ലതാണ്.

(ചിങ്ങക്കൂർ മകം, പൂരം, ഉത്രം ആദ്യ കാൽ ഭാഗം ) കടുത്ത



മത്സരങ്ങളെ എല്ലാ മേഖലകളിലും നേരിടേണ്ടി വരും. സഹായികളിൽ നിന്നും അത്യാവശ്യ സമയത്ത് സഹായം കിട്ടും. ദാമ്പത്യ കലഹത്തിന് സാധ്യത ഉണ്ട്. ഏപ്രിൽ 7, 8 തിയതികൾ അഷ്ടമ രാശിക്കൂറിലെ നക്ഷത്രങ്ങളായതിനാൽ നല്ല സംരംഭങ്ങൾക്ക് സ്വീകരിക്കാതിരിക്കുക. ഗണപതി ഹോമം ലക്ഷ്മി പൂജ എന്നിവ നടത്തുന്നതും ക്ഷേത്രത്തിൽ ദർശനം നടത്തുന്നതും നല്ലതാണ്.

(കന്നിക്കൂർ ഉത്രം അവസാന മൂന്നാം പാദം അത്തം ചിത്തിര



ആദ്യ പകുതി) നിയമ വിദ്യാർത്ഥികൾക്ക് പഠനത്തിൽ മികവ് പുലർത്താൻ സാധിക്കും. തലവേദന ഉദര രോഗം തുടങ്ങിയ പ്രശ്നങ്ങൾ അലട്ടാം. ദുർവ്യയം അനുഭവപ്പെടും ജീവിത പങ്കാളികൾ തമ്മിൽ അകന്ന് കഴിയാൻ ഇടയുണ്ട്. ഏപ്രിൽ 9, 10 ദിവസങ്ങൾ അനുകൂലമല്ല. വിഷ്ണു ക്ഷേത്രവും ശിവക്ഷേത്രവും ദർശ്ശനം ഭഗവാന് പ്രീതികരങ്ങളായ വഴിപാടുകളും മന്ത്രജപവും നടത്തുകയും ചെയ്യുക.

തുലാക്കൂർ ചിത്തിര അവസാന പകുതി, ചോതി, വിശാഖം



ആദ്യ മൂന്ന് പാദം.) വിവാഹത്തിന് ശ്രമിക്കുന്നവർക്ക് അനുകൂലമായ സാഹചര്യം സംജാതമാകും. ശത്രുക്കൾ നിമിത്തവും മത്സരങ്ങളിലൂടെയും ധനനഷ്ടം വരാം ശ്രദ്ധിക്കണം. ഉദരരോഗവും പാദരോഗവും ഉള്ളവർക്ക് രോഗം മൂർച്ഛിക്കാം. ഏപ്രിൽ 11, 12 പ്രായേണ ഗുണം കുറഞ്ഞതായിരിക്കും. .ഭദ്രകാളി ക്ഷേത്ര ദർശ്ശനവും മന്ത്രജപവും നടത്തുന്നതും യഥാശത്തി വഴിപാടുകൾ നടത്തുന്നതും നല്ലതാണ്.

(വൃശ്ചികക്കൂർ വിശാഖം അവസാനന പാദം. അനിഴം തൃക്കേട്ട



) വീട് മോടിപിടിപ്പിക്കനും. വാഹനം വാങ്ങുവാനും ശ്രമിക്കുന്നവർക്ക് ആഗ്രഹം നടക്കും. കരമ്മരംഗത്ത് നിപുണത തെളിയിക്കാൻ അവസരം ലഭിക്കും.മാർച്ച് 18, 19 ദിവസങ്ങളിൽ വിഷ്ണു പ്രീതികരങ്ങളായ വഴിപാടുകളും ജപങ്ങളും നടത്തുന്നത് നല്ലതാണ്. സാമ്പത്തിക പ്രതിസന്ധിയിൽ നിന്നും സമാധാനം ലഭിക്കുവാൻ വിഘ്നേശ്വരന് നാളികേരം ഉടക്കുകയും ഒരു ഗണപതി ഹോമം നടത്തുകയും ചെയ്യുക

(ധനു മൂലം പൂരാടം ഉത്രാടം ആദ്യ പാദം. ) പുതിയ വീടിനോ




സ്ഥലത്തിനോ വേണ്ടി സർക്കാർ സഹായം പ്രതീക്ഷിക്കുന്നവർക്കും വസ്തുവകകളുടെ നിയമപരമായ പ്രശ്നങ്ങൾക്ക് പരിഹാരം പ്രതീക്ഷിക്കുന്നവർക്കും കാര്യസാധ്യം ഉണ്ടാകും. വിദ്യാഭ്യാസ പരമായ ഉന്നതി നിലനിർത്താൻ സാധിക്കു മാർച്ച് 20, 21തിയതി അഷ്ടമരാശി നക്ഷത്രങ്ങളായതിനാൽ പുതുതായി ആരംഭിക്കുന്ന നല്ല കാര്യങ്ങൾക്ക് സ്വീകരിക്കാതിർക്കുന്നതാണ് ഉത്തമം. സർപ്പ പ്രീതികരമായ വഴി പാടുകൾ നടത്തുക

(മകരം ഉത്രാടം അവസാന മൂന്ന് പാദം തിരുവോണം, അ



വിട്ടം ആദ്യ. പകുതി) പൂർവ്വികമായും കർമ്മത്തിലൂടെയും കിട്ടാനുള്ള ധനവും സമ്പത്തും കൈവശം വന്നു ചേരും പുതിയ വീടോ വാഹനമോ സ്വന്തമാക്കാൻ ശ്രമിക്കുന്നവർക്ക് അനുകൂലമായ സഹചര്യം ഉണ്ടാകും. ടെ. മാർച്ച് 22, 23 തിയതികൾ ശുഭകാര്യാരംഭത്തിന് സ്വീകാര്യമല്ല. ചൊവ്വാ വെള്ളി ദിവസങ്ങളിൽ ദേവീക്ഷേത്ര ദർശ്ശനവും മന്ത്രജപവും ദേവിക്ക് മാല ചാർത്തലും നടത്തുന്നത് നല്ലതാണ്.

(കുംഭം അവിട്ടം അവസാന പകുതി ചതയം പൂരുരുരുട്ടാതി ആദ്യ



മൂന്ന് പാദം) പങ്കാളികൾ നിന്നും സർക്കാർ മേലധികാരികൾ എന്നിവരിൽ നിന്നുള്ള പ്രതിസന്ധികൾക്ക് പരിഹാരം ഉണ്ടാകും. അനാവശ്യമായ സംസാരം മൂലം കലഹം വരുത്തിവെക്കാൻ സാധ്യത ഉള്ളതിനാൽ വാക്ക് നിയന്ത്രണ വിധേയമാക്കണം. മാർച്ച് 26, 27 ദിവസങ്ങൾ അനുകൂലമായിരിക്കില്ല. ശാസ്താവി നും, സർപ്പത്തിനും പ്രീതികരങ്ങളായ വഴിപാടുകൾ നടത്തുകയും ശിവക്ഷേക്ഷേത്ര ദർശ്ശനം നടത്തുകയും ചെയ്യുന്നത് നല്ലതാണ്.

(മീനം പൂരുരുട്ടാതി അവസാന പാദം ഉത്രട്ടാതി, രേവതി) ധനപ



രമായ വിഷയങ്ങളിലെ പ്രതിസന്ധിക്ക് ഒരു പരിധി വരെ പരിഹാരം ലഭിക്കുക മൂലം മനസ്സിന് ആശ്വാസം ലഭിക്കും കായിക വിദ്യ അഭ്യസിക്കുന്നവർക്ക് കൂടുതൽ മികവ് പുലർത്താൻ സാധിക്കും.. മാർച്ച് 27, 28 ദിവസങ്ങൾ അത്ര ഗുണകരമല്ലാത്തതിനാൽ പുതിയ സംരംഭങ്ങൾക്ക് സ്വീകരിക്കാതിരിക്കുക. സർപ്പപ്രീതി ഗണപതി ക്ഷേത്ര ദർശനം എന്നിവ നടത്തി ദുരിത ശാന്തി വരുത്തുക

***ശുഭമസ്തു ശംഭോമഹാദേവ!***
***എറണാകുളത്തപ്പൻ തുണ!***


# MANGALYAM MATRIMONIAL

# വധുവിനെ ആവശ്യമുണ്ട്



Nair Boy, 33yrs/170cm,Thrikketta, B.Tech, Engineer(Non IT) - Yokogawa (Japan company), Manager, Now work from home, Mob: 9496173854


Email:mollytalurumpil@gmail.com
Date of Birth:25-9-1990(11.49am)
Sishta Dasa:




Contact Address:
MR.MURALI K. N
KANDATHIL
EDAPPALLY NORTH P. O
ERNAKULAM - 682024

Nair Boy, 33yr/180cm, Chadayam, M.Com Finance, Currently pursuing CMA, Senior Accounts Officer-Dubai,UAE,Mob:9846861454


Email:sobhanav1379@gmail.com
Date of Birth:29-10-1990(10.30am)
Sishta Dasa:Rahu:14-04-27




Contact Address:
MRS.SOBHANA SREELAKAM
DEVI NAGAR
PALLIPARAMBU KAVU
TRIPUNITHURA P. O
DNRA.15, KOCHI 682301


Nair Boy, 40yrs/182cm,Uthram3/4 kanni, Diploma,Vedapuri Lotus Properties P Ltd, Mob:8281466762

Email:binobigb@gmail.com
Date of Birth:5-10-1983(9.30pm)
Sishta Dasa:5-10-0




Contact Address:
MR.BAHULEYAN K K
MADHAVI BHAVAN
MURIYAMANGALAM
MAMALA
THIRUVANKULAM
ERNAKULAM 682305

Nair Boy, 37yrs/6ft,182cm, fair, Pooram, B.Tech,Degree English Literature, CCNA/ CCNPCertified, Senior immigration Coordinator with a reputed US based Company, Infopark, Kochi, Pref: Graduation,Employed or not. Mob: 9895626115,8147000949
Email:t.sankar62812@gmail.com
Date of Birth:04-09-1986(10.31am)
Sishta Dasa:




Contact Address:
MR.SANKAR
29, KALPAKA GARDENS,
PUNKUNNAM
THRISSUR 680002


## THOTTEKKATT DIWAN'S MEMORIAL a/c HALLS

1. TDM HALL GANGA
2. TDM HALL PERIYAR (DINING HALL)
3. TDM HALL KAVERY
4. TDM HALL SOORYA (DINING HALL)
5. TDM HALL YAMUNA
6. TDM HALL NILA (DINING HALL)
7. TDM HALL PAMBA
8. TDM HALL NARMADA
9. TDM HALL SARASWATHY (DINING HALL)
10. TDM HALL GODAVARY (CONFERENCE HALL)
11. TDM HALL KRISHNA (EXHIBITION HALL)
12. TDM HALL SARAYU

For Details Contact: 0484 2361160, 9447171160
Email: ekmkgm@gmail.com,
Web: www.ernakulamkarayogam.com

# വരനെ ആവശ്യമുണ്ട്

Nair Girl, 27yrs/156cm,Chithira 1/2(Kanni),fair complexion, BE, financially sound, hailing from Trivandrum invites matrimonial alliance from the parents of decently employed Nair youths,preferably from southern districts.
Email:knpillai@gmail.com
Date of Birth:23-7-1996(3.55am)
Sishta Dasa:5-1-5




Contact Address:
Mob:9427811503

www.karayogammangalyam.com

എന്ന വെബ്സൈറ്റ് വഴി
എറണാകുളം കരയോഗം മാംഗല്യത്തിൽ രജിസ്റ്റർ ചെയ്യൂ,
ഉത്തമ പങ്കാളിയെ കണ്ടെത്തൂ.

www.karayogammangalyam.com
എന്ന വെബ്സൈറ്റ് വഴി എറണാകുളം കരയോഗം
മാംഗല്യത്തിൽ രജിസ്റ്റർ ചെയ്യൂ, ഉത്തമ പങ്കാളിയെ കണ്ടെത്തൂ.

കൂടുതൽ വിവരങ്ങൾക്ക്:- Ph: 0484 2361160 (Extn.115),


# എറണാകുളം കരയോഗത്തോടൊപ്പം കുട്ടികൾ ഒഴിവുകാലം ആസ്വദിക്കട്ടെ....!

**എറണാകുളം കരയോഗം ടി.ഡി.എം. ഹാളിൽ**

**2024 മെയ് മാസം 8 മുതൽ 12 വരെ**

കുട്ടികളുടെ വേനലവധി വിജ്ഞാനവും, വിനോദവും ഇടകലർന്നാഘോഷിക്കാൻ വരൂ. യോഗ, സൂംബാ ഡാൻസ്, കരകൗശലവിദ്യകൾ, സാഹിത്യ പരിചയം, പ്രസംഗ പരിശീലനം തുടങ്ങിയവയും താൽപര്യമുള്ളവരിൽ നിന്ന് തിരഞ്ഞെടുത്ത കുട്ടികൾക്കായി നാടകക്കളരിയും നടത്തപ്പെടുന്നു. മെയ് മാസം 8 മുതൽ 12 വരെ 5 ദിവസങ്ങളിലായി നടത്തപ്പെടുന്ന ഈ ക്യാമ്പിൽ പങ്കെടുക്കുവാൻ താല്പര്യമുള്ളവർ ബന്ധപ്പെടുക.

1) Mrs. Shobha Gopakumar - 9895183511
2) Mrs. Subha Vijayakumar - 9446357315

| | | |
|---|---|---|
| പ്രായ പരിധി | – | 9 വയസ്സു മുതൽ 15 വയസ്സു വരെ (std 5 to std 10 ) |
| സമയം | – | രാവിലെ 9.30 മണി മുതൽ വൈകുന്നേരം 5 മണി വരെ |
| രജിസ്ട്രേഷൻ ഫീസ് | – | 750 രൂപ |

## എറണാകുളം കരയോഗത്തിന്റെ 37-ാമത് ശ്രീമദ് ഭാഗവത സപ്താഹജ്ഞാന യജ്ഞത്തിൽ നിന്ന്











എറണാകുളം കരയോഗം ചാരിറ്റബിൾ ട്രസ്റ്റിന്റെ കീഴിലുള്ള ശ്രീ രുദ്രവിലാസം യു.പി. സ്കൂളിന്റെ 112-ാമത് വാർഷികാഘോഷം എറണാകുളം കരയോഗം ജനറൽസെക്രട്ടറി പി. രാമചന്ദ്രൻ (വേണു) ഭദ്രദീപം കൊളുത്തി ഉദ്ഘാടനം ചെയ്യുന്നു.

DATE OF PUBLICATION: 10-03-2024

RNI NO. KERMAL/2008/23515
REGISTERED NEWSPAPER

REGISTERED NO. KL/EKM/761/2022-24
LICENSE NO. KL/CR/EKM/WPP-7/2022-24
LICENSED TO POST WITHOUT PREPAYMENT

Volume No. 16 MARCH 2024 Issue No. 3

## എറണാകുളം കരയോഗം ഹെറിറ്റേജ് ഗ്രൂപ്പ്

2024 മാർച്ച് പതിനാറാം തീയതി വൈകീട്ട് 4 മണിക്ക് ആർപ്പോ (ARPO=Archival and Research Organisation) എന്ന സംഘടനയുടെ കോഫൗണ്ടർ ശ്രീ ശ്രുതിൻലാൽ, **പാരമ്പര്യസംരക്ഷണം** എന്ന വിഷയത്തെ കുറിച്ച് സംസാരിക്കുന്നു.

**ഏവർക്കും സ്വാഗതം.**

## എറണാകുളം കരയോഗം സാഹിതിയോഗം



മാർച്ച് 17 ഞായറാഴ്ച രാവിലെ 10 മണിക്ക്

വിഷയം:

**കടമ്മനിട്ട കവിതയുടെ ജനകീയനാദം**

അവതരണം:

**ശ്രീ. പി. ഹരിഹര നന്ദനൻ**

**ഏവർക്കും സ്വാഗതം.**

## എറണാകുളം കരയോഗം സാംസ്കാരിക വിഭാഗം

### അകായിലെ സംഗീതം



17 - 03 - 2024 വൈകിട്ട് 4 മണിക്ക്

ടി.ഡി.എം. ഹാളിൽ

**ഒ.എൻ.വി കുറുപ്പിന്റെ ഗാനങ്ങൾ**

**ഏവർക്കും സ്വാഗതം.**

## ബീം മാർച്ച് മാസ പരിപാടി

ലോക നാടകദിനാഘോഷത്തിന്റെ ഭാഗമായി തൃശ്ശൂർ നാടക സൗഹൃദം അവതരിപ്പിക്കുന്ന

നാടകം



### സൈ്വരിത പ്രയാണം

27 - 03 - 2024 ബുധനാഴ്ച

വൈകുന്നേരം 6.30ന്

ടി.ഡി.എം. ഹാളിൽ

**ഏവർക്കും സ്വാഗതം.**

*If undelivered please return to:*
Karayoga Souhridam
T.D.M Hall Complex, D.H. Road,
Kochi 682016, Kerala

The Views expressed in this journal are those of the authors and need not necessarily reflect the policies and views of Ernakulam Karayogam

Printed by M. Sreevallabhan nair Published by M. Sreevallabhan Nair on behalf of Ernakulam Karayogam, TDM Hall complex, Durbar Hall Road, Kochi-682016, Ph : 0484 -2361160, E mail : ekmkgm@gmail.com, Website : www.ernakulamkarayogam.com and Printed at Sterling Print House (P) Ltd., Door.No.49/1849, AIMS Ponekkara P.O, Kochi-682041, Ph: 0484-2802522, 2800406 for Murali Industries, Babu Cottage, Alappat extn.Road, Behind Ravipuram Temple, Kochi-682016 and Published at Ernakulam Karayogam, TDM Hall Complex, Durbar Hall Road, Kochi-682016. Editor: M. Sreevallabhan Nair- Mob: 9947736071.